2024 MARCH 10

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122




TEAM FOMAA
2024-2026
Vote... Support... Elect...
THOMAS T OOMMEN
PRESIDENT
SAMUEL MATHAI
GENERAL SECRETARY
BINUB SREDHARAN
TREASURER
SUNNY KALLOOPPARA
VICE PRESIDENT
DR. PRINCE NECHIKAT DBA
JOINT SECRETARY
AMBILY SAJIMON
JOINT TREASURER

# പത്മജ പോയി, ഇനി ആരൊക്കെ പോകാനിരിക്കുന്നു?





ജോളി അടിമത്ര

**മറന്നോ ലതികാ സുഭഷിനെ?. തല മൊട്ടയടിച്ച് കണ്ണീരോടെ കോൺഗ്രസ്സ് പാർട്ടിയുടെ പടിയിറങ്ങിപ്പോയ ലതികാ സുഭാഷ്. ജീവിതം മുഴുവൻ കോൺഗ്രസ്സിനുവേണ്ടി കൊടിപിടിച്ച ആ കൈയ്യ്കൊണ്ട് കണ്ണീർത്തുടച്ച് ഇറങ്ങിപ്പോകുമ്പോൾ മുൻനിര നേതാക്കൾ പലരും പുശ്ചിച്ചു. ഏതായാലും ലതിക , പത്മജ ആയില്ല.**

വനിതാദിന സാഹിത്യംകൊണ്ട് ലോകം പൊറുതിമുട്ടിയ ദിവസമാണിന്ന് . ഏതു പത്രമെടുത്തു നോക്കിയാലും വിജയഗാഥകൾ !. മുറുക്കാൻകട നടത്തുന്ന സരോജനിയമ്മ മുതൽ ലോറിയോടിക്കുന്ന സാറാമ്മ വരെ വിജയകഥകൾ പറയുന്നു. അതിനിടയിലാണ് പത്മജയുടെ വരവ്.. നല്ലൊരു ദിവസവും നല്ലൊരു മുഹൂർത്തവും നോക്കിവേണം എല്ലാം ചെയ്യാനെന്ന് അച്ഛനിൽനിന്നും പത്മജ പഠിച്ചുവച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ കുറേ നാളായി നല്ലൊരു അവസരം നോക്കിയിരിക്കയായിരുന്നു.. സാർവ്വദേശീയ വനിതാദിനത്തേക്കാൾ പറ്റിയൊരു ദിവസം അടുത്തെങ്ങും വരാനില്ലെന്ന് അവർക്കറിയാം. അങ്ങനെയാണ് ആറ്റിലേക്ക് അച്ച്യുതൻ എടുത്തു ചാടിയപോലെ താമരക്കുളത്തിലേക്ക് ഒറ്റച്ചാട്ടം വച്ചുകൊടുത്തത്.

നമ്മുടെ ലീഡറുടെ മകളേ. പത്മജാ വേണുഗോപാൽ എന്നു പറഞ്ഞാൽ എത്രപേർക്കറിയാം ?. എന്നാൽ ലീഡറുടെ മകളെന്നു പറഞ്ഞാൽ വേറെ മേമ്പൊടിയൊന്നും വേണ്ട. കാരണം കേരളത്തിന് ഒറ്റ ലീഡറേയുള്ളൂ , അത് കെ.കരുണാകരനാണ്. ആ ലീഡറുടെ മുഖത്ത് കരയോായിൽ കോരി ഒഴിച്ചിട്ടല്ലേ പത്മജ മോദിജിക്കൊപ്പം പോയത്. സാർവ്വദേശീയ മഹിളാദിനത്തിൽ തിരുവനന്തപുരത്ത് വിമാനത്താവളത്തിൽ കൊട്ടുംകുരവയുമായി ബിജെപിയുടെ എതിരേൽപ്പ്. ഇതിൽപ്പരം എന്തോന്ന് അംഗീകാരമാണ് വനിതാദിനത്തിൽ പത്മജയ്ക്ക് കിട്ടാനുള്ളത്. ഇത്രേം നാള് ഒരുനേരത്തെ കഞ്ഞിപോയിട്ട് പഴങ്കഞ്ഞിപോലും പാവത്തിന് കൊടുക്കാഞ്ഞ കോൺഗ്രസ്സുകാർക്ക് ഒരു മുന്നറിയിപ്പായി !. ഇതുവരെ ഒരു ചാനലുകാരും തിരിഞ്ഞുനോക്കാതിരുന്ന പത്മജയുടെ പിന്നാലെ അഭിമുഖം ചോദിച്ചോണ്ട് ചാനലുകൾ വായപൊത്തി നിൽക്കുന്നു. നാളെ ചിലപ്പോൾ ഗവർണറൊക്കെ ആയാലോ ... കഷ്ടം..കേരളത്തിന്റെ അവസ്ഥ ..സ്ത്രീ ശാക്തീകരണമെന്നു വച്ചാൽ ഇതാണ് മാളോരേ..

അമ്മയെ തല്ലിയാലും രണ്ടു പക്ഷമുണ്ട്. അപ്പോ നമ്മൾ രണ്ടുവശവും കേൾക്കാതെ പോകരുത്. കോൺഗ്രസ്സുകാർക്ക് ഇത് ശനിദശയാണെന്ന് എല്ലാവർക്കും അറിയാം. സത്യത്തിൽ നേതാക്കൻമാർ കൂടിപ്പോയതാണ് കോൺഗ്രസ്സ് പാർട്ടിയുടെ ഗതികേടിനു ഒരു കാരണം. വാളെടുത്തവനെല്ലാം വെളിച്ചപ്പാട്. അതിനിടെ അപ്പൻമാർ ആനപ്പുറത്തുകയറിയതിനാൽ തങ്ങളുടെ ചന്തിയിൽ തഴമ്പുണ്ടെന്നും പറഞ്ഞ് കുറേ മക്കൾ പൃഷ്ടം തടവി നിൽപ്പുണ്ട്... എല്ലാരുംകൂടെ നല്ലൊരു പാർട്ടിയ്ക്ക് ശവക്കുഴി വെട്ടി .സത്യത്തിൽ ഈ പത്മജ ആരാണ് ?. അവര് പാർട്ടി വിട്ട് ബിജെപിയിൽ ചേർന്നതുകൊണ്ട് കോൺഗ്രസ്സിന് എന്തെങ്കിലും കോട്ടം സംഭവിക്കുമോ ? ബീജെപിക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമോ ?. രണ്ടിടത്തും ഒരുചുക്കും സംഭവിക്കില്ലെന്നതാണ് സത്യം.

മറന്നോ ലതികാ സുഭഷിനെ?. തല മൊട്ടയടിച്ച് കണ്ണീരോടെ കോൺഗ്രസ്സ് പാർട്ടിയുടെ പടിയിറങ്ങിപ്പോയ ലതികാ സുഭാഷ്. ജീവിതം മുഴുവൻ കോൺഗ്രസ്സിനുവേണ്ടി കൊടിപിടിച്ച ആ കൈയ്യ്കൊണ്ട് കണ്ണീർത്തുടച്ച് ഇറങ്ങിപ്പോകുമ്പോൾ മുൻനിര നേതാക്കൾ പലരും പുശ്ചിച്ചു. ഏതായാലും ലതിക , പത്മജ ആയില്ല. കോൺഗ്രസ്സിനോട് പത്മജ കാണിച്ചപോലുള്ള പകയൊന്നും ലതിക വച്ചുപുലർത്തിയില്ല. ഇത്രയും അപമാനവും പാർട്ടിക്ക് ലതിക നൽകിയുമില്ല. എന്ത് ആദർശം പറഞ്ഞാലും കോൺഗ്രസ്സിൽ സ്ത്രീകൾക്ക് അർഹിക്കുന്ന ഒരു സ്ഥാനവും കൊടുക്കുന്നില്ല എന്നത് ഒരു പരമ സത്യമാണ്. സിന്ദാബാദ് വിളിക്കാനും ജാഥയ്ക്ക് ബാനർ പിടിച്ച് മുന്നിൽനിൽക്കാനും കുറേ പെണ്ണുങ്ങൾ വേണം. 33 ശതമാനം എന്നൊക്കെ വായ കീറി പ്രസംഗിച്ചാലും കാര്യം വരുമ്പോൾ ഒരു ചുക്കുമില്ല. അഥവാ വല്ലതും പൊഴിഞ്ഞുകിട്ടണമെങ്കിൽ അപ്പൻമാരോ ഭർത്താവോ മരിച്ചുകിട്ടണം. എങ്കിൽ സഹതാപതരംഗത്തിൽ വല്ലതും വീണുകിട്ടും. ലീഡറുടെ മകളായിട്ടും നാണംകെട്ട് പലവട്ടം ചോദിച്ചപ്പോഴാണ് തനിക്ക് ചില സ്ഥാനങ്ങൾ തന്നതെന്ന്

ശേഷം – പേജ് 5 ▸▸

The Weekly
WEEKLY NEWSPAPER
Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

Editorial



# പരാജയത്തിലും ഇന്ത്യാക്കാർക്ക് അഭിമാനമായി നിക്കി ഹേലി

റിപ്പബ്ലിക്കൻ പ്രസിഡന്റ് സ്ഥാനാർഥിയാവാനുള്ള മത്സരത്തിൽ ഇന്ത്യൻ അമേരിക്കൻ നിക്കി ഹേലി പരാജയം ഏറ്റു വാങ്ങിയത് അപ്രതീക്ഷിതമൊന്നുമല്ല. നാലു വർഷം പ്രസിഡന്റായിരുന്ന ഡൊണാൾഡ് ട്രംപിനെപ്പോലൊരു കരുത്തനോടു പൊരുതി നേടുക എളുപ്പമല്ലെന്നു തുടക്കത്തിൽ തന്നെ വ്യക്തമായിരുന്നു. എങ്കിലും രണ്ടു തവണ സൗത്ത് കരളിന ഗവർണറും പിന്നീട് യുഎന്നിൽ യുഎസ് അംബാസഡറും ആയിരുന്ന ഹേലി ഉജ്വലമായൊരു പോരാട്ടം കാഴ്ച വച്ചു എന്നു പറയാതെ വയ്യ. ഫ്ലോറിഡ ഗവർണർ റോൺ ഡിസാന്റിസ്, സൗത്ത് കരളിന സെനറ്റർ ടിം സ്കോട്ട് തുടങ്ങിയ പ്രഗത്ഭരെ വീഴ്ത്തിയാണ് ഹേലി ട്രംപിന്റെ ഏക എതിരാളിയായി മാറിയത്. മാത്രമല്ല, റിപ്പബ്ലിക്കൻ പാർട്ടിയിൽ പോലും പുതിയൊരു നേതാവിനെ കാത്തിരിക്കുന്നവർ ഹേലിയെ സ്വീകരിക്കാൻ തെല്ലും മടിച്ചില്ല.

രണ്ടു റിപ്പബ്ലിക്കൻ പ്രൈമറികളിൽ ജയിച്ച ആദ്യ വനിത എന്ന പരിവേഷം ഇപ്പോൾ ഹേലിക്കുണ്ട്. സൗത്ത് കരളിനയുടെ ആദ്യ വനിതാ ഗവർണറാകാനും ഇന്ത്യൻ മാതാപിതാക്കളുടെ മകളായ ഹേലി വേണ്ടി വന്നു എന്നതും ചരിത്രം.

വാഷിംഗ്ടൺ ഡി സി യിലും വെർമണ്ടിലും തകർപ്പൻ വിജയങ്ങൾ എന്നു പറയാനില്ലെങ്കിലും ജയിച്ച സംസ്ഥാനങ്ങളിലും തോറ്റ സംസ്ഥാനങ്ങളിലും അവർക്കു വോട്ട് ചെയ്ത വിഭാഗങ്ങളെ ശ്രദ്ധിക്കേണ്ടതുണ്ട്. ആദ്യ രണ്ടു പ്രൈമറികളിൽ 40% വരെ വോട്ട് സ്വന്തമാക്കി എന്നതും ചെറിയ കാര്യമല്ല.

ജൂലൈയിൽ ന്യൂ യോർക്ക് ടൈംസ് / സിയന്ന കോളജ് പോളിംഗിൽ 25% റിപ്പബ്ലിക്കൻ പ്രൈമറി വോട്ടർമാർ പറഞ്ഞത് അവർ ഡൊണാൾഡ് ട്രംപിനു വോട്ട് ചെയ്യില്ല എന്നാണ്. സമ്പന്നരും ഉന്നത വിദ്യാഭ്യാസം ലഭിച്ചവരും മിതവാദികളുമായ ഈ വോട്ടർമാരാണ് തുടർന്നും ഹേലിയുടെ കൂടെ നിന്നത്. വിടവാങ്ങൽ പ്രഖ്യാപിക്കുമ്പോൾ ഹേലി ട്രംപിനെ വെല്ലുവിളിച്ചത് തനിക്കൊപ്പം നിന്നവരെ കൂടി സ്വന്തമാക്കാൻ കഴിയുമോ എന്നു ശ്രമിച്ചു നോക്കാനാണ്. അദ്ദേഹത്തിനു പിന്തുണ നൽകാൻ അവർ തയാറായില്ല എന്നതിനു വലിയ അർഥമുണ്ട്. ഹേലിയിൽ ഈ വോട്ടർമാർ ഒരു പുതിയ പ്രതീക്ഷ കണ്ടു എന്നതാണ് മനസിലാക്കേണ്ടത്.

ഭാവിയിലേക്കു നോക്കുമ്പോൾ ഈ പിന്തുണയുടെ പ്രസക്തി ഏറെയാണ്. ക്രിമിനൽ കേസുകളിൽ പ്രതിയായ ട്രംപിനെ തിരഞ്ഞെടുപ്പിൽ ജയിപ്പിച്ചെടുക്കാൻ കഴിയുമെന്ന പ്രതീക്ഷ റിപ്പബ്ലിക്കൻ പാർട്ടിക്കുണ്ടെങ്കിൽ അതിന്റെ ഒരു കാരണം പ്രസിഡന്റ് ജോ ബൈഡൻ ഏറെ ദുര്ബലനായി എന്ന കാഴ്ചപ്പാടും അദ്ദേഹത്തിന്റെ പല നയങ്ങളും രാജ്യത്തിനു ദോഷം ചെയ്യുന്നുവെന്ന വിലയിരുത്തലുമാണ്. എന്നാൽ കലാപം നടത്തി, രഹസ്യ രേഖകൾ കടത്തി എന്നിങ്ങനെയുള്ള ആരോപണങ്ങൾ തെളിഞ്ഞാൽ ട്രംപിനു പാർട്ടിക്കു പുറത്തു പിന്തുണ എത്രമാത്രം കിട്ടും എന്നതു കണ്ടറിയേണ്ടതുണ്ട്.

ബൈഡൻ ഹേലിയെ പ്രശംസിച്ചെന്ന വാർത്ത രഹസ്യമല്ലെങ്കിലും അദ്ദഹത്തിന്റെ സഹായികൾ അവരെ ബന്ധപ്പെട്ടെന്ന റിപ്പോർട്ട് ആരും സ്ഥിരീകരിച്ചിട്ടില്ല. രാഷ്ട്രീയമായ അടിയൊഴുക്കുകൾ ഇനിയും ഉണ്ടാവാം എന്ന സാധ്യത നിലനിൽക്കെ തന്നെ, നോ ലേബൽ എന്ന സംഘടന ഹേലിയെ ബന്ധപ്പെട്ടു എന്ന വാർത്തയും വരുന്നു. പ്രബലനായ സ്ഥാനാർഥിയെ നിർത്തി ചരിത്രം മാറ്റിയെഴുതാൻ ആവർത്തിച്ചു ശ്രമിക്കുന്ന അവർക്കു ഹേലിയെ രംഗത്തിറക്കാൻ കഴിഞ്ഞാൽ യുഎസ് രാഷ്ട്രീയ ചരിത്രം പുതിയ കാഴ്ചകൾ കാണും.

രാജ്യത്തിനു യാതൊരു താല്പര്യവും ഇല്ലാത്ത രണ്ടു പേർ തമ്മിലാണ് മത്സരം ആവർത്തിക്കുക എന്നതു വോട്ടർമാരെ നിരാശരാക്കുമ്പോൾ ഹേലി പുത്തൻ പ്രതീക്ഷ ആയിരുന്നു. ബൈഡനെ തിരഞ്ഞെടുപ്പിൽ തോൽപിക്കാൻ ഏറ്റവും സാധ്യതയുള്ള സ്ഥാനാർഥി ഹേലിയാണെന്നു സർവേകളിൽ ഒന്നിലധികം തവണ കണ്ടിട്ടുമുണ്ട്. റിപ്പബ്ലിക്കൻ പാർട്ടി ആ വസ്തുത അവഗണിക്കുന്നെങ്കിൽ അതിനു കാരണം ട്രംപിനെ ഒഴിവാക്കാൻ അവർക്കു കഴിയുന്നില്ല എന്നതാണ്.

ജൂലൈയിൽ നേടിയതു 25% ആണെങ്കിൽ മാർച്ച് ആദ്യം പ്രചാരണം അവസാനിപ്പിക്കുമ്പോൾ ഹേലിക്കു 22% പിന്തുണ ഉണ്ടായിരുന്നു. അപ്പോൾ ഹേലിയിൽ പുതിയ പ്രതീക്ഷ കണ്ടെത്തിയ വിഭാഗങ്ങൾ അവരോടൊപ്പം തന്നെ ഇപ്പോഴും നിൽക്കുന്നു എന്നാണ് സൂചന.

സാങ്കേതികമായി പിന്മാറിയെങ്കിലും ഹേലി ട്രംപിനു പിന്തുണ പ്രഖ്യാപിക്കാൻ തയാറാവാതിരുന്നത് പ്രധാനമായും കൂടെ തുടർന്നും നിൽക്കുമെന്നു ഉറപ്പുള്ള ഈ വിഭാഗത്തെ കണ്ടുകൊണ്ടാണെന്നു വിലയിരുത്തലുണ്ട്. അതൊരു പ്രബല വോട്ട് ബാങ്കാണ്.

ഇന്ത്യൻ അമേരിക്കൻ സമൂഹത്തിനു ഏറെ ആദരവോടെ ഓർമ്മിക്കാൻ കഴിയുന്ന ഒരു നേതാവ് നിക്കി ഹേലിയിൽ ഉണ്ട്. സിഖുകാരായ മാതാപിതാക്കളുടെ കൈപിടിച്ചു നിക്കി ചവുട്ടിക്കയറിയ പടവുകളും പിന്നിട്ടു പോന്ന പാതകളും ആവേശം പകരുന്നതാണ്. രണ്ടു തവണ സൗത്ത് കരളിനയിൽ ഗവർണറായി തിരഞ്ഞെടുക്കപ്പെട്ട അവരെ ട്രംപ് തന്നെയാണ് യുഎന്നിൽ അംബാസഡറായി അയച്ചത്. രാജ്യാന്തര വിഷയങ്ങളിൽ തനിക്കുള്ള അവഗാഹം അവർ തെളിയിച്ചു. ഭരണ മികവിന്റെ പേരിൽ തന്നെയാണ് സൗത്ത് കരളിനയിൽ അവർ അസാമാന്യ ജനപ്രീതി നേടിയതും.

ഇപ്പോൾ പരാജയപ്പെട്ടുവെങ്കിലും 2028 കിടക്കുന്നു. ഹേലി ഇപ്പോഴും ചെറുപ്പം. രാജ്യമാകെ അവരുടെ പേര് സുപരിചിതം.



**ജോർജ് ജോസഫ്**
ചീഫ് എഡിറ്റർ



**സുനിൽ ട്രൈസ്റ്റാർ**
മാനേജിംഗ് എഡിറ്റർ

# പത്മജ പോയി, ഇനി ആരൊക്കെ പോകാനിരിക്കുന്നു?

3-ാം പേജ് തുടർച്ച...

പത്മജ ഇന്നലെ തുറന്നടിച്ചിട്ടുണ്ട്. കരുണാകരൻ മരിച്ചതോടെ പത്മജയ്ക്കും സഹോദരൻ മുരളീധരനും വേണ്ടത്ര പരിഗണന കിട്ടിയിട്ടില്ലെന്ന് നമ്മൾക്കറിയാം. ചവിട്ടും തുപ്പും വേണ്ടത്ര കിട്ടിയിട്ടുമുണ്ട്. അച്ഛന്റെ പ്രതിമ സ്ഥാപിച്ചില്ലെന്നതാണ് പത്മജയെ ക്ഷോഭിപ്പിച്ച ഒരു കാര്യം .മിടുമിടുക്കരായ രണ്ടു മക്കൾക്കുംകൂടെ സ്വന്തം കീശയിലെ കാശു മുടക്കി ഒരു പ്രതിമ സ്ഥാപിക്കാവുന്നതല്ലേയുള്ളൂ. പ്രിയങ്ക ഗാന്ധിയെ കാണാൻ കോൺഗ്രസ്സുകാർ അനുവദിച്ചില്ലെന്നതാണ് മറ്റൊരു കാര്യം. പാർട്ടിക്കു അവർ നൽകിയ പരാതികൾ ചവറ്റുകുട്ടയിലിട്ടു .. തുടങ്ങി പരിഭവങ്ങൾ ഒരു പാടുണ്ട്. ഇതുവരെ അനുഭവിച്ചുപോന്ന പദവികൾ അവർ മറന്നു.

ഒട്ടേറെ അവസരങ്ങൾ കരുണാകരന്റെ മകൾ എന്ന ലേബലിൽ പത്മജ സ്വന്തമാക്കിയിട്ടുണ്ട്. ഒരുവട്ടം ലോകസഭാ സ്ഥാനാർഥിത്വം, രണ്ടുപ്രാവശ്യം നിയമസഭാ സ്ഥാനാർഥിത്വം പത്മജയ്ക്ക് അനുവദിച്ചിരുന്നു. ഒറ്റത്തവണപോലും ജയിക്കാഞ്ഞത് പാർട്ടിയുടെ കുറ്റമാണോ എന്ന് കോൺഗ്രസ്സുകാർ ചോദിക്കുന്നു.? ജയിക്കാൻ ഇന്നാട്ടിലെ ജനങ്ങൾക്കൂടെ മനസ്സുവയ്ക്കേണ്ടേ ..മൂന്നുവട്ടം തോറ്റമ്പിയെങ്കിലും ലീഡറുടെ മകളെ പാർട്ടി ഓടിച്ചുവിട്ടില്ല. കെടിഡിസി ചെയർമാൻ പദവി, കെപിസിസി വൈസ്പ്രസിഡന്റ് , കെപിസിസി ജന. സെക്രട്ടറി, കെപിസിസി എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം, കെപിസിസി രാഷ്ട്രീയകാര്യ സമിതിയംഗം, എഐസിസി അംഗം, ഡിസിസി പ്രസിഡന്റ് തുടങ്ങിയ പദവികൾ പത്മജയ്ക്ക് നൽകി. ഇത്രയും പദവികൾ സ്വന്തമാക്കിയ കോൺഗ്രസ്സിലെ വേറെ എത്ര സ്ത്രീകൾ ഉണ്ട് എന്നത് ചിന്തിക്കുക. അച്ഛന്റെ പേരിലെ തഴമ്പിന്റെ മറവിൽ സ്വന്തമാക്കിയ പദവികളാണിവയെല്ലാം. ഇങ്ങോട്ട് തന്നതല്ല, താൻ കെഞ്ചിവാങ്ങിയ പദവികളാണിവയെന്ന് അവർതന്നെ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. തുടർന്നും അവർ പലതും മോഹിച്ചു. കിട്ടാതായപ്പോൾ , തീർത്തും അവഗണിക്കപ്പെടുന്നു എന്നു തോന്നിയപ്പോൾ കെട്ടുംകിടക്കയുമായി താമരക്കുളത്തിലേക്ക് എടുത്തു ചാടിയെന്നു മാത്രം. വിലപേശാൻ നല്ല വശമുള്ളവളാണ് പത്മജ. അതിനാൽത്തന്നെ ഭാരതീയ ജനതാ പാർട്ടിയിൽ ചേക്കേറിയാലും പദവികൾക്കായി അവർ വിലപേശിക്കൊണ്ടേയിരിക്കും.

കോൺഗ്രസ്സുകാരുടെ ചോദ്യം മറ്റൊന്നാണ്. കഴിവു തെളിയിച്ചിട്ടൊന്നുമല്ല പദ്മജയ്ക്ക് മത്സരിക്കാൻ മൂന്നുതവണ അവസരം നൽകിയത്. ലീഡറുടെ മകൾ എന്ന ഒറ്റ പരിഗണനയിൽ മാത്രമാണത്. പക്ഷേ ജനങ്ങൾക്ക് അവരെ വേണ്ടാ. അതിന് പാർട്ടിയിലെ ചിലർ അവരെ കാലുവാരിയതാണെന്നൊക്കെ പറഞ്ഞു നടക്കുന്നു. അവരെക്കാൾ കഴിവുള്ള എത്രയോ സ്ത്രീകൾ പദവികളൊന്നും കിട്ടാഞ്ഞിട്ടും പരിഭവം ഏതുമില്ലാതെ പാർട്ടിയെ അനുസരിച്ചു മുന്നോട്ടുപോകുന്നു. എന്നിട്ടും മുറുമുറുപ്പാണ്.. അതു ശരിയാണ്. താഴേ തട്ടുമുതൽ കഷ്ടപ്പെട്ടുപ്രവർത്തിച്ചുവളർന്ന നുറുകണക്കിനു സ്ത്രീകളുടെ മുന്നിലൂടെയാണ് കരുണാകരന്റെ മകൾ എന്ന ഒറ്റപേരിൽ പത്മജ വളർന്നത്. അവർ കൊടിപിടിച്ചോ ബാനർപിടിച്ചോ പ്രതിഷേധപരിപാടികളിൽ പൊരിവെയിലത്ത് നടന്നിട്ടില്ല. പാർട്ടിയ്ക്കുവേണ്ടി പൊലിസിന്റെ അടി കൊണ്ടിട്ടില്ല. മുഖ്യമന്ത്രിയായ അപ്പന്റെ മകൾ എന്ന സുഖസൗകര്യങ്ങൾ ആവോളം അനുഭവിച്ചിട്ടുമുണ്ട്. ഇതെന്താ രാജഭരണകാലമാണോ പരമ്പരാഗതമായി അധികാരം കൈമാറാൻ. മുൻ മുഖ്യമന്ത്രി എ.കെ ആന്റണിയുടെ മകനും ബിജെപി



യിലേക്കു ചേക്കേറി. അനിൽ ആന്റണിയും സ്ഥാനമാനങ്ങൾ ഏറെ മോഹിച്ചിരുന്നു. കിട്ടില്ലെന്നുറപ്പായപ്പോഴാണ് മറുകണ്ടം ചാടിയത്.

പത്മജ പോയതുകൊണ്ട് കോൺഗ്രസ്സ് പാർട്ടിക്ക് വല്ലതും സംഭവിക്കുമോ ?.എവിടെ ?.ആ പാർട്ടിതന്നെ ഊർധൻ വലിച്ചുകൊണ്ടിരിക്കെയാണ്. ശ്വാസം എപ്പോൾ വേണമെങ്കിലും നിലയ്ക്കാം. കോൺഗ്രസ്സ് പാർട്ടി ഒരു മുങ്ങുന്ന കപ്പലാണെന്ന് ഉറപ്പുള്ളതിനാലാണ് എംപിയിലും യുപിയിലുമൊക്കെയുള്ള പ്രമുഖകോൺഗ്രസ്സുകാർ പലരും ബിജെപിയിലേക്ക് എടുത്തു ചാടുന്നത്. കോൺഗ്രസ്സ് പാർട്ടിക്ക് പത്മജയുടെ ചാട്ടം ഒരു പ്രശ്നമേയല്ല. ഇനിയും പലരും പോകാൻ കച്ചകെട്ടിനിൽപ്പുണ്ടെന്നും അവർക്കറിയാം..

ഇനി ബിജെപിയ്ക്ക് പത്മജ ഒരു മുതൽക്കൂട്ടാവുമോ ? എവിടെ ? വലിയ സിംഹങ്ങളുടെ മടയിലേക്കാണ് അവർ ചെന്നു വീണിരിക്കുന്നത്. ചെന്ന മുറയ്ക്ക് ആദ്യം ചെറിയ ചില പരിഗണന കിട്ടിയെന്നിരിക്കും. അത്ര തന്നെ. ദേ, പിസി ജോർജ്ജിന്റെ കാര്യം തന്നെ ഉദാഹരണം. ജനപക്ഷത്തിന്റെ ലയനം നടന്നതു മിച്ചം. പത്തനംതിട്ട മോഹം അമ്പേ പൊലിഞ്ഞുപോയി. അവിടെ അനിൽ ആന്റണിയ്ക്കുവേണ്ടി വോട്ടുപിടിച്ചു നടക്കേണ്ട ഗതികേട്. എവിടെയുമില്ലാത്ത അവസ്ഥയിൽ ജോർജ്ജ് മുരണ്ടു നടക്കുകയാണെന്നാണ് കേൾവി. മിടുമിടുക്കനായ ഐഎഎസ് ഓഫീസർ എന്നു പേരെടുത്ത അൽഫോൺസ് കണ്ണന്താനം ,ടോം വടക്കൻ, തുടങ്ങി ബിജെപിയിൽ ചേർന്ന ഒട്ടേറെപ്പേർ ഇപ്പോൾ എവിടാണെന്നു പോലും ജനത്തിനറിയില്ല. മേനകാ ഗാന്ധിയും മകൻ വരുൺ ഗാന്ധിയും എവിടാണോ ആവോ.. പത്മജയ്ക്ക് പാർലമെന്റിലേക്ക് മത്സരിക്കാൻ ഇത്തവണ സീറ്റു കൊടുത്താലും വലിയ മെച്ചം ഉണ്ടാവാൻ പോണില്ല. കോൺഗ്രസ്സിലെ രണ്ടു മുൻ മുഖ്യമന്ത്രിമാരുടെ മക്കൾ ബിജെപിയിൽ ചേർന്ന് മത്സരിച്ചു

പത്മജ പോയതുകൊണ്ട് കോൺഗ്രസ്സ് പാർട്ടിക്ക് വല്ലതും സംഭവിക്കുമോ ?.എവിടെ ?.ആ പാർട്ടിതന്നെ ഊർധൻ വലിച്ചുകൊണ്ടിരിക്കെയാണ്. ശ്വാസം എപ്പോൾ വേണമെങ്കിലും നിലയ്ക്കാം. കോൺഗ്രസ്സ് പാർട്ടി ഒരു മുങ്ങുന്ന കപ്പലാണെന്ന് ഉറപ്പുള്ളതിനാലാണ് എംപിയിലും യുപിയിലുമൊക്കെയുള്ള പ്രമുഖകോൺഗ്രസ്സുകാർ പലരും ബിജെപിയിലേക്ക് എടുത്തു ചാടുന്നത്.

തോറ്റെന്ന ' ഖ്യാതി ' പിടിച്ചുപറ്റാം എന്നു മാത്രം. ഇതുവരെ കേരളത്തിൽ കോൺഗ്രസ്സ് തട്ടകത്തിൽ പത്മജ കളിച്ച കളികൾ ബിജെപിയിൽ നടക്കാൻ പോണില്ല. പക്ഷേ തിരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന സമയത്ത് കോൺഗ്രസ്സ് പാർട്ടിക്കിട്ട് ഒരു തട്ടുകൊടുത്ത് ഗോളടിക്കാൻ കരുണാകരന്റെ മകൾക്ക് കഴിഞ്ഞിരിക്കുന്നു.

ക്ഷമയോടെ ഇത്തിരിക്കാലം കാത്തിരുന്നാൽ നമ്മൾക്ക് കാണാൻ കളികൾ ഏറെയുണ്ട്. ഇനിയും സ്ഥാനമോഹികളായ ഒരുപാടു കോൺഗ്രസ്സുകാർ താമരക്കുളത്തിലേക്കു ചാടിവീഴാനുണ്ട്. കോൺഗ്രസ്സും ബിജെപിയും കൈകോർത്ത് അധികം വൈകാതെ ഒരു ഇലക്ഷൻ നേരിടേണ്ടിവന്നാലും അത്ഭുതപ്പെടരുത്. രാഷ്ട്രീയം എന്നു പറഞ്ഞാൽ അതാണ്. അധികാരത്തിലേക്കുള്ള മാർഗ്ഗങ്ങൾ പലപ്പോഴും നേർവ്വഴിയിലൂടെയല്ല.


FOMAA 2024-2026
UNITY OUR STRENGTH
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE
PALACKALODY
for Treasurer
SHALU MATHEW
PUNNOOSE
for Vice Preasident
PAUL P JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer
A TEAM WITH EXPERIENCE / INTEGRITY / COMMITMENT
DEDICATION / INNOVATION & DIVERSITY



# ഡോ. മധു നമ്പ്യാർ 2024-2026 ലെ ഫോമാ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക്



വാഷിംഗ്ടൺ, ഡി.സി: ഫോമായുടെ മുതിർന്ന നേതാവ് ഡോ. മധു നമ്പ്യാരെ 2024-26 കാലത്തേക്കുള്ള ജനറൽ സെക്രട്ടറിയായി വിവിധ സംഘടനകൾ നാമനിർദേശം ചെയ്തു.

ക്യാപിറ്റൽ റീജിയണിലെ മലയാളി സമൂഹവും അംഗ സംഘടനകളായ കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിംഗ്ടൺ (കെഎജിഡബ്ല്യു), കേരള കൾച്ചറൽ സൊസൈറ്റി ഓഫ് മെട്രോപൊളിറ്റൻ വാഷിംഗ്ടൺ ഡിസി (കെസിഎസ്എംഡബ്ല്യു), ബാൾട്ടിമോറിലെ കൈരളി (കെഒബി) എന്നിവയിലെ അംഗങ്ങളും നേതാക്കളും അദ്ദേഹത്തിന് പിന്തുണ പ്രഖ്യാപിച്ചു.

മാർച്ച് 2, ശനിയാഴ്ച, വിർജീനിയയിലെ മക്ലീനിലുള്ള ഓൾഡ് ഫ യർ ഹൗ സ് സെന്ററിൽ നടന്ന യോഗത്തിൽ ഫോമാ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കാനുള്ള താൽപര്യം ഡോ. നമ്പ്യാർ പങ്കുവെച്ചു. ഫോമയിലെ ദീര്ഘനാളായുള്ള പ്രവർത്തന പരിചയവും നേതാക്കളും അംഗങ്ങളുമായുള്ള ഉറച്ച ബന്ധങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടി. സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ, ഫോമയുടെ കാഴ്ചപ്പാടുകൾ, ഭാവി ലക്ഷ്യങ്ങൾ, സമൂഹത്തിനു പ്രയോജനകരമായ പ്രവർത്തനങ്ങൾ എന്നിവ പൂർത്തീകരിക്കുന്നതിന് മറ്റെല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളുമായും യോജിച്ചു പ്രവർത്തിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

മൂന്ന് തവണ FOMAA നാഷണൽ കമ്മിറ്റി അംഗമായ KCSMWൽ നിന്നുള്ള അനിൽ നായർ, ജനറൽ സെക്രട്ടറി സ്ഥാനത്തിനുള്ള ഡോ. നമ്പ്യാരുടെ യോഗ്യതകൾ വിശദീകരിക്കുകയും അദ്ദേഹത്തെ ശക്തമായി പിന്തുണക്കുകയും ചെയ്തു. കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഡോ. നമ്പ്യാർ ദേശീയതലത്തിൽ മികച്ച പങ്കാളിത്തമുള്ളതും ഏറെ പ്രയോജനകരവുമായ നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വിൽപത്രം, വിസിറ്റർ ഹെൽത്ത് ഇൻഷുറൻസ്, കോളേജ് ഫിനാൻഷ്യൽ പ്ലാനിംഗ്, വാർദ്ധക്യത്തെ എങ്ങനെ നേരിടാം, 2023 യുഎസ് ടാക്സ് നിയമങ്ങൾ, കോളേജ് പ്ലാനിംഗ്, മെഡികെയർ, മെഡികെയ്ഡ്, വിദേശ ഫണ്ട് ഇടപാടുകൾ, എന്നിവ സംബന്ധിച്ച് വിദ്ഗധരുമായി സെമിനാറുകൾ സംഘടിപ്പിച്ചതിനു





പുറമെ ഈസ്റ്റർ, ഈദ്, വിഷു ആഘോഷങ്ങൾ, എന്നിവയും പ്രമുഖരുമായി മുഖാമുഖം പരിപാടികളും നടത്തുകയും ചെയ്തു.

കഠിനാധ്വാനിയായ അദ്ദേഹം ഫോമാ സെക്രട്ടറി സ്ഥാനത്തേക്കുള്ള അനുയോജ്യനായ സ്ഥാനാർത്ഥിയാണ്. ഫോമയിൽ വിപുലമായ അനുഭവവും കാഴ്ചപ്പാടും ഉള്ള അദ്ദേഹം മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുമെന്നും അദ്ദേഹത്തിന്റെ കഴിവിൽ പൂർണ വിശ്വാസമുണ്ടെന്നും അനിൽ നായർ പറഞ്ഞു.

സെക്രട്ടറി സ്ഥാനത്തേക്കു മത്സരരംഗത്ത് ധൈര്യപൂർവം മുന്നോട്ടു വന്നതിനു ഡോ. നമ്പ്യാരെ ഗജടങ്ങണ പ്രസിഡന്റ് സുരേഷ് നായർ അഭിനന്ദിച്ചു. ഈ ദൗത്യത്തിന് ഏറ്റവും അനുയോജ്യരായ വ്യക്തികളിൽ ഒരാൾ. മികവും കഠിനാധ്വാനവും കൈമുതലായുള്ള നമ്പ്യാർ സമൂഹത്തിന് നൽകിയ സംഭാവനകൾക്കു ജനങ്ങൾ സാക്ഷികളാണ്. തിരഞ്ഞെടുക്കപ്പെട്ടാൽ യുവജനങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും കൂടുതൽ അവസരങ്ങൾ നൽകുകയും അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന ഡോ. നമ്പ്യാരുടെ നിലപാടിനെയും സുരേഷ് നായർ അഭിനന്ദിച്ചു

മത്സരിക്കാനുള്ള തീരുമാനത്തിന് ഗഅഏണൽ നിനിന്നുള്ള മുൻ ഫോമാ ആർവിപി ഷാജു ശിവബാലൻ ഡോ. നമ്പ്യാരെ അഭിനന്ദിച്ചു. ഡോ.നമ്പ്യാരുടെ കഠിനാധ്വാനവും സംഭാവനകളും കാണുമ്പോൾ, ഫോമയുടെ ജനറൽ സെക്രട്ടറിയാകാൻ ഏറ്റവും അനുയോജ്യമായ വ്യക്തിയാണ് അദ്ദേഹമെന്ന് ഉറപ്പാണെന്ന് ശിവബാലൻ പറഞ്ഞു. 2015ൽ ആനന്ദൻ നിരവേൽ പ്രസിഡന്റും ഷാജി എഡ്വേർഡ് സെക്രട്ടറിയുമായിരുന്നപ്പോൾ ഫോമയുടെ ആർവിപി ആയിരുന്നു ശിവബാലൻ.

മറ്റൊരു മുൻ ആർവിപി നാരായണൻ കുട്ടി മേനോനും ഭാര്യ സ്മിത മേനോനും ഡോ. നമ്പ്യാരുടെ സംഭാവനകളെ അനുസ്മരിക്കുകയും എല്ലാ വിജയങ്ങളും നേരുകയും ചെയ്തു. ദേശീയ എക്സിക്യൂട്ടീവ് തലത്തിൽ കാപിറ്റൽ റീജിയനു പ്രാതിനിധ്യം വളരെ കുറവാണെന്നും ദേശീയ തലത്തിലേക്ക് കൂടുതൽ ആളു



കൾ വരേണ്ടതുണ്ടെന്നും നാരായണൻ കുട്ടി മേനോൻ പറഞ്ഞു.

കെഎജിഡബ്ല്യു പ്രസിഡന്റ് സുഷമ പ്രവീൺ, വൈസ് പ്രസിഡന്റ് ഡോ. നാരായണൻ വളപ്പിൽ, സെക്രട്ടറി ആശാ ഹരിദാസ്, ട്രഷറർ മെറിൻ മാണി എന്നിവരും ഡോ. നമ്പ്യാർക്ക് പൂർണ്ണ പിന്തുണ നൽകുകയും എല്ലാവിധ ആശംസകളും നേരുകയും ചെയ്തു.

നാമനിർദേശ ചടങ്ങിൽ മുൻ ആർവിപിയും അഡ്വൈസറി കൗൺസിൽ ചെയർ മത്സരാർത്ഥിയുമായ തോമസ് ജോസ് ഉൾപ്പെടെ ബാൾട്ടിമോറിൽ നിന്നുള്ള നേതാക്കളുടെ ശക്തമായ പ്രാതിനിധ്യമുണ്ടായിരുന്നു. നാഷണൽ കമ്മിറ്റി അംഗമായ മാത്യു വർഗീസ് (ബിജു), ഫോമാ കൺവൻഷൻ ക്യാപിറ്റൽ റീജിയൻ കോർഡിനേറ്റർ ലെൻജി ജേക്കബ്, ഫോമാ ക്യാപിറ്റൽ റീജിയൻ ചെയർമാൻ ജോൺസൺ കാടംകുളത്തിൽ, ക്യാപിറ്റൽ റീജിയൺ കമ്മിറ്റി അംഗം ബിജോ വിതയത്തിൽ, അഡ്വൈസറി ബോർഡ് അംഗം ബിജോ തോമസ്, തുടങ്ങി നിരവധി പേർ പങ്കെടുത്തു.



കഴിഞ്ഞ രണ്ട് ദേമുകളിലും ഫോമ എക്സിക്യൂട്ടീവ് സ്ഥാനത്തേക്ക് ഒരു ക്യാപിറ്റൽ റീജിയൻ അംഗവും മുന്നോട്ട് വന്നിട്ടില്ലെന്ന് തോമസ് ജോസ് സൂചിപ്പിച്ചു. ആ വിടവ് നികത്താൻ മുന്നിട്ടിറങ്ങിയ ഡോ.നമ്പ്യാരെ അദ്ദേഹം അഭിനന്ദിച്ചു.

ഡോ. നമ്പ്യാർക്ക് മികച്ച പ്രകടനം കാഴ്ചവെക്കാൻ കഴിയുമെന്നു നാഷണൽ കമ്മിറ്റി അംഗം മാത്യു വർഗീസ് (ബിജു) പറഞ്ഞു . നമ്പ്യാർ ആളുകളെ സ്നേഹിക്കുന്ന വ്യക്തിയാണ്, സത്യസന്ധനായ സുഹൃത്താണ്, വളരെ കാര്യക്ഷമതയുള്ള വ്യക്തിയാണെന്നും ക്യാപിറ്റൽ റീജിയൻ ചെയർമാനും മുൻ ആർ.വി.പിയുമായ ജോൺസൺ കാടംകുളത്തിൽ പറഞ്ഞു.

പെയിന്റിംഗ്, സ്കെച്ചിംഗ് കഴിവുകളുള്ള മികച്ച പെർഫോമിംഗ് ആർട്ടിസ്റ്റാണ് ഡോ. നമ്പ്യാരെന്ന് കൈരളി മുൻ എന്റർടെയിൻമെന്റ് ചെയർ ജേക്കബ് പൗലോസ് പറഞ്ഞു. സ്റ്റേജ് പ്രോപ്പുകൾ തയ്യാറാക്കാൻ അദ്ദേഹം സഹായിക്കുന്നു. കൂടാതെ എല്ലാ പരിപാടികളിലും പങ്കെടുക്കുന്നു. പ്രശസ്തിക്ക് വേണ്ടിയല്ല, ഫോമയുടെയും സമൂഹത്തിന്റെയും ഭാവിക്ക് വേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കാൻ കഴിയുന്ന ഇത്തരമൊരു വ്യക്തിയെ ഫോമായ്ക്ക് ആവശ്യമാണ്.

മികച്ച ടീം വർക്കർ ആണ് ഡോ. നമ്പ്യാർ എന്നും സംഘടനക്ക് വേണ്ടി സുതാര്യവും സമൂഹനന്മക്കുതകുന്നതുമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ അദ്ദേഹത്തിന് കഴിയുമെന്നും ഫോമാ നാഷണൽ കമ്മിറ്റി അംഗവും കെസിഎസ് സെക്രട്ടറിയുമായ രാജീവ് സുകുമാരൻ പറഞ്ഞു


കെസിഎസ് വൈസ് പ്രസിഡണ്ടും, ഫോമാ ക്രഡൻഷ്യൽ കമ്മിറ്റി അംഗവുമായ ഷെല്ലി പ്രഭാകരനും ഡോ. നമ്പ്യാർക്ക് പിന്തുണ അറിയിച്ചു. കൈരളി ഓഫ് ബാൾട്ടിമോർ പ്രസിഡന്റും ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ഓഫ് മെരിലാൻഡിന്റെ മെമ്പറുമായ ഡോ. അൽഫോൻസാ റഹ്മാൻ, വൈസ് പ്രസിഡൻറ് സുബിൻ ജെയിംസ്, സെക്രട്ടറി ബെറ്റിന ഷാജു എന്നിവരും ശക്തിമയ

പിന്തുണ പ്രകടിപ്പിച്ചു.

ഫോമായുടെ പ്രമുഖ നേതാക്കളും മുൻ പ്രസിഡന്റുമാരും അഭ്യർത്ഥിച്ചതനുസരിച്ചാണ് ഡോ. നമ്പ്യാർ മത്സരരംഗത്തിറങ്ങിയത്. ഫോമയോടുള്ള അദ്ദേഹത്തിന്റെ അഗാധമായ ആദരവും, സംഘടനാപ്രവർത്തനത്തോടുള്ള അടങ്ങാത്ത താൽപ്പര്യവും, സേവന പ്രതിബദ്ധതയും മിക്കവരും ചൂണ്ടിക്കാട്ടി.




ഡോ. നമ്പ്യാർ ഇപ്പോൾ ഫോമാ ക്യാപിറ്റൽ റീജിയന്റെ (റീജിയൻ 5) ആർവിപി ആയി സേവനമനുഷ്ഠിക്കുന്നു. ഫോമയുടെ ഏറ്റവും ഊർജ്ജസ്വലരായ നേതാക്കളിൽ ഒരാൾ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തിയ ഫോമാ ക്യാപിറ്റൽ റീജിയൻ കിക്ക്-ഓഫ് ഏറെ ഹൃദ്യമായിരുന്നു. പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്, അഡ്വൈസറി കൗൺസിൽ സെക്രട്ടറി സജി എബ്രഹാം, കൺവൻഷൻ ചെയർ കുഞ്ഞു മാലിയിൽ, നാഷണൽ കമ്മിറ്റി അംഗം ഷാലു പുന്നൂസ്, ഐ ടി ഫോറം ചെയർ തോമസ് ചാണ്ടി, കാപിറ്റൽ റീജിയൻ സ്ഥാപകരിലൊരാളായ രാജ് കുറുപ്പ് എന്നിവർ പങ്കെടുത്തു. സാംസ്കാരിക പരിപാടികളോടും വിഭവസമൃദ്ധമായ അത്താഴത്തോടും കൂടി സമാപിച്ച പരിപാടിയിൽ സംഘടനാ നേതാക്കളും അംഗങ്ങളുമായി നിരവധി പേർ പങ്കെടുത്തു.




നോർത്ത് അമേരിക്കൻ മലയാളി കമ്മ്യൂണിറ്റിയോടുള്ള അനുപമമായ സമർപ്പണത്തിനും സേവനത്തിനുമുള്ള അംഗീകാരമായി കാങ്കുൻ കൺവെൻഷനിൽ കമ്മ്യൂണിറ്റി ലീഡർ അവാർഡ് ഡോ. നമ്പ്യാർ നേടിയിട്ടുണ്ട്. മന്ത്രി റോഷി അഗസ്റ്റിൻ, സിനിമാതാരം സുരാജ് വെഞ്ഞാറമൂട്, മുൻ എംപിയും നടനായ നെപ്പോളിയൻ ദുരൈസ്വാമി, സിനിമാ സംവിധായകൻ മധു, എംഎൽ എ ദലീമ ജോജോ, ഡി.ജി.പി. ടോമിൻ തച്ചങ്കരി എന്നിവരുടെ സാനിധ്യത്തിൽ പിന്നണി ഗായകൻ എം.ജി ശ്രീകുമാർ ആണ് അവാർഡ് സമ്മാനിച്ചത്.

ഡോ. നമ്പ്യാരും കുടുംബവും മിഡ്-അറ്റ്ലാന്റിക്, ന്യൂയോർക്ക് മെട്രോ റീജിയൻ, വെസ്റ്റേൺ റീജിയൻ എന്നിവയുടെ കിക്ക്-ഓഫ് ചടങ്ങുകളിൽ പങ്കെടുക്കുകയും രണ്ട് റീജിയനുകൾ ചേർന്ന് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്ന ആശയം പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

അദ്ദേഹവും ഫോമാ ക്യാപിറ്റൽ റീജിയണിലെ നിരവധി പ്രതിനിധികളും ഫോമാ ജനറൽ ബോഡി യോഗത്തിലും ഇടക്കാല തിരഞ്ഞെടുപ്പിലും പങ്കെടുത്തു. എഛരങഅഅ വെസ്റ്റേൺ റീജിയനുമായി ചേർന്ന് അദ്ദേഹം 2024-ലെ ടാക്സ് അപ്ഡേറ്റ് പരിപാടി സംഘടിപ്പിക്കുന്നു. ഈ മാസം ദേശീയതലത്തിൽ ഓൺലൈൻ ചെസ്സ് മത്സരവും (റേറ്റുചെയ്തതും റേറ്റുചെയ്യാത്തതുമായ വിഭാഗങ്ങൾ) ഏപ്രിലിൽ വിദേശ ഫണ്ട് ഇടപാട് സംബന്ധിച്ച സെമിനാറും അദ്ദേഹം ആസൂത്രണം ചെയ്യുന്നു. കൂടാതെ, കാർഡ് ഗെയിമുകൾ, ജീവിതശൈലി ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള ഹെൽത്ത് ഫോറം മീറ്റിംഗുകൾ, ബിസിനസ് ഫോറം മീറ്റിംഗുകൾ എന്നിവയും സംഘടിപ്പിക്കുന്നു.

എഛരങഅഅ ഇവന്റുകളെപ്പറ്റി ആശയവിനിമയം നടത്തുന്നതിനും ധനസമാഹരണത്തിനുമായി അദ്ദേഹം വാർത്താക്കുറിപ്പ് ‘FOMAA Capital Region Vishesham” ആരംഭിച്ചു. അത് മികച്ച രീതിയിൽ നടക്കുന്നു.

2020-2022 കാലഘട്ടത്തിൽ, പ്രസിഡന്റ് അനിയൻ ജോർജ്, സെക്രട്ടറി ഉണ്ണികൃഷ്ണൻ, ട്രഷറർ തോമസ് ടി ഉമ്മൻ എന്നിവരുടെ നേതൃത്വത്തിൽ ഫോമയുടെ നാഷണൽ കമ്മിറ്റി അംഗമായി ഡോ. നമ്പ്യാർ പ്രവർത്തിച്ചു. മിക്ക ഫോമ കമ്മിറ്റി യോഗങ്ങളിലും, സാന്ത്വന സംഗീതത്തിലും, പ്രത്യേക പരിപാടികളിലും അദ്ദേഹം പങ്കെടുക്കുകയും സാങ്കേതിക പിന്തുണ നൽകുകയും ചെയ്തു. ജോയിന്റ് ട്രഷറർ ജോസ് മണക്കാട്ടിന്റെ നേതൃത്വത്തിൽ നടത്തിയ മുഖാമുഖം പ്രോഗ്രാമിന് സാങ്കേതിക പിന്തുന ഒരുക്കി.



ഹെൽത്ത് ആൻഡ് ഫിറ്റ്നസ് വർക്ക്ഷോപ്പുകൾ, കോസ്മെറ്റിക്സ്, മേക്കപ്പ് വർക്ക്ഷോപ്പുകൾ, മയൂഖം ബ്യൂട്ടി മത്സരങ്ങൾ തുടങ്ങി ഫോമാ വിമൻസ് ഫോറത്തിന്റെ എല്ലാ പ്രോഗ്രാമുകളിലും ഡോ. നമ്പ്യാർ പങ്കെടുക്കുകയും സാങ്കേതിക പിന്തുണ നൽകുകയും ചെയ്തു. ഫോമയ്ക്ക് പ്രശസ്തി നേടിക്കൊടുത്ത വിമൻസ് ഫോറം സംഘടിപ്പിച്ച ഫോമാ അവാർഡുകളുടെ വിധികർത്താവായും ഡോ. നമ്പ്യാർ സേവനമനുഷ്ഠിച്ചു.

ഫോമാ 2020-22 മെമ്പർ റിലേഷൻസ് കോർഡിനേറ്ററും കൺവൻഷനിൽ മലയാളി മന്നൻ മത്സരത്തിന്റെ ദേശീയ സംഘാടക സമിതി അംഗങ്ങളിൽ ഒരാളുമായിരുന്നു അദ്ദേഹം. ഡോ. നമ്പ്യാരും ഭാര്യയും KAGW അംഗങ്ങളും ഗ്ലോബൽ കൺവെൻഷനിൽ എഛരങ്ങഅഅ യൂത്ത് ഫെസ്റ്റിവലിന്റെ ടാലന്റ് മത്സരങ്ങൾ സംഘടിപ്പിക്കുന്നതിൽ സഹായിച്ചു.



2015-ൽ, ഫോമയുടെ ആദ്യ സമ്മർ ടു കേരള പ്രോഗ്രാമിന്റെ പാരന്റ് അംബാസഡറായിരുന്നു. യുവാക്കൾക്ക് ജന്മനാട് സന്ദർശിക്കാനും നമ്മുടെ സംസ്കാരത്തെയും പാരമ്പര്യങ്ങളെയും കുറിച്ച് പഠിക്കാനും ഇത് സഹായിച്ചു .

2022-ൽ, കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിംഗ്ടണിന്റെ 47-ാമത് പ്രസിഡന്റായി. പകർച്ചവ്യാധികൾക്കിടയിലും എല്ലാ പ്രതികൂല സാഹചര്യങ്ങളെയും അഭിമുഖീകരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയി . പകർച്ചവ്യാധിക്ക് മുമ്പുള്ള കാലഘട്ടത്തിലേക്ക് അസോസിയേഷനെ തിരികെ കൊണ്ടുവരാൻ അദ്ദേഹം നൂറോളം പരിപാടികൾ സംഘടിപ്പിച്ചു. നിരവധി പുതിയ സംരംഭങ്ങൾ കമ്മ്യൂണിറ്റിയെ ശക്തിപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുള്ളതായിരുന്നു.

ചലച്ചിത്രതാരം മാധവനും റോക്കട്രിയുടെ അണിയറപ്രവർത്തകർക്കും സൊലേസിലെ ഷീബ അമീർ, സൂര്യ കൃഷ്ണമൂർത്തി, ഡിഫറൻറ് ആർട്ട് സെന്ററിലെ ഗോപിനാഥ് മുതുകാട്, അവയവദാനത്തിന്റെ വക്താവ് ഫാദർ ഡേവിസ് ചിറമേൽ, ലോകത്തിലെ ഏറ്റവും ഉയർന്ന പേറ്റന്റ് ഉടമയായ അജിത് കുമാർ എന്നിവർക്കും അദ്ദേഹം ആതിഥേയത്വം വഹിച്ചു. കെഎജിഡബ്ല്യു ആദ്യത്തെ ചാരിറ്റി ന്യൂസ് ലെറ്റർ ആരംഭിച്ചു. 2015ൽ നായർ സൊസൈറ്റി ഓഫ് ഗ്രേറ്റർ വാഷിംഗ്ടണിന്റെ (ചടഏണ) പ്രസിഡന്റായും പ്രവർത്തിച്ചു.

തന്നെ പിന്തുണച്ച എല്ലാവർക്കും ഡോ.നമ്പ്യാർ നന്ദി പറഞ്ഞു. 2024 ഓഗസ്റ്റ് 8-11 തീയതികളിൽ ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ പൂണ്ട കാനയിലെ ബാഴ്സലോ ബവാരോ 5-നക്ഷത്ര റിസോർട്ടിൽ നടന്ന FOMAA കൺവെൻഷന്റെ വിശദാംശങ്ങളും അദ്ദേഹം നൽകി.



# 14 വർഷങ്ങൾക്ക് ശേഷം 34 – മത് ജിമ്മി ജോർജ് മെമ്മോറിയൽ വോളീബോൾ മാമാങ്കം

## മെയ് 25, 26 – ന് ന്യൂയോർക്കിൽ അരങ്ങേറുന്നു

**മാത്യുക്കുട്ടി ഈശോ**




ന്യൂയോർക്ക്: 1970-1980 കാലഘട്ടത്തിൽ വോളീബോൾ ലോകത്തെ ഇതിഹാസമായിരുന്ന അകാലത്തിൽ പൊലിഞ്ഞു പോയ ജിമ്മി ജോർജിൻറെ ഓർമ്മകൾ നിലനിർത്തികൊണ്ട് 33 വർഷങ്ങൾക്ക് മുമ്പ് അമേരിക്കയിൽ രൂപം കൊണ്ട ''ജിമ്മി ജോർജ് മെമ്മോറിയൽ നാഷണൽ വോളി ബോൾ ടൂർണമെൻറ്'' പതിന്നാല് വർഷങ്ങൾക്ക് ശേഷം ന്യൂയോർക്കിൻറെ മണ്ണിൽ എത്തിച്ചേർന്നതിന്റെ ആവേശത്തിലാണ് ലോങ് ഐലൻഡിലെ കേരളാ സ്പൈക്കേഴ്സ് വോളി ബോൾ ക്ലബ്ബ് അംഗങ്ങൾ. 34-മത് ജിമ്മി ജോർജ് മെമ്മോറിയൽ ടൂർണമെന്റിന് ആതിഥേയത്വം നൽകാൻ അവസരം ലഭിച്ച കേരളാ സ്പൈക്കേഴ്സ് വോളി ബോൾ ക്ലബ്ബ് ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് ഭാരവാഹികളും കളിക്കാരും മെയ് 25, 26 (ശനി, ഞായർ) തീയതികളിൽ വോളി ബോൾ മാമാങ്കം സംഘടിപ്പിക്കുവാൻ തയ്യാറെടുത്തുകൊണ്ടിരിക്കുന്നു. മെമ്മോറിയൽ ഡേ ആഴ്ച കൂടിയായ മെയ് 25-നും 26-നും ഫ്ലഷിങ്ങിലുള്ള ക്വീൻസ് കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ (Queens College, 65-30 Kissena Blvd, Flushing, NY) പ്രസ്തുത ടൂർണമെൻറ് വലിയ ആഘോഷമാക്കുവാനുള്ള ക്രമീകരണങ്ങളാണ് ചെയ്യുന്നത്.

1955 മാർച്ച് 8-ന് കണ്ണൂർ ജില്ലയിലെ പേരാവൂരിന് അടുത്തുള്ള തുണ്ടിയിൽ എന്ന ഗ്രാമത്തിൽ കുടക്കച്ചിറ കുടുംബത്തിൽ ജോർജ് ജോസഫ് - മേരി ജോർജ് ദമ്പതികളുടെ രണ്ടാമത്തെ മകനായി ജനിച്ച ജിമ്മി ജോർജ് വോളി ബോൾ ലോകത്തെ മുടിചൂടാ മന്നനായി തിളങ്ങി നിന്നപ്പോൾ തൻറെ 32-മത്തെ വയസ്സിൽ 1987 നവംബർ 30-ന് ഇറ്റലിയിൽ വച്ച് കാറപകടത്തിൽ മരണപ്പെട്ടു. എഴുപതുകളുടെ തുടക്കത്തിൽ കാലിക്കറ്റ് സർവ്വകലാശാലയിലെ വോളി ബോൾ ടീമിൽ കളിക്കാരനായിരിക്കുമ്പോൾ ജിമ്മിയുടെ വോളി ബോൾ കളിയിലെ പ്രാഗൽഭ്യം മനിസ്സിലാക്കിയ പാലാ സെൻറ് തോമസ് കോളേജ് 1973-ൽ ജിമ്മിയെ അവിടെ പഠിക്കുന്നതിനുള്ള സൗകര്യം ഒരുക്കിക്കൊടുത്ത് അവരുടെ വോളി ബോൾ ടീം ക്യാപ്റ്റൻ ആക്കി തങ്ങളുടെ ടീമിന്റെ യശ്ശസ്സുയർത്തി.

1973 മുതൽ 1976 വരെയുള്ള കാലഘട്ടത്തിൽ സെൻറ് തോമസ് കോളേജിന്റെ വോളി ബോൾ ടീം അംഗം എന്ന നിലയിൽ കേരളാ യൂണിവേഴ്സിറ്റിയുടെ ടീം ക്യാപ്റ്റൻ ആയും ജിമ്മി വോളി ബോൾ കളിയിൽ പ്രശസ്തിയുടെ കൊടുമുടിയിലേക്കെത്തി. കേരളാ യൂണിവേഴ്സിറ്റി വോളി ബോൾ ടീമിനെ നയിച്ച ജിമ്മി പ്രസ്തുത മൂന്നു വർഷക്കാലവും ഇന്റർ യൂണിവേഴ്സിറ്റി മത്സരങ്ങളിലെ ചാമ്പ്യന്മാരായി കേരളാ യൂണിവേഴ്സിറ്റിയെ മാറ്റിയെടുത്തു. വോളി ബോൾ കളിയിലെ പ്രാഗൽഭ്യം കണക്കിലെടുത്ത് 21-മത്തെ വയസ്സിൽ ജിമ്മിയെ അർജ്ജുനാ അവാർഡ് നൽകി രാജ്യം ആദരിച്ചു. അർജ്ജുനാ അവാർഡ് ലഭിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരൻ ആയിരുന്നു ജിമ്മി ജോർജ്. വോളി ബോൾ കളിയിലെ ജിമ്മിയുടെ അതിപ്രാഗല്ഭ്യ വൈദഗ്ദ്ധ്യം കണ്ടറിഞ്ഞ രാജ്യവും സംസ്ഥാനവും വിവിധ സംഘടനകളും ജിമ്മിക്ക് നിരവധി അവാർഡുകൾ നൽകി ആദരിച്ചു. 1982-1984 കാലഘട്ടത്തിലും 1985-1987 കാലഘട്ടത്തിലും ഇറ്റലിയുടെ ഔദ്യോഗിക കളിക്കാരനായി വോളി ബോൾ കളിയിലെ ലോകത്തിലെ തന്നെ ഏറ്റവും ''ശക്തനായ അറ്റാക്കർ'' എന്ന പ്രശസ്തി ജിമ്മി ജോർജിൽ എത്തിച്ചേർന്നു. അങ്ങനെ പ്രശസ്തിയുടെ കൊടുമുടിയിൽ എത്തിയിരിക്കുമ്പോഴാണ് 32-മത്തെ വയസ്സിൽ ഒരു കാർ അപകടത്തിൽ 1987 നവംബർ 30-ന് ഇറ്റലിയിൽ വച്ച് കൊല്ലപ്പെട്ടത്.

ജിമ്മി ജോർജിൻറെ അകാലത്തിലുള്ള വേർപാടിൻറെ വിടവ് നികത്തുവാനായി അദ്ദേഹത്തിൻറെ ഓർമ്മ നിലനിർത്തിക്കൊണ്ട് അമേരിക്കയിലെ വോളി ബോൾ പ്രേമികൾ 1990-ൽ രൂപം കൊടുത്ത നാഷണൽ മത്സരമാണ് 'ജിമ്മി ജോർജ് മെമ്മോറിയൽ നാഷണൽ വോളി ബോൾ ടൂർണമെന്റ്'. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള 14 ടീമുകൾ അടങ്ങുന്ന നാഷണൽ വോളി ബോൾ ലീഗാണ് ഇതിന്റെ സംഘാടകർ. ഓരോ വർഷവും ഓരോ സംസ്ഥാനങ്ങളിലായി സംഘടിപ്പിക്കുന്ന നാഷണൽ ടൂർണമെന്റ് 14 വർഷങ്ങൾക്ക് ശേഷമാണ് ഈ വർഷം ന്യൂയോർക്കിലെത്തുന്നത്.

ലോങ് ഐലൻഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരളാ സ്പൈക്കേഴ്സ് വോളി ബോൾ ക്ലബ്ബ് ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് എന്ന ക്ലബ്ബാണ് ഈ വർഷത്തെ ടൂർണമെന്റിന്റെ ആതിഥേയർ. ശക്തരായ കളിക്കാരെ അണിനിരത്തിക്കൊണ്ട് 1987-ൽ രൂപീകൃതമായ കേരളാ സ്പൈക്കേഴ്സ് ക്ലബ്ബ് പല വർഷങ്ങളിലും ജിമ്മി ജോർജ് മെമ്മോറിയൽ വോളി ബോൾ ടൂർണമെന്റ്

# FOKANA's 21st National Convention 2024

## July 18 to 20

**Venue: Montgomery County Conference Center,
5701 Marinelli Rd, North Bethesda, MD 20852**

We invite you to be a part of this historic event by taking advantage of our early bird registration fees:

- **Family (2 adults and kids): $999**
- **2 Adults: $699**
- **Individual: $599**

Please note that the early bird registration deadline is January 31, 2024. After Jan 31st, registration fees:

- **Family (2 adults and kids): $1499**
- **2 Adults: $1099**
- **Individual: $899**

**ONE FOKANA Forever**



DR. BABU STEPHEN
**President**



DR. KALA SHAHI, MD.PHD
**General Secretary**



MR. BIJU JOHN
**Treasurer**



JOHNSON THANKACHAN
**Convention Chair**

**Kala Shahi**
Secretary
**2023598427**

**Biju John**
Treasurer
**(516) 445-1873**

**Johnson Thankachan**
Convention Chair
**8049311265**

ചാമ്പ്യന്മാർ ആയിട്ടുണ്ട്. സ്പൈക്കേഴ്സ് ക്ളബ്ബിലെ മുൻകാല കളിക്കാരും നിലവിലുള്ള കളിക്കാരും ഒത്തു ചേർന്ന് സംഘാടക കമ്മറ്റി രൂപീകരിച്ചു ഈ വർഷത്തെ വോളിബോൾ ടൂർണമെന്റ് എക്കാലത്തെയും മികച്ചതാക്കുവാനുള്ള പരിശ്രമത്തിലാണ് സംഘാടകർ.

ക്ലബ്ബിലെ ആദ്യകാല കളിക്കാരനായ ഷാജു സാം ആണ് സംഘാടക സമിതി പ്രസിഡൻറ്. സെക്രട്ടറി അലക്സ് ഉമ്മൻ, ട്രഷറർ ബേബിക്കുട്ടി തോമസ്, ജനറൽ കൺവീനറും ടീം മാനേജരുമായ ബിഞ്ചു ജോൺ തുടങ്ങിയവരുടെ നേതൃത്വത്തിൽ മറ്റു കമ്മറ്റി അംഗങ്ങളും മത്സരം അവിസ്മരണീയമാക്കുവാൻ അക്ഷീണ പരിശ്രമം ആരംഭിച്ചു കഴിഞ്ഞു. മറ്റ് കമ്മറ്റി അംഗങ്ങൾ - ടീം കോച്ച് -റോൺ ജേക്കബ്, അസിസ്റ്റന്റ് കോച്ച് -അലക്സാണ്ടർ തോമസ്, ട്രാൻസ്പോർട്ടേഷൻ -ജെയിംസ് അഗസ്റ്റിൻ. ബാങ്ക്വറ്റ് -ലിബിൻ ജോൺ, ഫണ്ട് റൈസിംഗ് -സിറിൽ മഞ്ചേരിൽ, സുവനീർ -ജോർജ് ഉമ്മൻ, സോഷ്യൽ മീഡിയ -ആൻഡ്രൂ മഞ്ചേരിൽ, റിഫ്രഷ്മെൻറ്സ് -അലക്സ് സിബി, മീഡിയ കം പി.ർ.ഓ. -മാത്യുക്കുട്ടി ഈശോ എന്നിവരടങ്ങുന്ന കമ്മറ്റി ടൂർണമെന്റ് നടത്തിപ്പിൽ ചുക്കാൻ പിടിക്കുന്നു.

ടൂർണമെന്റിൽ പതിന്നാലിലധികം ടീമുകൾ പങ്കെടുക്കുമെന്നാണ് നിലവിലെ സൂചന. ഇത്തരം ബ്രഹത്തായ ഒരു ടൂർണമെന്റ് സംഘടിപ്പിക്കുന്നതിന് ഭാരിച്ച ചിലവാണ് പ്രതീക്ഷിക്കുന്നത്. നല്ലവരായ മലയാളികളുടെയും, വോളി ബോൾ -സ്പോർട്സ് പ്രേമികളുടെയും നിസ്വാർഥമായ സഹകരണം ലഭിച്ചാൽ ഇത് ഭംഗിയായി നടത്തുവാൻ സാധിക്കും എന്നാണ് സംഘാടക സമിതി പ്രസിഡൻറ് ഷാജു സാം പറയുന്നത്. അതിനു എല്ലാവരുടെയും സഹായ സഹകരണങ്ങൾ സംഘാടകർ അഭ്യർത്ഥിക്കുന്നു. ടൂർണമെൻറ് പരിപാടികൾ സ്പോൺസർ ചെയ്തും ഇതിനോടനുബന്ധിച്ച് പ്രസിധീകരിക്കുന്ന സുവനീറിൽ പരസ്യങ്ങൾ നൽകിയും എല്ലാവരും ഇതിന്റെ വിജയത്തിനായി സഹകരിക്കണം എന്ന് സംഘാടകർ എല്ലാ നല്ലവരായ പ്രവാസി മലയാളികളോടും അഭ്യർത്ഥിക്കുന്നു.




കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: (1) ഷാജു സാം - 646-427-4470 (2) അലക്സ് ഉമ്മൻ - 516-784-7700 (3) ബേബികുട്ടി തോമസ് - 516-974-1735 (4) ബിഞ്ചു ജോൺ - 646-584-6859 (5) സിറിൽ മഞ്ചേരിൽ - 917-637-3116.

ATTORNEY AT LAW
VINOD KEARKE (KIDANGIL)



- Accident Cases
- Criminal Matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills & Estates

PERSONAL ATTENTION AT REASONABLE FEE


1611 Hilside Ave, New Hyde Park, New York 11040
Phone: 516-326-3350; 516-621-5381
Fax: 516-326-3353; Cell: 516-633-5208


പുതിയ കാഴ്ചപ്പാട്,
തെളിയിക്കപ്പെട്ട
മികച്ച നേതൃപാടവം
ഫോമയെ പുതിയ
തലത്തിലേക്കുയർത്തുവാൻ
വ്യക്തമായ കർമ്മപരിപാടികൾ
തോമസ് ടി ഉമ്മൻ
ഫോമാ പ്രസിഡന്റ്
സ്ഥാനത്തേക്ക് (2024 – 26)
സാദരം നിങ്ങളുടെ
പിന്തുണ അഭ്യർത്ഥിക്കുന്നു

# ഫോമാ പ്രവർത്തകരിലും അംഗസംഘടനകളിലും ആവേശമുണർത്തി തോമസ് ടി. ഉമ്മൻ ടീം വിജയത്തിലേക്ക്

## വർഷങ്ങളായുള്ള പ്രവർത്തനങ്ങളിലൂടെ കൈവരിച്ച വമ്പിച്ച ജനപിന്തുണ


**എന്നും ഫോമയ്ക്കൊപ്പം നിന്ന് ജനങ്ങൾക്ക് വേണ്ടി പ്രവർത്തിച്ചത് ജനഹൃദയങ്ങളിൽ നിന്ന് എടുത്തു കളയാനാവില്ല. ഇതേവരെയുള്ള നല്ല പ്രവർത്തനങ്ങൾ തുടരുമെന്ന ഉറപ്പുമായാണ് പ്രസിഡന്റ് സ്ഥാനാർഥി തോമസ് ടി ഉമ്മന്റെ നേതൃത്വത്തിലുള്ള ഫോമാ ടീം ഇലക്ഷൻ നേരിടുന്നത്.**




### തോമസ് ടി. ഉമ്മൻ

ജനങ്ങൾക്കു വേണ്ടി പ്രവർത്തിക്കുകയും ജനങ്ങളോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തിയാണ് നല്ല നേതാവ്. താന്പോരിമയോ സ്വാര്ഥതാല്പര്യങ്ങളോ ഉള്ളവർക്ക് നല്ല നേതാവാകാനാകില്ല. അത് പോലെ ടീം പ്ലെയറും ആയിരിക്കണം. എങ്കിലും ആദർശങ്ങളിൽ വിട്ടുവീഴ്ച ചെയ്യുന്നയാളാവരുത്. ഈ ഗുണങ്ങളെല്ലാം തോമസ് ടി. ഉമ്മനിൽ അമേരിക്കൻ മലയാളി സമൂഹം വര്ഷങ്ങളായി കാണുന്നതാണ്. അതിനാൽ തന്നെ അദ്ദേഹത്തിന്റെ പിന്നിൽ സംഘടനാ പ്രവർത്തകർ അണിനിരന്നിരിക്കുന്നു.

ഫോമായുടെ ഏറ്റവും മികച്ച കണ്വന്ഷൻ കാൻകൂണില് നടന്നപ്പോൾ ട്രഷററായിരുന്നു അദ്ദേഹം . അത് വിജയകരമാക്കിയതിൽ പ്രധാന പങ്കു വഹിച്ചു. അവിഭക്ത ഫൊക്കാനയിലും തുടർന്ന് ഫോമായിലും വിവിധ തലങ്ങളിൽ പ്രവർത്തിച്ച തോമസ്



ടി. ഉമ്മൻ ഫോമായുടെ തുടക്കത്തിൽ തന്നെ അഡ്ഹോക് , കോൺസ്റ്റിട്യൂഷൻ ആൻഡ് ബെലോ കമ്മിറ്റിയിൽ വൈസ് ചെയർമാനെന്ന നിലയിൽ ഫോമായുടെ പ്രഥമ കോൺസ്റ്റിട്യൂഷൻ ആൻഡ് ബെലോ തയ്യാറാക്കുന്നതിന് നേതൃത്വം നൽകുകയുണ്ടായി..

ഫോമാ പൊളിറ്റിക്കൽ അഫയേഴ്സ് ചെയർ എന്ന നിലയിൽ നിസ്തുല സേവനങ്ങളാണ് അദ്ദേഹം സമൂഹത്തിനു ചെയ്തത്. കോൺസുലേറ്റുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തോമസ് ടി ഉമ്മനെ ആയിരുന്നു ജനങ്ങൾ എന്നും വിളിച്ച് കൊണ്ടിരുന്നത്. അതിപ്പോഴും തുടരുന്നു.

ഏതുപ്രശ്നവും അദ്ദേഹത്തിന്റെ അടുക്കൽ എത്തുമ്പോൾ അതിനൊരു പരിഹാരമുണ്ടാകും. മാറ്റത്തിലേക്കൊരു നാൾവഴിയായിരിക്കും അദ്ദേഹം എന്ന ഉറപ്പോടെയാണ് പ്രചാരണങ്ങൾ മുന്നോട്ടു പോകുന്നത്. ഒരു നല്ല സംഘാടകന് ഏറ്റവും ആദ്യം വേണ്ട കാര്യവും അതു തന്നെ.

ഫ്ളോറിഡയിലും ന്യു യോർക്കിലും ഒരു പോലെ വേരുകളുള്ള തോമസ് ടി ഉമ്മൻ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരളാ ചാപ്റ്റർ ചെയർമാൻ, ഫോമായുടെ പ്രഥമ കോൺസ്റ്റിട്യൂഷൻ കമ്മിറ്റി വൈസ് ചെയര്മാന്, ഫോമാ നാഷനൽ പൊളിറ്റിക്കൽ ഫോറം ചെയർമാൻ, ഫോമാ നാഷനൽ കമ്മിറ്റിയംഗം, ഫോമാ നാഷനൽ അഡ്വൈസറി കൗൺസിൽ ചെയർമാൻ, ഫോമാ നാഷണൽ ട്രഷറർ, ഹെറിറ്റേജ് ഇന്ത്യ ചെയർമാൻ, ഇന്ത്യൻ ക്രിസ്ത്യൻ ഫോറം പ്രസിഡന്റ്, സിഎസ്ഐ സഭയുടെ നോർത്ത് അമേരിക്കൻ കൗൺസിൽ സെക്രട്ടറി, എപ്പിസ്ക്കോപ്പൽ സഭയുടെ ഏഷ്യാ അമേരിക്ക മിനിസ്ട്രി സെക്രട്ടറി തുടങ്ങി വിവിധ ദേശീയ പദവികളിൽ തിളക്കമാർന്ന പ്രവർത്തനങ്ങൾ കാഴ്ച വച്ചു.




# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.





**Philipose Samuel**
Licensed Sales Agent
**516-312-2902,** TTY **711**
psamuel@financialguide.com
UHCMedicareSolutions.com



United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C

SPRJ55189

നാലുപതിറ്റാണ്ടോളം ന്യൂയോർക്ക് സ്റ്റേറ്റിൽ ബിസിനസ് ഓഫീസറായിരുന്നു. ബഡ്ജറ്റ്, ഫൈനാൻസ്, പേയ്റോൾ, സ്റ്റേറ്റ് കോൺട്രാക്ടസ്, ഓഡിറ്റിങ് മേഖലകളിൽ നൈപുണ്യമുള്ളയാളാണ്. തൊണ്ണൂറുകളിൽ ലോങ്ങ് ഐലൻഡിൽ ആരംഭിച്ച ലോങ്ങ് ഐലൻഡ് മലയാളി കൾച്ചറൽ അസോസിയേഷൻ (ലിംകാ) സ്ഥാപക പ്രസിഡന്റായിരുന്നു. ഭാഷാ സ്നേഹിയായ അദ്ദേഹം ലോങ്ങ് ഐലൻഡിലെ പബ്ലിക് ലൈബ്രറിയിൽ ലിംകായുടെ ആഭിമുഖ്യത്തിൽ മലയാളം ക്ലാസുകളും തുടങ്ങി.

ഫോമാ ചെയ്തുവരുന്ന മികച്ച പ്രവർത്തനങ്ങൾ തുടരുകയാണ് തന്റെ ലക്ഷ്യമെന്ന് അദ്ദേഹം വിശദീകരിക്കുന്നു. അതിനു പുറമെ ഫോമാ ഗ്ലോബൽ ഇനിഷേയ്റ്റീവ് തുടങ്ങി ഒട്ടേറെ പുതിയ പദ്ധതികൾ ആവിഷ്കരിക്കും.

പ്രവർത്തനങ്ങളുടെ സമാപനമെന്ന നിലയിലാണ് കൺവൻഷനെ കാണുന്നത്. കൺവൻഷൻ വാഷിംഗ്ടൺ ഡിസിയിലോ ഫ്ളോറിഡയിലോ, ന്യൂ യോർക്കിലോ, നടത്തണമെന്നാണ് ആഗ്രഹിക്കുന്നത്. അത് നാഷണൽ കമ്മിറ്റി തീരുമാനമെടുക്കേണ്ട വിഷയമാണ്. എല്ലാവരെയും ഒന്നിപ്പിച്ചുകൊണ്ടു , കൂട്ടായ പ്രവർത്തനത്തിലൂടെ ഫോമായുടെ കർമ്മപരിപാടികൾ കൂടുതൽ ശക്തവും വിജയകരവുമാക്കുവാൻ സാധിക്കുമെന്നു അദ്ദേഹത്തിനുറപ്പുണ്ട്.

## സാമുവൽ മത്തായി

### ജനറൽ സെക്രട്ടറി സ്ഥാനാർഥി

നിശബ്ദമായ പ്രവർത്തനങ്ങളിലൂടെ ജനഹൃദയം കവർന്ന നേതാവാണ് ജനറൽ സെക്രട്ടറി സ്ഥാനാർഥി സാമുവൽ മത്തായി. ഒച്ചപ്പാടിനോ പത്രത്തിൽ പേര് വരാനോ വേണ്ടി ഒരിക്കലും കടിപിടിക്കു പോകാത്ത യഥാർത്ഥ നേതാവ്.

ഡാളസ് മലയാളീ അസോസിയേഷൻ പ്രസിഡന്റും ദീർഘകാലമായി ഫോമാ നേതാവുമാണ്.

2020 –2022 –ൽ ഫോമായുടെ നാഷണൽ കമ്മിറ്റിയംഗമായി സ്തുത്യർഹമായ സേവനമാണ് അദ്ദേഹം കാഴ്ചവച്ചത്. ഡാളസ് മലയാളി അസോസിയേഷൻ ജോയിന്റ് സെക്രട്ടറി, സെക്രട്ടറി എന്നീ നിലകളിൽ സംഘടനക്ക് നേതൃത്വം നൽകിയ അദ്ദേഹത്തിന്റെ സേവനം ഏറെ ശ്രദ്ധിക്കപ്പെട്ടു.

കലാലയ ജീവിതത്തിൽ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ അമരക്കാരനായി പ്രവർത്തിച്ചു തന്റെ നേതൃപാടവം തെളിയിച്ചിട്ടുണ്ട്. കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി, യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ, കോളേജ് യൂണിറ്റ് സെക്രട്ടറി, അത്‌ലറ്റിക് സെക്രട്ടറി, തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുമ്പോൾ തന്നെ 'രഥം' ത്രൈമാസികയുടെ ജനറൽ എഡിറ്ററായി സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞു നിന്നു.



ജന്മനാട് കേന്ദ്രീകരിച്ചു നിരവധി ജീവകാരുണ്യപ്രവർത്തനങ്ങൾ ചെയ്തുവരുന്നു. നാഷണൽ കമ്മിറ്റിയംഗവും വിമെൻസ് ഫോറം വൈസ് ചെയറുമായ മേഴ്‌സി സാമുവേലാണ് സഹധർമ്മിണി. ആദ്ദേഹം ആരംഭിച്ച ബിസ്സിനെസ്സുകളെല്ലാം ലാഭകരമായി നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. 2010 മുതലുള്ള എല്ലാ ഫോമാ കൺവെൻഷനുകളിലും സജീവ സാന്നിധ്യമാണ്.

## ബിനൂപ് ശ്രീധരൻ, ട്രഷറർ

പ്രവർത്തന മികവുകൊണ്ടും നേതൃപാടവം കൊണ്ടും ഫ്ളോറിഡ മലയാളി സമൂഹത്തിൽ ഏറെ ശ്രദ്ധേയനായ ബിനൂപ് ശ്രീധരൻ എന്തുകൊണ്ടും ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കാൻ യോഗ്യനായ വ്യക്തിയാണെന്നാണ് അദ്ദേഹത്തെ ഏകകണ്ഠമായി ഫോമ ട്രഷറർ സ്ഥാനത്തേക്ക് നാമനിർദേശം ചെയ്തുകൊണ്ട് സൗത്ത് വെസ്റ്റ് ഫ്ളോറിഡ മലയാളി അസോസിയേഷൻ വിലയിരുത്തിയത്. അക്ഷരാർത്ഥത്തിൽ തന്നെ ശരിയായ വിലയിരുത്തൽ എന്ന് ബിനൂപിനെ അറിയുന്ന ആരും സമ്മതിക്കും. അമേരിക്കൻ മലയാളി സമൂഹത്തിന്റേയും, കേരളത്തിലെ മലയാളികളുടേയും ഉന്നമനത്തിനും ക്ഷേമ പ്രവർത്തനങ്ങൾക്കും അദ്ദേഹം നിലകൊള്ളുന്നു.



ബിനൂപ് ശ്രീധരൻ സൗത്ത് വെസ്റ്റ് ഫ്ളോറിഡ മലയാളി അസോസിയേഷൻ മുൻ പ്രസിഡന്റും നിലവിൽ എക്സിക്യൂട്ടീവ് മെമ്പറുമാണ്. മാത്രമല്ല, ഫോമയുടെ സുവർണ്ണ കാലഘട്ടമായി ഓർത്തിരിക്കുന്ന 2020– 22 കാലഘട്ടത്തിൽ അനിയൻ ജോർജ് പ്രസിഡന്റായിരുന്ന അവസരത്തിൽ ഫോമയുടെ നാഷണൽ കമ്മിറ്റി മെമ്പറായി ഫ്ളോറിഡയെ നയിച്ച് കഴിവ് തെളിയിച്ച ആളാണ്. നിലവിൽ ഫോമ സൺഷൈൻ റീജിയനിൽ വിവിധ കമ്മിറ്റികളുടെ അംഗമായും പ്രവർത്തിക്കുന്നു.

ഫോമയുടെ കഴിഞ്ഞ മിഡ്ടേം ജനറൽ ബോഡിയിൽ ബിനൂപ് ശ്രീധരൻ തന്റെ വ്യക്തിപ്രഭാവവും പ്രവർത്തന മികവും വിലയിരുത്തപ്പെട്ടതാണ്. മുന്നൊരുക്കങ്ങൾ ഒന്നുമില്ലാതെയാണ് അദ്ദേഹം മിഡ് ടേം ജനറൽബോഡി തെരഞ്ഞെടുപ്പിനെ നേരിട്ടത്.

തൊട്ടതെല്ലാം പൊന്നാക്കിയ ബിനൂപ് ഫ്ളോറിഡയിൽ പ്രമുഖ റീട്ടെയിൻ ബിസിനസ് രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച് വിജയിച്ച വ്യക്തിയാണ്. സാമ്പത്തിക അച്ചടക്കത്തിലും ചിട്ടയായ പ്രവർത്തനത്തിലും വിശ്വസിക്കുന്ന ബിനൂപ് ആതുര സേവനത്തിലും ചാരിറ്റി പ്രവർത്തനങ്ങൾക്കും സൗത്ത് വെസ്റ്റ് ഫ്ളോറിഡയിൽ ഏറെ സുപരിചിതനാണ്.

കൊടുങ്കാറ്റ് വന്നപ്പോൾ മലയാളി സമൂഹത്തിനു വേണ്ടി ഊണും ഉറക്കവും ഉപേക്ഷിച്ച് ക്ഷേമ പ്രവർത്തനങ്ങൾ നടത്തിയവരിൽ പ്രമുഖനായിരുന്നു ബിനൂപ് ശ്രീധരൻ.

വ്യക്തിപ്രഭാവം കൊണ്ടും സംഘാടക മികവുകൊണ്ടും കഴിവ് തെളിയിച്ച ബിനൂപിന്റെ വിജയം സുനിശ്ചിതമാണെന്ന് പലരും ചൂണ്ടിക്കാട്ടുന്നു.

ബിനൂപിന്റെ വിജയം ഉറപ്പിക്കാൻ അസോസിയേഷൻ പ്രസിഡന്റും ഫോമ നാഷണൽ കൗൺസിൽ മെമ്പറുമായ അജേഷ് ബാലാനന്ദനെ മേൽനോട്ടം വഹിക്കാൻ യോഗം ചുമതലപ്പെടുത്തി. മറുപടി പ്രസംഗത്തിൽ ബിനൂപ് ശ്രീധരൻ അസോസിയേഷൻ തന്നിൽ അർപ്പിച്ച ഉത്തരവാദിത്വത്തിനും, വിശ്വാസത്തിനും നന്ദി രേഖപ്പെടുത്തി.

## സണ്ണി കല്ലൂപ്പാറ, വൈസ് പ്രസിഡന്റ്

കലാ-സാംസ്കാരിക-സാമൂഹിക രംഗങ്ങളിൽ സമാനതകളില്ലാത്ത അംഗീകാരങ്ങൾ കരസ്ഥമാക്കിയ സണ്ണി കല്ലൂപ്പാറ എന്ന സണ്ണി നൈനാൻ ബഹുമുഖ പ്രതിഭയായി വിലയിരുത്തപ്പെടുന്നു. ഫോമാ നാഷണൽ കമ്മിറ്റി അംഗമായി രണ്ടുവട്ടം പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം സിനിമ-നാടക - സീരിയൽ നടനും രചയിതാവും മാധ്യമ പ്രവർത്തകനുമാണ്. അമേരിക്കൻ മലയാളികളുടെ ആശയും അഭിനിവേശവുമായ ഫോമായുടെ പൊതു താത്പര്യ പ്രവർത്തനങ്ങൾക്ക് എളിയ സേവനം നൽകുന്നതിൽ താൻ പ്രതിജ്ഞാബദ്ധനാണെന്ന് സണ്ണി കല്ലൂപ്പാറ പറഞ്ഞു.



സ്കൂൾ, കോളേജ്, ഇന്റർ കോളേജ് നാടക മത്സരങ്ങളിൽ മികച്ച നടനുള്ള പുരസ്കാരം നേടിയ സണ്ണി കല്ലൂപ്പാറ. അഖില കേരള ബാലജനസഖ്യം കലാ പ്രതിഭ പട്ടം അലങ്കരിച്ചിട്ടുണ്ട്. അമേരിക്കയിൽ എത്തിയ ശേഷം കലാ-സാംസ്കാരിക-സാമൂഹിക-സംഘടനാ തലങ്ങളിൽ സജീവമായ സണ്ണി കല്ലൂപ്പാറ മലയാളി അസോസിയേഷൻ ഓഫ് റോക്ക്ലാൻഡ് കൗണ്ടിയുടെ (മാർക്) പ്രസിഡന്റായി. നിലവിൽ സംഘടനയുടെ വൈസ് പ്രസിഡന്റാണ്.

ഫോമായുടെ എമ്പയർ റീജിയൻ ട്രഷറായിരുന്ന സണ്ണി കല്ലൂപ്പാറ ഫോമാ ചിക്കാഗോ കൺവൻഷനിൽ നാടക മത്സരത്തിന്റെ ചെയർ പേഴ്സൺ ഉൾപ്പെടെ നാല് കമ്മറ്റികളിൽ പ്രവർത്തിച്ചു. ഫ്ളോറിഡാ കൺവൻഷനിലെ നാടക മത്സരത്തിൽ മികച്ച നടനുള്ള പുരസ്കാരം നേടിയിട്ടുണ്ട്.

ഫോമാ നാഷണൽ കമ്മറ്റിയിലേക്ക് ഏറ്റവും കൂടുതൽ വോട്ടുകൾ നേടി


MALABAR
GOLD & DIAMONDS
SPECTACULAR
SPRING
Shine brighter this season
with dazzling offers from
Malabar Gold & Diamonds
RECEIVE
$75 DIAMOND VOUCHER
with every diamond or studded
jewellery purchase worth $1,000
Celebrate the season of new beginings with us
Valid till 31st March, 2024
Terms & conditions apply.
NEW JERSEY - 1348 OAK TREE ROAD, ISELIN NJ - 08830, TEL: 732 283 0916 | DALLAS - 5811 PRESTON ROAD, FRISCO TX - 75034, TEL: 945 260 0650 | CHICAGO - 2652 W. DEVON AVE, CHICAGO IL - 60659, TEL: 773 465 5755
OPENING SOON IN NAPERVILLE, LOS ANGELES & ATLANTA
Shop 24/7 at www.malabargoldanddiamonds.com
OVER 340 BRANCHES SPREAD ACROSS 13 COUNTRIES

തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണ്. ന്യൂയോർക്ക് സെന്റ് തോമസ് മാർത്തോമ്മാ ചർച്ച് (യോങ്കേഴ്സ്) യുവജന സഖ്യം സെക്രട്ടറിയായും സംഘടനയുടെ വൈസ് പ്രസിഡന്റ്, നോർത്ത് ഈസ്റ്റ് റീജണൽ സെക്രട്ടറി, ഭദ്രാസന അസംബ്ലി മെമ്പർ, നോർത്ത് അമേരിക്ക ഭദ്രാസന യുവജനസഖ്യം ആദ്യ ട്രഷറർ എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. സഭയുടെ നോർത്ത് അമേരിക്ക-യൂറോപ്പ് അസംബ്ലി അംഗമാണ്.

തികഞ്ഞ കലാകാരനായ അദ്ദേഹം അപ്പൂപ്പന് 100 വയസ്, നന്മകൾ പൂക്കും കാലം, പ്രവാസി തുടങ്ങി 200ൽ അധികം വേദികൾ പിന്നിട്ട ഇരുപതിലധികം പ്രൊഫഷണൽ നാടകങ്ങളിലൂടെ ഒട്ടനവധി ജനസദസുകളിൽ ഇന്നും സജീവമായി നിൽക്കുന്നു .

ഫിലഡൽഫിയയിലെ മാനുഷി നാടകോത്സവത്തിൽ വ്യൂവേഴ്സ് ചോയിസ് ബെസ്റ്റ് ആക്റ്ററായി. വെസ്റ്റ്ചെസ്റ്ററിലെ യൂണിഫെസ്റ്റ് 91ൽ കലാപ്രതിഭയായും തിരഞ്ഞെടുക്കപ്പെട്ടു. വാഷിങ്ടൺ ഡി.സിയിൽ നടന്ന ഇന്റർനാഷണൽ ഫിലിംഫെസ്റ്റ് വേദിയിൽ നിന്ന് ബെസ്റ്റ് ആക്ടർ അവാർഡും സ്വന്തമാക്കി.

പ്രവാസി, അക്കരക്കാഴ്ച, അവർക്കൊപ്പം, ലോക്ക്ഡ് ഇൻ തുടങ്ങിയ സിനിമകളിൽ ശ്രദ്ധേയമായ വേഷങ്ങൾ ചെയ്തു. കൂടാതെ ഏഷ്യാനെറ്റ്, സൂര്യ തുടങ്ങിയ ചാനലുകളിലെ ജനപ്രിയ പരമ്പരകളായ മനസ്സറിയാതെ, വേളാങ്കണ്ണിമാതാവ്, ഞങ്ങൾ സന്തുഷ്ടരാണ്, കുങ്കുമപ്പൂവ്, അൽഫോൺസാമ്മ, അക്കരക്കാഴ്ച്ച, ഹരിചന്ദനം, ഇത് രുദ്രവീണ, പ്രവാസി, ഗ്രീൻകാർഡ്, ഫെയ്സ് ബുക്ക് ജോപ്പൻ, തുടങ്ങിയ പത്തിൽ അധികം സീരിയലുകളിൽ മികച്ച കഥാപാത്രങ്ങളെ അവതരിപ്പിച്ച് പ്രേക്ഷക പ്രശംസ നേടിയിട്ടുണ്ട്. ലോക്ക്ഡ് ഇൻ ആണ് സണ്ണി ഒടുവിൽ അഭിനയിച്ച മലയാള ചിത്രം.

അമേരിക്കൻ മലയാളികളെ ചിരിപ്പിച്ചും ചിന്തിപ്പിച്ചുമുള്ള ജനപ്രിയ കഥാപാത്രങ്ങളുടെ വേഷപ്പകർച്ചയുമായാണ് സണ്ണി കല്ലൂപ്പാറ ജൈത്രയാത്ര തുടരുന്നത്. പ്രേക്ഷക ഹൃദയങ്ങൾ കീഴടക്കിയ സൂപ്പർ ഹിറ്റ് സീരിയൽ 'ഫെയ്സ്ബുക്ക് ജോപ്പ്' നിലെ മുഴുനീള കഥാപാത്രമായ ജോപ്പനും 'നാടൻ വൈബ്സി'ലെ വർക്കിയും 'കപ്പ ആന്റ് ക്രൊയ്സാന്റ്സി' ലെ ചാക്കോയും അരങ്ങ് തകർത്താടിയവയാണ്.

നാളിതുവരെയുള്ള കലാ സപര്യയിലൂടെ നേടിയ പണം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് സണ്ണി കല്ലൂപ്പാറ വിനിയോഗിച്ചത്. ഇനിയും ആ സഹജീവി സ്നേഹത്തിന്റെ പാതപിന്തുടരുമെന്ന് അദ്ദേഹം വ്യക്തമാക്കി.

## ഡോ. പ്രിൻസ് നെച്ചിക്കാട്ട്,

### ജോ. സെക്രട്ടറി

ജോയിന്റ് സെക്രട്ടറി സ്ഥാനത്തേയ്ക്കു മത്സരിക്കുന്ന ഡോ. പ്രിൻസ് നെച്ചിക്കാട്ട് 13 അംഗസംഘടനകളും 97 പ്രിധിനിധികളുള്ള ഫോമയുടെ ഏറ്റവും വലിയ റീജിയനായ വെസ്റ്റേൺ റീജിയണിലെ നിലവിലെ ആർ.വി.പി ആണ്.

1990 ൽ അമേരിക്കയിൽ എത്തിയ നാൾ മുതൽ മലയാളികൾക്കിടയിൽ പൊതുപ്രവത്തന രംഗത്ത് നിറസാന്നിധ്യമായിരുന്നു. സിലിക്കൻ വാലിയിലുള്ള ഭവനരഹിതർക്ക് ഭക്ഷണം എത്തിച്ചു കൊടുക്കുക, വിവിധ ചാരിറ്റി സംഘടനകളുടെ സഹായത്തോടെ യുവാക്കൾക്ക് സൗജന്യമായി കമ്പ്യൂട്ടർ പ്രാഥമിക വിദ്യാഭ്യാസം നൽകുക തുടങ്ങിയ ചാരിറ്റി പ്രവർത്തനങ്ങളിലൂടെ പൊതു പ്രവർത്തന രംഗത്തേയ്ക്കു തുടക്കം കുറിച്ചു.



കഴിഞ്ഞ മുപ്പതു വർഷമായി മലയാളി അസോസിയേഷൻ ഓഫ് നോർത്തേൺ കാലിഫോർണിയായിൽ സജീവമായി പ്രവത്തിക്കുകയും ഇപ്പോൾ സംഘടനയുടെ സെക്രട്ടറി ആയി ചുമതല വഹിക്കുകയും ചെയ്യുന്നു. ഇക്കഴിഞ്ഞ മങ്കയുടെ വാശിയേറിയ ഇലക്ഷനിൽ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെടുകയും പ്രിൻസ് പിന്തുണച്ച പാനൽ മുഴുവൻ സീറ്റിലും വൻ ഭൂരിപക്ഷത്തിൽ വിജയിക്കുകയും ചെയ്തത് ശ്രദ്ധേയമായി.

ഫോമയിൽ നാഷണൽ കമ്മറിയംഗം, ബൈലോ കമ്മിറ്റി കോർഡിനേറ്റർ , 2018 ലെ ചിക്കാഗോ കൺവൻഷൻ ജനറൽ കൺവീനർ, മങ്കയിൽ ഡയറക്ടർ ബോർഡംഗം, സെൻറ് തോമസ് സീറോ മലബാർ ചർച്ച് ഓഫ് സാൻ ഫ്രാൻസിസ്കോ പാരിഷ് കൗൺസിൽ അംഗം, പാസ്റ്ററൽ കൗൺസിൽ അംഗം, വാഷിംഗ്ടൺ ഡിസിയിൽ ബിസിനസ്സ് അഡ്വൈസറി കൗൺസിലിൽ കോ. ചെയർമാൻ എന്നീ ചുമതലകളിലൊക്കെ കരുത്തു തെളിയിച്ച പ്രിൻസ് ജോയിന്റ് സെക്രട്ടറി ആയി എത്തിയാൽ അതു ഫോമയ്ക്കു ഒരു മുതൽ കൂട്ടായിരിയ്ക്കും.

ബിസിനസ്സ് അഡ്മിനിസ്ട്രേഷനിൽ ഡോക്ടറേറ്റ് ഡിഗ്രി ഉള്ള പ്രിൻസ്, പ്രിൻസ് റിയാലിറ്റി & ഫിനാൻസ് ഇൻക് പ്രസിഡന്റ് & സിഇഒ ആണ്.

## അമ്പിളി സജിമോൻ,

### ജോ. ട്രഷറർ

ജോ. ട്രഷററായി മത്സരിക്കുന്ന അമ്പിളി സജിമോൻ ഇപ്പോൾ ഫോമാ വനിതാ പ്രതിനിധിയാണ്. കൂടാതെ അറ്റലാന്റ മലയാളി അസോസിയേഷൻ സെക്രട്ടറിയും.

സംഘടനയുടെ മികച്ച പ്രവർത്തനങ്ങൾക്ക് തുടർച്ച നൽകാനും പുതിയ രംഗങ്ങളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനും ഫോമാ എക്സിക്യൂട്ടിവിലെ അംഗത്വം ഉപകരിക്കുമെന്ന് അമ്പിളി കരുതുന്നു.

വിവിധ സംഘടനകൾ ഇതിനകം അമ്പിളി സജിമോന്റെ സ്ഥാനാർത്ഥിത്വത്തിനു പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

'ലീഡർഷിപ്പ് ത്രൂ പാർട്ടിസിപ്പേഷൻ' എന്നതാണ് തന്റെ ലക്ഷ്യം. നേതൃത്വം എന്നാൽ സേവനം എന്നാണ് താൻ അർത്ഥമാക്കുന്നത്. ഒരു ഹോസ്പിറ്റലിൽ നേതൃരംഗത്തിരിക്കുന്ന വ്യക്തി എന്ന നിലയിൽ തന്റെ പ്രവർത്തനനത്തിലുടനീളം ഈ മാതൃകയാണ് താൻ പിന്തുടരുന്നതെന്ന് പി. എ. മെഡിക്കൽ സെന്ററിൽ അസി. നഴ്സ് മാനേജരായ അമ്പിളി ചൂണ്ടിക്കാട്ടുന്നു.

എല്ലാവർക്കുമൊപ്പം പ്രവർത്തിക്കണം. അഭിപ്രായ വ്യത്യാസങ്ങൾ വരുമ്പോഴും പ്രവർത്തനങ്ങളിൽ ഒരുമിച്ചു നിൽക്കാനുള്ള മനസാണ് ഏറ്റവും പ്രധാനം. ഭിന്ന തക്കപ്പുറം എല്ലാവരെയും ഒപ്പം കൂട്ടിയാൽ മാത്രമേ മികച്ച ഒരു സമൂഹത്തെ നമുക്ക് കെട്ടിപ്പടുക്കാനാവൂ.

'സക്സസ് ഈസ് നോട്ട് എബൌട്ട് ദി വേർഡ്,' എന്ന് മിഷെൽ ഒബാമ പറഞ്ഞത് അർത്ഥവത്താണ്. വിജയം എന്നത് ഒരു വാക്കു മാത്രമല്ല. ഒരു ട്രഷറർ എത്ര പണം സമാഹരിച്ചു എന്നത് മാത്രമല്ല പ്രധാനം. അത് എങ്ങനെ നമ്മുടെ സമൂഹത്തിനു ഉപകാരപ്രദമായ രീതിയിൽ വിനിയോഗിച്ചു എന്നതിലാണ് കാര്യം. ചെറിയ തുക പോലും ചിലരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കും എന്നത് മറക്കരുത്.



കഴിഞ്ഞ ഫോമാ കേരള കണ്വൻഷനിൽ അര ഡസനോളം ചാരിറ്റി പ്രോജക്ടുകളിൽ ഭാഗഭാക്കാകാൻ കഴിഞ്ഞു. അത് കൂടുതൽ വിപുലമാക്കി ഫോമായേ ലോകത്തിന്റെ മുന്നിലേക്ക് കൊണ്ടുവരാനും അതുവഴി നമ്മുടെ സമൂഹത്തിനു ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്യാനുമാണ് താൻ ആഗ്രഹിക്കുന്നത്.

കോവിഡ് കാലത്ത് അറ്റ്ലാന്റയിലെ എമറി ഹോസ്പിറ്റലിൽ ഐ.സി.യു നഴ്സായിരുന്ന അമ്പിളി സജിമോൻ അക്ഷരാർത്ഥത്തിൽ കോവിഡ് പോരാളി ആയിരുന്നു. പ്രായമുള്ളവരും ചെറുപ്പക്കാരും ചുറ്റിലും മരിക്കുന്നു. അവരുടെ അടുത്ത് ബന്ധുമിത്രാദികൾ ആരുമില്ല. എങ്കിലും ഒരാളും തനിയെ മരിക്കാതിരിക്കാൻ തന്നാൽ ആവുന്നതൊക്കെ ചെയ്തു- അവർ പറയുന്നു.

ഇടുക്കി ജില്ലക്കാരിയായ അമ്പിളിയുടെ ഭർത്താവ് സജിമോൻ സി. ജോൺ കോട്ടയം പുതുപ്പള്ളി സ്വദേശിയാണ്. ഇംഗ്ലണ്ടിലെത്തിയ കുടുംബം 11 വർഷം അവിടെ ജോലി ചെയ്തശേഷം 2011-ലാണ് അമേരിക്കയിലെത്തുന്നത്. ബ്രിട്ടനിൽ വെസ്റ്റൻ സൂപ്പർമയർ എന്ന സ്ഥലത്തായിരുന്നു താമസം. അവിടെ അക്കാലത്ത് മലയാളി സംഘടനകളൊന്നുമില്ലായിരുന്നു. പുതുതായി സംഘടന സ്ഥാപിക്കാൻ ഇരുവരും മുന്നോട്ടുവന്നു. അതിനാൽ തന്നെ സംഘടനാ പ്രവർത്തനം പുതിയ കാര്യമല്ല.


Vote For FOKANA
Dream Team 2024 - 2026
Executive Committee
SAJIMON ANTONY
NEW JERSEY
President
SREEKUMAR UNNITHAN
NEW YORK
General Secretary
JOY CHACKAPPAN
NEW JERSEY
Treasurer
PRAVEEN THOMAS
CHICAGO
Exe. Vice President
VIPIN RAJ
WASHINGTON DC
Vice President
REVATHI PILLAI
BOSTON
Women's Forum Chair
MANOJ EDAMANA
CANADA
Asso.Secretary
JOHN KALLOLICKAL
FLORIDA
Asso.Treasurer
APPUKUTTAN PILLAI
NEW YORK
Addi. Asso.Secretary
MILLY PHILIP
PHILADELPHIA
Addi.Asso.Treasurer
"Together We Are Stronger"

# കരുണാ ചാരിറ്റീസിന് പുതിയ ഭരണ സമിതി, ഡോ സോഫി വിൽസൺ പ്രസിഡന്റ്

കരുണാ ചാരിറ്റീസ് ന്യൂയോർക് , 2024 വർഷത്തേക്ക് പുതിയ ഭരണസമതിയെ തെരെഞ്ഞെടുത്തു.

ഡോ സോഫി വിൽസൺ പ്രസിഡന്റ് , മേരി മോടയിൽ സെക്രട്ടറി, പ്രേമ ആൻട്രപള്ളിയൽ ട്രഷറർ, വത്സല നായർ വൈസ് പ്രസിഡന്റ്, പ്രീത നമ്പ്യാർ ജോയിന്റ് സെക്രട്ടറി, റോഷ്നി രവി ജോയിന്റ് ട്രഷറർ, ഡോ സ്മിത മനോജ് എക്സ് ഓഫിസിയോ എന്നിവരടങ്ങുന്നതാണ് പുതിയ 2024 കരുണാ ചാരിറ്റീസ് ഭരണ സമിതി

റോസാമൂ തഞ്ജൻ, സാറാമ്മ (ഡെയ്സി) തോമസ്, സുമ നായർ എന്നിവരാണ് ബോർഡ് ഓഫ് ഡയറക്ടർസ്. ഫ്രാൻസിസ് തഞ്ജൻ ഇജഅ അക്കൗണ്ടന്റ്.

സിന്ധു അശോക്, ഡോ മഞ്ജു ഹർഷൻ, ഷീന കുന്നുമ്മൽ, ഡോ ലതിതാംബികാ നായർ, ഡോ കൃപാ നമ്പ്യാർ, പ്രിൻസില്ല പരമേശ്വരൻ, ഡോ ലിസ പ്രോട്ടാസിസ്, ഷീല ശ്രീകുമാർ, നീന സുധിർ, റുബീന സുധർമൻ, റഹുമാ സയ്ദ് , ബീന തോമസ് , ജെസീക്ക തോമസ് എന്നിവരാണ് കമ്മിറ്റി മെംബേർസ്

സംഘടനാ രംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ചു വേൾഡ് മലയാളി കൗൺസിൽ, കേരള അസോസിയേഷൻ ഓഫ് ന്യൂ ജഴ്സി ഉൾപ്പെടെ അനേകം സംഘടനകളിൽ സുപ്രധാന നേതൃ പദവികൾ അലങ്കരിച്ചു നിസ്വാർത്ഥ പ്രവർത്തന ശൈലിയിലൂടെ ഏവരുടെയും പ്രശംസ നേടിയ ഡോ സോഫി വിൽസൺ വലിയ പ്രവർത്തന പാരൃമ്പര പിൻബലത്തിലാണ് കരുണ ചാരിറ്റീസ് പ്രസിഡന്റ് പദവി സ്ഥാനം ഏറ്റെടുക്കുന്നത്

1993-ൽ ആരംഭിച്ചത് മുതൽ, കരുണാ ചാരിറ്റീസ്, ശ്രീമതി ലേഖ ശ്രീനിവാസൻ ഉൾപ്പെടെ ദീർഘവീക്ഷണവും, സാമൂഹിക സേവനമനോഭാവവുമുള്ള നേതൃത്വത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് ജീവകരുന്ന പ്രവർത്തികളെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനമണ്ഡലങ്ങളിൽ സജീവസാന്നിധ്യമായി നിലകൊള്ളുന്നത്.

ന്യൂയോർക്കിലേയും ന്യൂജെഴ്സിയിലേയും നിരാലംബരായ സ്ത്രീകൾ, നിർദ്ധനരായ കുട്ടികൾ, ഭവനരഹിതർ എന്നിവർക്കു നൽകിയ സഹായഹസ്തം, ന്യൂ ഓർലിയാൻസിലെ കത്രീന ചുഴലിക്കാറ്റ് ബാധിച്ച കുടുംബങ്ങൾക്ക് നൽകിയ സംരക്ഷണം , ഇന്ത്യയിൽ സുനാമിയെ അതിജീവിച്ചവരുടെ കുടുംബത്തിന് പുതിയ വീട് നിർമ്മിക്കാൻ നൽകിയ സഹായം , അനാഥ പെൺകുട്ടിയുടെ പരമ്പരാഗത കേരളീയ വിവാഹ ചടങ്ങിനുള്ള നൽകിയ കൈത്താങ്ങു മുതലായവ കരുണാ ചാരിറ്റീസ് നേതൃത്വം കൊടുത്ത ചാരിറ്റി പ്രവർത്തങ്ങളിൽ ചിലത് മാത്രം

നിർധനരായ രോഗികൾക്കായി പേസ് മേക്കറുകൾ, ഇൻട്രാക്യുലർ ലെൻസുകൾ, വീൽചെയറുകൾ എന്നിവ ശേഖരിക്കാനും വിതരണം ചെയ്യാനും കരുണാ ചാരിറ്റീസ് തുടക്കം കുറിച്ചിട്ടുണ്ട് . പ്രകൃതി ക്ഷോഭത്താൽ നശിപ്പിക്കപ്പെട്ട പ്രദേശങ്ങളിലേക്ക് ഇന്ത്യൻ വസ്ത്രങ്ങൾ കയറ്റി അയക്കാൻ ഏർപ്പാട് ചെയ്യുന്ന യുഎസിലെ പ്രാഥമിക സംഘടനകളിലൊന്നാണ് കരുണാ ചാരിറ്റീസ് .

സാമൂഹിക നന്മയെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി, ജനനന്മയെ ലക്ഷ്യമാക്കിയുള്ള പദ്ധതികളുമായി മുന്നോട്ടു പോകുമെന്ന് പ്രസിഡന്റ് ഡോ സോഫി വിൽസൺ അറിയിച്ചു







"Are you ready to make memories
that will last a lifetime?"
BOOK A GRAND TOUR OF
EUROPE
JUNE 26 – JULY 9 , 2024
Escape the everyday
and embark on
unforgettable adventures
with your loved ones
FAITH HOLIDAYS
America's Finest Tour Operator
To Book: 1-888-91-FAITH
www.faithholidays.com

# സാർജന്റ് ബ്ലെസ്സൺ മാത്യു ഫൊക്കാന നാഷണൽ കമ്മിറ്റി മെംബെർ ആയി മത്സരിക്കുന്നു



**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക് : ഫൊക്കാനയുടെ 2024-2026 ഭരണസമിതിയിൽ നാഷണൽ കമ്മിറ്റി മെംബെർ ആയി ഫിലാഡൽഫിയായിലെ എല്ലാ മലയാളി അസോസിയേഷനുകളുടെയും സജീവ പ്രവർത്തകനും മലയാളികൾക്കിടയിൽ എവർക്കും പ്രിയങ്കരനുമായ സാർജന്റ് ബ്ലെസ്സൺ മാത്യു മത്സരിക്കുന്നു . സജിമോൻ നേതൃത്വം നൽകുന്ന ഡ്രീം ടീമിന്റെ ഭാഗമായാണ് മത്സരിക്കുന്നത്.

ഫിലാഡൽഫിയായിലെ സാമൂഹ്യ-സാംസ്കാരിക-സാമുദായിക മേഖലകളിൽ തിളങ്ങി നിൽക്കുന്ന കരുത്തുറ്റ വ്യക്തി, ആരുമായും സഹകരിച്ചു പോകുന്ന നേതൃത്വപാടവം തുടങ്ങി പകരം വെക്കനില്ലാത്ത വ്യക്തിത്വമാണ് ബ്ലെസ്സൺ മാത്യുവിന്റെത്. അമേരിക്കർക്കിടയിലും അദ്ദേഹം പ്രിയങ്കരൻ തന്നെ.

ഫിലാഡൽഫിയായുടെ 150 വർഷത്തിൽ കുടുതൽ പഴക്കമുള്ള പോലീസ് ഡിപ്പാർട്ട്മെന്റിൽ ആദ്യത്തെ മലയാളി പോലീസ് സാർജന്റ് ആയത് അദ്ദേത്തിന്റെ കഴിവും അർപ്പണ മനോഭാവവും കൊണ്ട് കൂടിയാണ്. ആറായിരത്തിൽത്തിൽ കുടുതൽ പോലീസുകാരുള്ള അമേരിക്കയിലെ നാലാമത്തെ വലിയ പോലീസ് ഡിപ്പാർട്ട്മെന്റിലാണ് അദ്ദേഹം ഈ നേട്ടം കരസ്ഥം ആക്കിയത്. പതിനെട്ടാമത്തെ വയസിൽ പത്തനാപുരത്തു നിന്നും അമേരിക്കയിലേക്ക് കുടിയേറിയ ബ്ലെസ്സൺ വളെരെ ചുരുങ്ങിയ സമയം കൊണ്ട് ആണ് ഫിലാഡൽഫിയ പോലീസ് ഡിപ്പാർട്മെന്റിൽ രണ്ട് പ്രൊമോഷൻ നേടിയത് .

തന്റെ ഓരോ പ്രൊമോഷനും മലയാളി കമ്മ്യൂണിറ്റിക്കു കൂടുതൽ ഉപകാരപ്രദമാക്കി തീർക്കുവാൻ ആണ് താൻ ശ്രമിക്കുന്നത് എന്ന് സെർജിന്റ ബ്ലെസ്സൺ മാത്യു പറഞ്ഞു. AMLEU ( അമേരിക്കൻ മലയാളീ ലോ എൻഫോഴ്സ്മെന് യുണൈറ്റഡ്), PAALEA ( പെൻസിൽവാനിയ ഏഷ്യൻ അമേരിക്കൻ ലോ എൻഫോഴ്സ്മെന്റ്) തുടങ്ങി നിരവധി സംഘടനകളിൽ പ്രവർത്തിക്കുന്ന അദ്ദേഹം ഫൊക്കാനയുടെ പ്രവർത്തങ്ങളിൽ ആകൃഷ്ടനായാണ് നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്നത്. ഏൽപ്പിക്കുന്ന ചുമതലകൾ കൃത്യമായും ഭംഗിയായും നിർവ്വഹിക്കുന്ന സംഘാടകൻ ആയതുകൊണ്ട് സർജന്റ് ബ്ലെസ്സൺ മാത്യുവിനെ തേടി സ്ഥാനമാനങ്ങൾ എപ്പോഴും എത്താറുണ്ട് .

അമേരിക്കൻ പ്രവാസി സമൂഹത്തിന് എന്നും ആവേശം പകരുന്ന യുവ തലമുറയുടെ പ്രതിനിധിയായിട്ടാണ് സർജന്റ് ബ്ലെസ്സൺ മാത്യു നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്നത്. സ്വന്തം ജീവിതവും കരിയറും ജനക്ഷേമ പ്രവർത്തനങ്ങൾക്കും സാമൂഹ്യപ്രവർത്തനത്തിനുമായി മാറ്റിവച്ച അതുല്യ പ്രതിഭയാണ് സർജന്റ് ബ്ലെസ്സൺ മാത്യു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ യുവ തലമുറക്ക് മാതൃകയാണ് .അദ്ദേഹത്തിന്റെ സംഘടനാ മികവും നേതൃ പാടവവും യുവ നേതാക്കൾക്ക് മുൻതൂക്കമുള്ള ഫൊക്കാനയുടെ അടുത്ത ഭരണസമിതിയിൽ ഒരു വൻ മുതൽ കുട്ടാകും എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല.

അനുഭവസമ്പത്തും കഴിവുമുള്ള ചെറുപ്പക്കാരെ മുന്നിൽ നിർത്തി പ്രവർത്തിക്കുവാൻ തയ്യാർ എടുക്കുമ്പോൾ സർജന്റ് ബ്ലെസ്സൺ മാത്യുവിന്റെ മത്സരം യുവ തലമുറക്ക് കിട്ടുന്ന അംഗീകാരമാണ് . മാറ്റങ്ങൾക്ക് ശംഖൊലി മുഴങ്ങിക്കൊണ്ടിരിക്കുന്ന ഫൊക്കാനയിൽ ഇത്തവണ യുവാക്കളുടെ ഒരു നിരതന്നെയാണ് സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ ഡ്രീം പ്രോജെക്റ്റുമായി മുന്നോട്ട് വന്നുകൊണ്ടിരിക്കുന്നത്. ഫിലാഡൽഫിയാ റീജിയനിൽ നിന്നുള്ള എല്ലാവരും ഒരേ സ്വരത്തിൽ സർജന്റ് ബ്ലെസ്സൺ മാത്യുവിന്റെ മത്സരത്തെ പിന്തുണക്കുന്നു . കൂടാതെ സെക്രട്ടറി ആയി മത്സരിക്കുന്ന ശ്രീകുമാർ ഉണ്ണിത്താൻ ,




മികവിന്റെ പാതയിൽ മുന്നേറുന്ന
ഫൊക്കാനക്ക് പുതിയ ദിശാബോധം
പകർന്നു നൽകാൻ കുരുത്തുറ്റ നേതാവ്
സജിമോൻ ആന്റണി
ഫൊക്കാനയുടെ 2024 -26 കാലത്തെ
പ്രസിഡന്റായി വിജയിപ്പിക്കുക
Elect
പ്രവർത്തി പരിചയം, വ്യക്തമായ
കാഴ്ചപ്പാടുകൾ, ധീരമായ നിലപാടുകൾ

ട്രഷർ ആയി മത്സരിക്കുന്ന ജോയി ചക്കപ്പൻ, എക്സി . വൈസ് പ്രസിഡന്റ് സ്ഥാനാർഥി പ്രവീൺ തോമസ് , വൈസ് പ്രസിഡന്റ് സ്ഥാനാർഥി വിപിൻ രാജ്, ജോയിന്റ് സെക്രട്ടറി സ്ഥാനാർഥി മനോജ് ഇടമന, അഡിഷണൽ ജോയിന്റ് സെക്രട്ടറി സ്ഥാനാർഥി അപ്പുകുട്ടൻ പിള്ള, അഡിഷണൽ ജോയിന്റ് ട്രഷർ സ്ഥാനാർഥി മില്ലി ഫിലിപ്പ് ,വിമൻസ് ഫോറം ചെയർപേഴ്സൺ സ്ഥാനാർഥി രേവതി പിള്ള എന്നിവരും നാഷണൽ കമ്മിറ്റി അംഗത്വത്തിലേക്ക് മത്സരിക്കുന്ന സോണി അമ്പൂക്കൻ, രാജീവ് കുമാരൻ, അഡ്വ. ലതാ മേനോൻ, ഷിബു എബ്രഹാം സാമുവേൽ, ഗ്രേസ് ജോസഫ്, അരുൺ ചാക്കോ , മേരി ഫിലിപ്പ് , മേരികുട്ടി മൈക്കിൾ , മനോജ് മാത്യു ,ഡോ. ഷൈനി രാജു, സ്റ്റാൻലി ഇത്തൂണിക്കൽ, മത്തായി ചാക്കോ , സിജു സെബാസ്റ്റ്യൻ , ജോർജി വർഗീസ് , സുദീപ് നായർ , സോമൻ സക്കറിയ , റീജിയണൽ വൈസ് പ്രസിഡന്റ് ആയി മത്സരിക്കുന്ന ബെൻ പോൾ, ലിൻഡോ ജോളി , കോശി കുരുവിള, ഷാജി സാമുവേൽ, ധീരജ് പ്രസാദ് , ജോസി കാരക്കാട്, ലാജി തോമസ്, ആന്റോ വർക്കി, ട്രസ്റ്റീ ബോർഡിലേക്ക് മത്സരിക്കുന്ന സതീശൻ നായർ , ബിജു ജോൺ എന്നിവരും സർജന്റ് ബ്ലെസ്സൺ മാത്യുവിന് വിജയാശംസകൾ നേർന്നു.







Now Open to
Serve You!
Newly
Redesigned
Restaurant
Interior
We Specialize Indoor and Outdoor Catering
Dil Bar
INDIAN RESTAURANT
In An
Elegant
Atmosphere
Authentic
Indian
Cuisine
248-08 UnionTpke, Bellrose, NY
Tel:1-718-347-3900 | Cel: 1-646-500-2057

# ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിലുള്ള ഫോമാ 'ടീം യൂണിറ്റി' ഭൂരിഭാഗം അംഗ സംഘടനകളുടെ പിൻബലത്തിൽ മത്സര രംഗത്ത് മുന്നേറുന്നു.

**മാത്യുക്കുട്ടി ഈശോ**

ന്യൂയോർക്ക്: മലയാളീ സംഘടനകളുടെ സംഘടനയായ ഫോമയുടെ 2024-2026 ദ്വൈവാർഷിക കാലത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ആസന്നമായപ്പോൾ ചുറുചുറുക്കും, യുവത്വവും, പ്രവർത്തി പരിചയവും, അഖണ്ഡതയും, നിശ്ചയദാർഢ്യവുമുള്ള യുവ നേതാക്കളെ അണിനിരത്തി ഹ്യൂസ്റ്റണിലെ അഭിമാന പ്രതീകമായ ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിൽ ഫോമ 'ടീം യൂണിറ്റി' ഏവരുടെയും പിന്തുണ ഏറ്റുവാങ്ങി മുന്നേറുന്നു.

## ബേബി മണക്കുന്നേൽ

**ഫോമാ പ്രസിഡൻറ് സ്ഥാനാർഥി**

മലയാളീ അസ്സോസ്സിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹ്യൂസ്റ്റൺ (MAGH) പ്രസിഡൻറ്, ക്നാനായ കാത്തലിക് കോൺഗ്രസ്സ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡൻറ്, ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ്സ് പ്രസിഡൻറ്, സൗത്ത് ഇന്ത്യൻ യു.എസ്. ചേംബർ ഓഫ് കൊമ്മേർഴ്സ് പ്രസിഡൻറ്, ഹ്യൂസ്റ്റൺ ക്നാനായ ഹോംസ് പ്രസിഡൻറ്, ഹൂസ്റ്റണിലെ വിവിധ മലയാളീ അസ്സോസ്സിയേഷനുകളിലെ അംഗം, ഫോമായുടെ തുടക്ക കാലം മുതലുള്ള സജീവ പ്രവർത്തകൻ, ഹിൽട്ടൺ ഓഫ് അമേരിക്കയിൽ നടന്ന ഫോമായുടെ 2008-ലെ ആദ്യത്തെ കൺവെൻഷൻ ചെയർമാൻ എന്നിങ്ങനെ എണ്ണിയാലൊതുങ്ങാത്ത വിവിധ സ്ഥാനങ്ങളിൽ സ്തുത്യർഹ സേവനം കാഴ്ചവച്ച് പ്രവർത്തി പരിചയമുള്ള ഹൂസ്റ്റണിലെ മലയാളികളുടെ ഇടയിലെ നിറ സാന്നിനിധ്യമായ ബേബി മണക്കുന്നേലാണ് ഫോമായുടെ 2024-2026 വർഷത്തേക്കുള്ള പ്രസിഡൻറ് ആയി മത്സരിക്കുവാൻ ഇത്തവണ രംഗത്തുള്ളത്. മിതഭാഷിയും, സൗമ്യനും എല്ലാം തികഞ്ഞ ഒരു സംഘാടകനുമാണ് ബേബി. കഴിഞ്ഞ കുറെ വർഷങ്ങളായി അനേകം സംഘടനകളിൽ വിവിധ ഔദ്യോഗിക സ്ഥാനങ്ങൾ അനായാസേന കൈകാര്യം ചെയ്തുള്ള പ്രവൃത്തി പരിചയം ഫോമായുടെ 2024-2026 ടേമിലെ പ്രസിഡൻറ് ആയി ഫോമായെ ഉയരങ്ങളിലേക്ക് എത്തിക്കുവാൻ ബേബിക്ക് സാധിക്കും എന്നതിൽ എതിരഭിപ്രായമില്ല.

തന്നെപ്പോലെതന്നെ പ്രവർത്തി പരിചയം ഉള്ളവരും വിവിധ സംസ്ഥാനങ്ങളിൽ നിന്നും ഫോമയ്ക്ക് പ്രാധിനിത്യം ലഭിക്കുന്നതിന് ഉതകുന്ന രീതിയിൽ അതാതിടങ്ങളിലെ മലയാളികളുടെ ഇടയിൽ അറിയപ്പെടുന്നവരുമായ ചുറുചുറുക്കുള്ള മറ്റു വ്യക്തികളെയാണ് ബേബി തന്റെ ''യൂണിറ്റി'' ടീമിൽപെടുത്തി മറ്റ് ചുമതലാ സ്ഥാനങ്ങളിലേക്ക് മത്സര രംഗത്ത് അണിനിരത്തുന്നത്.

## ബൈജു വർഗ്ഗീസ് –

**ജനറൽ സെക്രട്ടറി സ്ഥാനാർഥി**

ന്യൂജേഴ്സിയിലെ പ്രശസ്ത മലയാളീ സംഘടനയായ കേരളാ അസ്സോസ്സിയേഷൻ ഓഫ് ന്യൂ ജേഴ്സിയുടെ (KANJ) നിലവിലെ പ്രസിഡന്റും, 2020-2022 വർഷത്തെ ഫോമാ മിഡ് അറ്റ്ലാന്റിക് റീജിയണൽ വൈസ് പ്രസിഡന്റും 2022-ൽ നടന്ന കാൻകൂണിലെ ഫോമാ കൺവെൻഷനിലെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച് ഏവരുടെയും പ്രശംസ പിടിച്ചു പറ്റിയ വ്യക്തിയും, കോവിഡ് കാലത്ത് ന്യൂജേഴ്സിയിലും പരിസര പ്രദേശങ്ങളിലുമുള്ള മലയാളീ സമൂഹത്തിന് മലയാളീ ഹെല്പ് ലൈനിലൂടെ സഹായ




Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL



പ്രവർത്തനങ്ങൾ ഭംഗിയായി ഏകോപിപ്പിക്കാൻ കഴിഞ്ഞ വ്യക്തി എന്ന നിലയിലും, ഐ.ടി. രംഗത്തെ വിദഗ്ദ്ധൻ എന്ന നിലയിലും ന്യൂജേഴ്സിയിലെയും മറ്റു വിവിധ സംസ്ഥാനങ്ങളിലെയും മലയാളികളുടെ ഉറ്റ സുഹൃത്ത് എന്ന നിലയിലും പ്രശസ്തനും ഊർജ്ജസ്വലനുമായ ബൈജു വർഗീസാണ് ബേബി മണക്കുന്നേലിന്റെ ടീമിലെ ഫോമാ ജനറൽ സെക്രട്ടറി സ്ഥാനാർഥി. എപ്പോഴും പോസിറ്റീവ് ചിന്താഗതി ഉള്ളവനും, പ്രശ്ന പരിഹാരത്തിന് പ്രഗത്ഭനും, പ്രതിസന്ധികളെ തരണം ചെയ്ത് മുമ്പോട്ട് സംഘടനയെ നയിക്കുവാൻ പ്രാപ്തനുമാണ് ബൈജു. ഗഅചഖന്റെ ജോയിന്റ് ട്രഷറർ, ജനറൽ സെക്രട്ടറി, വൈസ് പ്രസിഡൻറ്, ഫോമാ കൺവെൻഷൻ രജിസ്ട്രേഷൻ കോർഡിനേറ്റർ തുടങ്ങിയ നിലകളിലെ പ്രവർത്തി പരിചയം ഫോമാ സെക്രട്ടറിയായി ശോഭിക്കുവാൻ ബൈജുവിന് ഒട്ടും പ്രയാസം ഉണ്ടാകില്ല എന്ന് തീർച്ച. അമേരിക്കയിലെ മലയാളീ സമൂഹത്തിൻറെ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി മുൻ നിരയിൽ നിന്ന് പ്രവർത്തിക്കുവാനുള്ള നല്ലൊരു അവസരമാണ് ഫോമാ ജനറൽസെക്രട്ടറി സ്ഥാനം എന്ന് ഉറച്ച് വിശ്വസിക്കുന്ന വ്യക്തിയാണ് ആ സ്ഥാനത്തേക്ക് മത്സരിക്കുന്ന ഏറ്റവും യോഗ്യനായ ബൈജു വർഗ്ഗീസ്.

## സിജിൽ പാലക്കലോടി

**ട്രഷറർ സ്ഥാനാർഥി**

അർപ്പണബോധവും, സ്ഥിരോത്സാഹവും, കർമ്മനിരതയും, വിശ്വാസതയും നേതൃസ്ഥാനത്തേക്ക് വരാനാഗ്രഹിക്കുന്ന ഒരാൾക്ക് അത്യന്തം ആവശ്യമായ സ്വഭാവ സവിശേഷതയാണ്. പ്രത്യേകിച്ച് ഒരു സംഘടനയെ മുമ്പോട്ട് നയിക്കുന്ന ഒരാൾക്ക് ഈ സവിശേഷത ഇല്ലെങ്കിൽ ആ സംഘടന നിർജ്ജീവമായിപ്പോകും. ഫോമാ എന്ന ഒരു സംഘടനയെ നിർജ്ജീവമാക്കാൻ ആഗ്രഹിക്കാത്ത ഏവരും സംഘടനയുടെ നേതൃസ്ഥാനത്തേക്ക് പ്രത്യേകിച്ച് സംഘടനയുടെ സാമ്പത്തിക രംഗം കൈകാര്യം ചെയ്യുന്ന ട്രഷറർ എന്ന പദവിയിലേക്ക് ഏറ്റവും വിശ്വസ്തനായ വ്യക്തി വരണമെന്നാഗ്രഹിക്കുന്നവരാണ്. ഏതായാലും ഫോമാ യൂണിറ്റി ടീമിന് അങ്ങനെ ഒരാളെ മത്സര രംഗത്തെത്തിക്കാൻ സാധിച്ചത് അവരുടെ പ്രാഥമിക വിജയം തന്നെയാണ്. ഫോമാ വെസ്റ്റേൺ റീജിയൺ നാഷണൽ കമ്മറ്റി മെമ്പർ, കാൻകൂൺ കൺവെൻഷൻ വെസ്റ്റേൺ റീജിയൺ കോർഡിനേറ്റർ, നിലവിൽ ഫോമാ വെസ്റ്റേൺ റീജിയൺ ബിസിനെസ്സ് ഫോറം ചെയർമാൻ തുടങ്ങി ഫോമായുടെ പ്രാരംഭകാലം മുതൽ അതിന്റെ എല്ലാ പ്രവർത്തന രീതിയും മനസ്സലാക്കിയിട്ടുള്ള പ്രഗത്ഭനായ സിജിൽ ജോർജ് പാലക്കലോടിയാണ് യൂണിറ്റി ടീമിന്റെ ട്രഷറർ സ്ഥാനാർഥി. സിജിൽ ഫോമയിൽ മാത്രമല്ല കഴിവ് തെളിയിച്ചിട്ടുള്ളത്. സാക്രമെന്റോ മലയാളി അസ്സോസ്സിയേഷന്റെ ട്രഷറർ, സെക്രട്ടറി, പ്രസിഡന്റ്, ചെയർമാൻ എന്നീ നിലകളിൽ തിളങ്ങി ശോഭിച്ച സിജിൽ ''മലയാളി മനസ്സ്'' എന്ന മലയാള വാരികയുടെ പത്രാധിപർ, ഇന്ത്യ പ്രസ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ ഫ്ലോറിഡ ചാപ്റ്റർ പ്രഥമ പ്രസിഡന്റ്, നാഷണൽ ജോയിന്റ് ട്രഷറർ, സീറോ മലബാർ കാത്തലിക്ക് കോൺഗ്രസ്സ് ചിക്കാഗോ രൂപതാ ട്രഷറർ, സെക്രട്ടറി, പ്രസിഡൻറ്, ഇന്ത്യൻ അസ്സോസ്സിയേഷൻ ഓഫ് സാക്രമെന്റോ ട്രഷറർ തുടങ്ങി നിരവധി ഔദ്യോഗിക സ്ഥാനങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ആളാണ്. ഫോമാ ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കുന്ന സിജിൽ ഫോമയ്ക്ക് ഒരു മുതൽക്കൂട്ട് തന്നെ.

## ഷാലു പുന്നൂസ്

**വൈസ് പ്രസിഡൻറ് സ്ഥാനാർഥി**

പല സംഘടനകളിലും തലമുതിർന്ന നേതൃത്വം തങ്ങളുടെ നേതൃ സ്ഥാനം ഒഴിഞ്ഞു കൊടുക്കുവാനോ, യുവ നേതൃത്വത്തെ മുൻനിരയിലേക്ക് കൊണ്ടുവരുവാനോ മടികാണിക്കുന്നവരാണ്. അതിനാൽ പലപ്പോഴും യുവാക്കൾ, പ്രത്യേകിച്ച് രണ്ടും മൂന്നും തലമുറകളിൽപ്പെട്ട നമ്മുടെ യുവാക്കൾ, മുൻനിര നേതൃത്വത്തിലേക്ക് വരുവാൻ മടിക്കുന്നു. അവിടെയാണ് ഫോമാ ''ടീം യൂണിറ്റി'' വ്യത്യസ്തത പുലർത്തുന്നത്. യുവ നേതൃത്വത്തെ അല്ലെങ്കിൽ യുവാക്കളെ സ്വാധീനിക്കാൻ കഴിവുള്ള വ്യക്തികളെ ഫോമായുടെ 2024-2026 വർഷത്തെ ചുമതലാസ്ഥാനത്തേക്ക് ''ടീം യൂണിറ്റി'' അണിനിരത്തുകയാണ്. അതിനു ഉദാത്ത മാതൃകയാണ് വൈസ് പ്രസിഡൻറ് സ്ഥാനത്തേക്ക് മത്സര രംഗത്തിറക്കിയിരിക്കുന്ന യുവ നേതാവ് ഷാലു പുന്നൂസ്. ഫിലാഡൽഫിയയിലെ മലയാളീ സമൂഹത്തിനിടയിൽ സുപരിചിതനും സുസമ്മതനും ഊർജ്ജസ്വലനുമായ യുവ നേതാവാണ് ഷാലു. യുവജനങ്ങളുടെ ഇടയിൽ പ്രിയങ്കരനും സ്വാധീനവുമുള്ള യുവ നേതാവാണ് ഷാലു. മലയാളി അസ്സോസ്സിയേഷൻ ഓഫ് ഫിലാഡൽഫിയ (MAP) എന്ന പ്രശസ്ത സംഘടനയുടെ പ്രസിഡന്റായി രണ്ടു വർഷം വ്യത്യസ്തമായ രീതിയിൽ പ്രവർത്തനം കാഴ്ച്ചവച്ചപ്പോൾ മലയാളികൾക്ക് ഷാലുവിന്റെ സംഘടനാ നേതൃത്വ പാടവം മനസ്സിലായതാണ്. തനിക്ക് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ മാത്രം പറയുകയും പറയുന്ന കാര്യങ്ങൾ മുഴുവൻ വിജയപ്രദമായി പ്രവർത്തിച്ചു കാണിക്കുകയും ചെയ്യുക എന്നത് ഷാലുവിന്റെ പ്രത്യേകതയാണ്. ഫിലാഡൽഫിയ പ്രിസൺ ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥനായ ഷാലുവിന്റെ കഠിനാധ്വാനവും പ്രവർത്തനമികവും, എല്ലാവരുമായുള്ള സൗഹൃദ ബന്ധവും, സഹായമനസ്കതയും കണക്കിലെടുത്ത് പെൻസിൽവാനിയ പോലീസ് ഡിപ്പാർട്ട്മെന്റ് അവരുടെ ഉപദേശക സമിതി ഏഷ്യൻ കമ്മ്യൂണിറ്റി പ്രതിനിധിയായി അദ്ദേഹത്തെ നിയമിച്ചു. ങഅജ ട്രസ്റ്റീ ബോർഡ് അംഗം, എക്യൂമെനിക്കൽ ഫെലലോഷിപ് ജനറൽ സെക്രട്ടറി, ഫോമാ നാഷണൽ കമ്മറ്റി അംഗം, ജീവകാരുണ്യ രംഗത്തെ പ്രവർത്തന പരിചയം എന്നിവ പരിഗണിച്ചാൽ പ്രവർത്തന മികവിനാൽ ഫോമയുടെ അടുത്ത കാലാവധിലേക്കുള്ള വൈസ് പ്രസിഡൻറ് ആയി തെരഞ്ഞെടുക്കപ്പെടുവാൻ ഏറ്റവും യോഗ്യനായ വ്യക്തിയാണ് ഷാലു പുന്നൂസ്.

## പോൾ പി. ജോസ്

**ജോയിന്റ് സെക്രട്ടറി സ്ഥാനാർഥി**

സൗമ്യതയും, ലാളിത്യവും, പ്രസന്നവദനവും, ആല്മാർഥതയും, സത്യസന്ധതയും കൈമുതലായുള്ള ഒരു വ്യക്തി ചുരുങ്ങിയ കാലം കൊണ്ടുതന്നെ ഏവരുടെയും മനസ്സിൽ സ്ഥാനം പിടിക്കുന്നവനായിരിക്കും. ഈ സവിശേഷതകളോടൊപ്പം സംഘടനാ


the cotillion
Authentic Indian
Cuisine & Asian
Fusion Rich in
Flavor and Taste
Celebrate Your Precious
Wedding and Any Gatherings
at Cotillion, Where Timeless
Elegance Meets Modern Luxury.
Book Your Party today with Us!
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is
Guaranteed
to be a Great
Dine Experience

പാടവും കൂടി ആയാൽ ഫോമയുടെ ജോയിന്റ് സെക്രട്ടറി ആയി ശോഭിക്കുവാൻ ആ വ്യക്തിക്ക് ഒട്ടുംതന്നെ പ്രയാസം ഉണ്ടാവില്ല എന്നത് യാഥാർഥ്യമാണ്. അത്തരം ഗുണഗണങ്ങൾ എല്ലാം ഒത്തു ചേർന്ന് തികച്ചും യോഗ്യനായ ലീഡറാണ് ഫോമാ ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുന്ന ' ടീം യൂണിറ്റി' അംഗമായ പോൾ പി. ജോസ്. ന്യൂയോർക്കിലെ ആദ്യകാല സംഘടനയായ അര നൂറ്റാണ്ട് പിന്നിട്ട കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിൻറെ ഗോൾഡൻ ജൂബിലി പ്രസിഡൻറ് ആയി പ്രശസ്ത സേവനം കാഴ്ച വച്ച് ഏവരുടെയും പ്രശംസ പിടിച്ചുപറ്റിയ വ്യക്തിയാണ് പോൾ ജോസ്. നിലവിലെ ഫോമായുടെ ന്യൂയോർക്ക് മെട്രോ റീജിയൺ ആർ.വി.പി. ആയ പോൾ ന്യൂയോർക്കിലെ മറ്റു പല സംഘടനകളിലെയും ഔദ്യോഗിക സ്ഥാനത്തു തിളങ്ങി നിൽക്കുന്ന വ്യക്തിയാണ്. ഇന്ത്യ കാത്തലിക് അസ്സോസ്സിയേഷൻ ഓഫ് അമേരിക്കയുടെ മുൻ പ്രസിഡൻറ്, നിലവിലെ ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാൻ, നോർത്ത് ഹെംപ്സ്റ്റഡ് മലയാളി അസ്സോസ്സിയേഷൻ ജോയിന്റ് ട്രഷറർ, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്സ് സെക്രട്ടറി, വൈസ് മെൻ ക്ലബ്ബ് ട്രഷറർ, കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് മുൻ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തന പരിചയം പോളിന് ഫോമായുടെ ജോയിന്റ് സെക്രട്ടറി ആയി അനായാസം പ്രവർത്തിക്കുവാനുള്ള മുതൽക്കൂട്ടാണ്. ചെറുപ്പകാലം മുതലേ ജന്മനാട്ടിൽ വിവിധ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിച്ച ആൽമധൈര്യവും പിന്നീട് അമേരിക്കയിലെത്തിയപ്പോൾ ന്യൂയോർക്കിലെ മലയാളികളുടെ ഇടയിൽ വിവിധ സംഘടനകളിൽ പ്രവർത്തിച്ച ആൽമവിശ്വാസവും ഫോമായുടെ ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുവാൻ പോളിന് ധൈര്യം നൽകി. അത്തരം പ്രവർത്തി പരിചയം ഫോമാ ജോയിന്റ് സെക്രട്ടറി ആയി മികച്ച പ്രകടനം കാഴ്ച വെക്കുവാൻ പോളിന് സാധിക്കും എന്നതിൽ ആർക്കും സംശയമില്ല.

## അനുപമ കൃഷ്ണൻ

**ജോയിന്റ് ട്രഷറർ സ്ഥാനാർഥി**

സ്ത്രീ ശാക്തീകരണത്തിൻറെ ഭാഗമായി ഫോമായുടെ ഔദ്യോഗിക സ്ഥാനങ്ങളിൽ സ്ത്രീകളെയും പങ്കു ചേർക്കണം എന്ന നിർബന്ധബുദ്ധി ബേബിയുടെ ' ടീം യൂണിറ്റി' -ക്ക് ഉള്ളതിനാൽ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഒരു വനിതയെ ജോയിന്റ് ട്രഷറർ സ്ഥാനത്തേക്ക് മത്സരിപ്പിക്കാം എന്ന് തീരുമാനിച്ച് യോഗ്യ ആയ ഒരാളെ കണ്ടെത്തുകയായിരുന്നു. ഒഹായോ സംസ്ഥാനത്ത് ലൈറ്റിങ് വ്യവസായത്തിലെ ഒരു സപ്ലൈ ചെയിൻ കമ്പനിയുടെ ഡയറക്ടർ ആയി പ്രവർത്തിക്കുന്നതും മലയാളി കമ്മ്യൂണിറ്റിയിലെ അറിയപ്പെടുന്ന ഒരു വ്യക്തിയുമായ അനുപമ കൃഷ്ണൻ ജോയിന്റ് ട്രഷറർ സ്ഥാനത്തേക്ക് ഏറ്റവും യോഗ്യയായ വ്യക്തിയാണ് എന്ന് മനസ്സിലാക്കി പ്രസ്തുത സ്ഥാനത്തേക്ക് മത്സരിപ്പിക്കുന്നു. ഫോമായുടെ സജീവ പ്രവർത്തകയായ അനുപമ കേരളാ അസ്സോസ്സിയേഷൻ ഓഫ് ഒഹായോയുടെ (KAO) മുൻ പ്രസിഡന്റാണ്. നിലവിൽ ഗ്രേറ്റ് ലേക്സ് വിമൻസ് ഫോറത്തിൻറെ ചെയർപേഴ്സൺ ആയി പ്രവർത്തിക്കുകയാണ് അനു. ഗഅഛ എന്ന സംഘടനയുടെ സജീവ പ്രവർത്തകയായ അനുപമ പ്രസ്തുത സംഘടനയിൽ വൈസ് പ്രസിഡൻറ് എന്ന നിലയിലും, പ്രസിഡൻറ് എന്ന നിലയിലും സ്തുത്യർഹമായ സേവനമാണ് കാഴ്ച വച്ചത്. എല്ലാ പ്രശ്നങ്ങളെയും ചെറു പുഞ്ചിരിയോടെ നേരിട്ട് വളരെ തന്മയത്വത്തോടെ പ്രശ്ന പരിഹാരം കണ്ടെത്താൻ പ്രത്യേക കഴിവുള്ള വ്യക്തിയാണ് അനുപമ. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ അതീവ തല്പരയായ അനു ഫോമായിലൂടെയും നല്ല നിലയിൽ ചാരിറ്റി പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കണം എന്ന ആഗ്രഹം മനസ്സിൽ സൂക്ഷിക്കുന്ന വ്യക്തിയാണ്. ഫോമായുടെ ജോയിന്റ് ട്രഷറർ ആയാൽ ആ സ്ഥാനത്ത് ആല്മാർഥമായും സത്യസന്ധമായും പ്രവർത്തിക്കണമെന്ന് നിബന്ധമുള്ള വ്യക്തിയാണ് അനുപമ. താൻ പ്രതിനിധാനം ചെയ്യുന്ന ഗഅഛ എന്ന സംഘടനയിൽ നിന്നും ഗ്രേറ്റ് ലേക്സ് റീജിയണിൽ നിന്നും സ്വന്തം കുടുംബാംഗങ്ങളിൽ നിന്നും നിസ്സീമമായ പിന്തുണയുടെ ബലത്തിലാണ് മത്സര രംഗത്തേക്ക് വരുവാൻ തീരുമാനം എടുത്തതെന്നും ജോയിന്റ് ട്രഷറർ സ്ഥാനത്തേക്ക് വിജയിച്ചു വരും എന്ന് ഉറച്ച ആത്മവിശ്വാസം തനിക്ക് ഉണ്ട് എന്നും അനുപമ പറയുന്നു. അനുപമയുടെ വിശ്വാസത്തിനു ശക്തി പകരുവാൻ ' ടീം യൂണിറ്റി' ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നു.

' ടീം യൂണിറ്റി' പാനലിലെ എല്ലാവരെയും വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിപ്പിക്കണമെന്നും, വിജയിച്ചു വരുമ്പോൾ അടുത്ത രണ്ടു വർഷത്തെ കാലാവധിയിൽ ഫോമായേ വീണ്ടും ഉന്നതങ്ങളിലേക്ക് എത്തിക്കുവാൻ എല്ലാ വിധത്തിലും ഒത്തൊരുമിച്ച് പ്രവർത്തിക്കുമെന്നും ബേബി മണക്കുന്നേലും ടീം അംഗങ്ങളും ഒറ്റക്കെട്ടായി ഉറപ്പു നൽകുന്നു. ഫോമായുടെ വോട്ടവകാശമുള്ള എല്ലാ പ്രതിനിധികളോടും തങ്ങളുടെ ടീമിനെ മുഴുവനായും വിജയിപ്പിക്കണമെന്ന് ' ടീം യൂണിറ്റി' അഭ്യർത്ഥിക്കുന്നു.




"Are you ready to make memories
that will last a lifetime?"
HIGHLIGHTS OF
COSTA RICA
JULY 31 – AUGUST 8, 2024
"At Faith Holidays,
we understand the
importance of shared
experiences."
FAITH HOLIDAYS
America's Finest Tour Operator
To Book: 1-888-91-FAITH
www.faithholidays.com



# സുജ ഔസോ
## വെസ്റ്റേൺ റീജിയനിൽ നിന്ന് ഫോമാ നാഷണൽ കമ്മിറ്റിയിലേക്ക്

ഫോമ വിമൻസ് ഫോറം ചെയർ എന്ന നിലയിൽ തിളക്കമാർന്ന പ്രവർത്തനം കാഴ്ച വയ്ക്കുന്ന സുജ ഔസോ വെസ്റ്റേൺ റീജിയനിൽ നിന്ന് നാഷണൽ കമ്മിറ്റിയിലേക്ക്.

വ്യത്യസ്ത കർമ്മ മണ്ഡലങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ച വച്ച സുജ ഔസോ ഫോമാ കൺവൻഷനിൽ നടന്ന ഏക വിവാഹത്തിലെ നായിക എന്ന നിലയിൽ സംഘടനയിൽ ഏവർക്കും സുപരിചിതയാണ്.

ഫോമാ കേരളാ കൺവെൻഷന്റെ മൂന്ന് പ്രധാന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ചുക്കാൻ പിടിച്ചത് സുജാ ഔസോയുടെ നേതൃത്വത്തിൽ വിമൻസ് ഫോറമാണ്. ഓരോ മാസവും ഒന്നിനുപുറകെ ഒന്നായി വേറിട്ട പരിപാടികളും പദ്ധതികളുമായി മുന്നോട്ടുവന്നുകൊണ്ട് സംഘടനയെ മറ്റൊരു തലത്തിലേക്ക് ഉയർത്തുവാനും ഫോറത്തിനായി.

നിശബ്ദവുമായ ചാരിറ്റി പ്രവർത്തനങ്ങളാണ് സുജ ഔസോയെ വ്യത്യസ്തയാക്കുന്നത്. ഫോമായുടെ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ പ്രോജക്ട് പ്രഖ്യാപിച്ചയുടൻ അതിനു പതിനായിരം ഡോളർ നൽകാൻ അവർ സന്മനസ് കാട്ടി. ഫിലിപ്പ് ചാമത്തിൽ ഫോമ പ്രസിഡന്റായിരിക്കെ കടപ്രഗ്രാമത്തിൽ ഔസോയും കുടുംബവും ആറ് വീടുകൾ നൽകി. ഇതല്ലാതെ ആരും അറിയാതെ ചെയ്യുന്ന ഒട്ടേറെ കാരുണ്യ പ്രവർത്തികൾ അവരെ ശ്രദ്ധേയ ആക്കുന്നു .

തുമ്പമൺ തയ്യിൽ കുടുംബാംഗമായ സുജ 1978-ൽ ആണ് അമേരിക്കയിലെത്തുന്നത്. കാലിഫോർണിയയിൽ കൈസർ പെർമനന്റ് ഹോസ്പിറ്റലിൽ, 40 വർഷം ജോലി ചെയ്തു. രണ്ട് മക്കൾ, ആൻഡ്രുവും മിറയായും.

VMASC, KALA, Oruma, IEMA എന്നിവയിൽ അംഗമായ സുജ ഔസോ യാത്രയും മറ്റുള്ളവരെ സഹായിക്കുന്നതുമാണ് ഏറ്റവും ആഹ്ലാദകരമായി കാണുന്നത്.

2012-ൽ കാർണിവൽ ഗ്ലോറി എന്ന കപ്പലിൽ ഫോമാ കൺവൻഷൻ നടക്കുമ്പോഴാണ് സുജയും ഫോമായുടെ സ്ഥാപക നേതാക്കളിലൊരാളായ ജോസഫ് ഔസോയും വിവാഹിതരാകുന്നത്. കൺവൻഷനിൽ ഒരു വിവാഹം സംഘടനകളുടെ ചരിത്രത്തിൽ ആദ്യത്തെ സംഭവം. ആ റെക്കോർഡിന് ഇനിയും മാറ്റമില്ല.

കപ്പൽ ക്യാപ്റ്റൻ ഇറ്റലിക്കാരനായ സാൽവത്തോറെ റസാലെ കാർമ്മികനായി. വിവാഹം നടത്താൻ ക്യാപ്ടനു നിയമാനുമതിയുണ്ട്. തീർത്തും റൊമാന്റിക് ആയ ഈ അന്തരീക്ഷത്തിൽ ഇത്തരമൊരു മംഗള കർമ്മം തികച്ചും ഉചിതമാണെന്നദ്ദേഹം പറഞ്ഞു.

ജോസഫ് ഔസോ ആദ്യ നാഷനൽ കമ്മിറ്റി അംഗവും 2010-2012 കാലയളവിൽ ട്രഷററും ആയിരുന്നു. ബൈലോ കമ്മിറ്റി ചെയർമാൻ ,അഡ്വൈസറി കമ്മിറ്റി വൈസ് ചെയർമാൻ എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്നു.




ഇഎം-ദി വീക്കിലിക്ക്
ആശംസ!
പരിചയസമ്പന്നമായ നേതൃത്വം
രാഷ്ട്രീയ -സാമൂഹിക മേഖലകളിലെ സമ്പന്നമായ പാരമ്പര്യം
എക്കാലത്തും ഫൊക്കാനയുടെ ശക്തിസ്രോതസ്
ലീല മാരേട്ട്
ഫൊക്കാന 2024-26 പ്രസിഡന്റ് സ്ഥാനാർഥി
സാദരം നിങ്ങളുടെ പിന്തുണ തേടുന്നു

ഫോമ ഹൗസിങ് പ്രോജക്ട് നാഷനൽ കോഓർഡിനേറ്ററായി പ്രവർത്തിക്കുകയും നാൽപതോളം കുടുംബങ്ങൾക്ക് വീട് വച്ച് നൽകുന്നതിന് മുൻ ജനറൽ സെക്രട്ടറി ടി. ഉണ്ണികൃഷ്ണൻ, മുൻ ട്രഷറർ ബിജു തോണിക്കടവിൽ എന്നിവരോടൊപ്പം ചേർന്ന് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ജുഡീഷ്യൽ കൗൺസിൽ അംഗം

'ജീവിതം അത്യാവശ്യം സെറ്റിൽ ആവുമ്പോൾ സ്ത്രീകളെ പിന്തുണയ്ക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്നുള്ള തീരുമാനം ഇന്നും ഇന്നലെയും എടുത്തതല്ല. കുട്ടിക്കാലത്ത് ബോർഡിങ് സ്കൂളിൽ പഠിക്കുന്ന കാലയളവിൽ തന്നെ പാവപ്പെട്ടവരെ കാണുമ്പോൾ അനുകമ്പ തോന്നിയിരുന്നു. എന്നെങ്കിലും, കാശുണ്ടായാൽ മറ്റുള്ളവരെ സഹായിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ഭർത്താവ് ജോസഫ് ഔസോയും ധാരാളം ചാരിറ്റി പ്രവർത്തനങ്ങൾ ചെയ്യുന്ന വ്യക്തിയാണ്,' തന്റെ ജീവിത തത്വശാസ്ത്രത്തെക്കുറിച്ച അവർ മുൻപ് പറയുകയുണ്ടായി .






കാലിഫോർണിയ ലോസ് ആഞ്ചലസിലെ വാലി ക്ലബ്, ഒരുമ, ഇൻലൻഡ് എമ്പയർ എന്നീ സംഘടനകളിൽ പ്രവർത്തിച്ച ശേഷമാണ് ഫോമായുടെ ഭാഗമാകുന്നത്. 2012 മുതൽ ഫോമായിൽ സജീവമാണ്. ഫോമായുടെ ഏതെങ്കിലും സ്ഥാനം വഹിക്കുകയാണെങ്കിൽ കൂടുതൽ ചാരിറ്റി പ്രവർത്തനങ്ങൾ ചെയ്യാമെന്ന് മനസ്സിലാക്കിക്കൊണ്ടാണ്,വനിതാ ഫോറത്തിന്റെ ചെയർപേഴ്സൺ ആകാൻ അവസരം ലഭിച്ചപ്പോൾ അത് സ്വീകരിച്ചതുതന്നെ.

നാഷണൽ കമ്മിറ്റി അംഗമെന്ന നിലയിൽ തന്റെ പ്രവർത്തനങ്ങൾ തുടരുമെന്നവർ പറയുന്നു. സംഘടനയെ ശക്തിപ്പെടുത്തുകയും കൂട്ടായ പ്രവർത്തനം കാഴ്ച വയ്ക്കുകയും ചെയ്യും.




തോമസ് തോമസ്
കാനഡയിൽ നിന്ന്
ഫോമാ പ്രസിഡന്റ്
(2024- 26)
സ്ഥാനാർഥി
മികവിന്റെ പാരമ്പര്യം കൈമുതൽ
അവിഭക്ത ഫൊക്കാനയിലും ഫോമായിലും
കരുത്തുറ്റ നേതൃത്വം
ഫോമായിൽ പ്രാദേശിക സന്തുലനം ആവശ്യം

# കല നമ്മെ ഒന്നിപ്പിക്കുന്നു: വൈ.എം.എ. പ്രവർത്തനോദ്ഘാടനത്തിൽ രചന നാരായണൻകുട്ടി

യോങ്കേഴ്സ്, ന്യു യോർക്ക്: യോങ്കേഴ്സ് മലയാളി അസോസിയേഷന്റെ 2024 ലെ പ്രവർത്തനോദ്ഘാടനവും കലാപരിപാടികളും പ്രശസ്ത നടിയും നർത്തകിയുമായ രചന നാരായണൻ കുട്ടി നിർവഹിച്ചു.

മഴയും തണുപ്പും അവഗണിച്ച് നിരവധി പേര് യോങ്കേഴ്സ് പബ്ലിക്ക് ലൈബ്രറി അങ്കണത്തിൽ നടന്ന പരിപാടിയിൽ പങ്കെടുത്തു. ഫൊക്കാനയുടെയും ഫോമായിടെയും നേതാക്കളുടെ സാന്നിധ്യവും ശ്രദ്ധേയമായി. പ്രവേശനവും ഭക്ഷണവും സൗജന്യമായിരുന്നു.

ബിന്ധ്യ ശബരിയുടെ നേതൃത്വത്തിലുള്ള മയൂര ആർട്ട്സ്, ലിസ ജോസഫ് നേതൃത്വം നൽകുന്ന നാട്യമുദ്ര എന്നിവ അവതരിപ്പിച്ച നൃത്തങ്ങൾ ഹൃദയഹാരിയായി. സിജി ആനന്ദും ജന്യ പീറ്ററും ഗാനങ്ങൾ ആലപിച്ചു.


ലിസ് ദീപു ആയിരുന്നു എംസി. അസോസിയേഷൻ പ്രസിഡന്റ് പ്രദീപ് നായർ ആമുഖ പ്രസംഗം നടത്തി. സെക്രട്ടറി ജോഫ്രിൻ ജോസ് സ്വാഗതവും ട്രഷറർ ഷോബി ഐസക് നന്ദിയും പറഞ്ഞു

അപ്രതീക്ഷിതമായാണ് കെ.എച്ച് .എൻ.എ കൺവൻഷനിൽ വച്ച് പ്രദീപ് നായരെ കണ്ടതും ഇവിടെ വരാൻ കഴിഞ്ഞതുമെന്ന് രചന നാരായണൻ കുട്ടി പറഞ്ഞു. കൾച്ചറൽ പ്രോഗ്രാംസ് സംഘടിപ്പിക്കുന്നവരെ താൻ ഏറെ ആദരിക്കുന്നു. പണ്ട് കാലത്തു രാജാക്കന്മാരാണ് കലകളെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിച്ചിരുന്നത്. ഇന്നിപ്പോൾ അത് സ്പോണ്സര്മാരായി. അമേരിക്കയിലും ഭാരതീയ സംസ്കാരത്തെ ഉയർത്തിപ്പിടിക്കാൻ അവർ ശ്രമിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്.

ഭിന്നതകൾക്കിടയിലും നമ്മെ ഒന്നിപ്പിക്കുന്നത് കലയാണ്. ഭക്ഷണവും ഇതുപോലെ നമ്മെ ഒന്നിപ്പിക്കുന്നതാണെന്നു കരുതുന്നു. പരസ്പരമുള്ള ബന്ധങ്ങളും സ്നേഹവും വളർത്തുന്നതിനുള്ള ശ്രമങ്ങളെയെല്ലാം നാം ആദരപൂർവം കാണുന്നു-അവർ ചൂണ്ടിക്കാട്ടി.









# രചന നാരായണൻ കുട്ടിയും ബിന്ധ്യ ശബരിയും ഒന്നിക്കുന്ന 'മൺസൂൺ അനുരാഗ' 23 –നു ന്യൂ ജേഴ്സിയിൽ

യോങ്കേഴ്സ്, ന്യു യോർക്ക്: പ്രസിദ്ധ നടിയും നർത്തകിയുമായ രചന നാരായണൻ കുട്ടിയുടെ സൃഷ്ടി സെന്റർ ഫോർ ആർട്ട്സ് ആൻഡ് കൾച്ചറും ബിന്ധ്യ ശബരി നേതൃത്വം നൽകുന്ന മയൂര സ്കൂൾ ഓഫ് ആർട്ട്സും ചേർന്ന് ഒരുക്കുന്ന 'മൺസൂൺ അനുരാഗ' നൃത്തശിൽപം ഈ മാസം 23 -നു ന്യു ജേഴ്സിയിൽ വെയ്നിൽ അരങ്ങേറുന്നു .

മയൂരയിൽ നിന്നുള്ള സീനിയർ നർത്തകിമാർക്കൊപ്പം സൃഷ്ടിയിൽ നിന്നുള്ള നർത്തകരും പങ്കെടുക്കും.

മഴയുടെ സൗന്ദര്യം, ഋതുക്കളുടെ മാറ്റം, പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യം തുടങ്ങിവയെല്ലാം വിഷയമായാണ് ഈ നൃത്തശില്പം രൂപപ്പെടുത്തിയിട്ടുള്ളതെന്ന് യോങ്കേഴ്സ് മലയാളി അസോസിയേഷന്റെ പ്രവർത്തനോദ്ഘാടനത്തിൽ രചന നാരായണൻ കുട്ടി പറഞ്ഞു. ഇതിനു മോഹൻ ലാൽ തയ്യാറാക്കിയ അവതരണവും അവർ പുത്തു വിട്ടു

സഹൃദയരായ എല്ലാവരും ഈ പരിപാടിയിൽ പങ്കെടുക്കണം. സമ്മേളനത്തിലും മറ്റും താൻ ചെല്ലുമ്പോൾ കുറെ പേർ നടിയെ കാണാൻ വേണ്ടി നിൽക്കും. കുറച്ചു കഴിഞ്ഞ് അവർ പോകും. വേറൊരു കൂട്ടർ കുറച്ച് നേരം കൂടി ഇരുന്ന ശേഷം സ്ഥലം വിടും. അവശേഷിക്കുന്നവരാണ് സഹൃദയർ. അതായത് സമാനഹൃദയമുള്ളവർ. ഈ പരിപാടിയിൽ എല്ലാവരും സഹൃദയരായി വരണം.

തന്റെ ബാല്യകാല സുഹൃത്താണ് ബിന്ധ്യ ശബരി. തങ്ങൾ ഒരുമിച്ച പല നൃത്തപരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്.

ഇതിനു പിന്നിൽ ഒരു സദുദ്ദേശമുണ്ട്. 2018 ൽ പ്രളയം ഉണ്ടായപ്പോൾ ഇവിടെ നിന്നുമെല്ലാം വലിയ സഹായങ്ങൾ നാട്ടിലേക്കെത്തുകയുണ്ടായി. കലാകാരി എന്ന നിലയിൽ തനിക്ക് എന്ത് ചെയ്യാനാവുമെന്ന ചിന്തയിൽ നിന്നാണ് ഈ നൃത്തശിൽപ്പത്തെപ്പറ്റിയുള്ള ആശയം ജനിക്കുന്നത്. ഒരുപാട് പേർ ഇതിനു പിന്തുണ നൽകി. ന്യൂ ജേഴ്സിയയിൽ ഇത് 27 മത് സ്റ്റേജ് ആണ് . നേരത്ത ഇന്ത്യയിൽ പല സ്ഥലത്തും ഇത് അവതരിപ്പിച്ചു.

മയൂരയിൽ പഠിച്ച അരങ്ങേറ്റം കഴിഞ്ഞ കുട്ടികളാണ് ഇതിൽ പങ്കെടുക്കുന്നതെന്ന് ബിന്ദ്യ ശബരി പറഞ്ഞു.

മാർച്ച 23 വൈകിട്ട് 6 മുതൽ 8:30 വരെ

റോസൻ പെർഫോമിംഗ് ആർട്സ് സെന്റർ, വെയിൻ, ന്യൂ ജേഴ്സി






YONKERS
ISTORICAL SOCIETY















Yonkers
Public Library






VOTE FOR FOKANA
Team Legacy 2024 - 2026
Executive Committee
We Stand For "One FOKANA"
Dr Kala Shahi
Presidential Candidate
Washington, D.C.
George Panicker
General Secretary
Chicago
Rajan Samuel
Treasurer
PA
Shaju Sam
Executive Vice President
New York
Roy George
Vice President
Canada
Biju Thoombil
Associate Secretary
Boston
Santhosh Ayipe
Associate treasurer
Houston Texas
Devassy Palatty
Addl Associate
treasurer
New jersey
Nisha Eric
Women's
Forum Chair
Chicago
Dr. Aju Oommen
Addl Associate
Secretary
New York

# സമൂഹ ശിൽപ്പികൾ സ്ത്രീകൾ



ജ്യോതിലക്ഷ്മി നമ്പ്യാർ,
മുംബൈ

വനിതാ മുന്നേറ്റം ഇന്ന് ദ്രുതഗതിയിലാണ്. ഇന്നത്തെ കാലഘട്ടത്തിൽ സ്ത്രീ വിദ്യാഭ്യാസ സമ്പന്നയാണ്. അതുകൊണ്ടുതന്നെ മാന്യമായ എന്ത് തൊഴിലെടുത്തതും ജീവിക്കാൻ അവൾ സ്വയം പര്യാപ്തത നേടിക്കഴിഞ്ഞിരിക്കുന്നു. സ്വയം പര്യാപ്തത നേടിയ സ്ത്രീ സ്വതന്ത്രയാണ്.

സ്ത്രീ സ്വാതന്ത്രയാണെന്ന് പറഞ്ഞാലും നിലവിലുള്ള സാമൂഹിക ചട്ടക്കൂട്ടിൽ സ്ത്രീക്ക് അഭിമുഖീകരിക്കേണ്ടതായ ഒരുപാട് പ്രശ്നങ്ങൾ ഇന്നുമുണ്ട്. മിക്കവാറും സ്ത്രീകൾ ആ പ്രശ്നങ്ങളെ മുന്നിൽക്കണ്ട് ഉള്ള സാഹചര്യത്തിൽ സംതൃപ്തിയുള്ളവളായി തുടരുന്നു. മറ്റുചിലർ സാഹചര്യങ്ങളെ അതിജീവിക്കാൻ ശ്രമിക്കുന്നു. പ്രതിബന്ധങ്ങൾ സ്ത്രീകളെ പൂർവ്വാധികം ബലിഷ്ഠരാക്കുന്നു ഇത്തരക്കാർക്ക് ജീവിതം പലപ്പോഴും ഒരു വെല്ലുവിളിയാകാറുണ്ട്. ആത്മഹത്യകൾ, കൊലപാതകങ്ങൾ, പീഡനങ്ങൾ, അപവാദങ്ങൾ തുടങ്ങിയവ ചിലപ്പോൾ ചെറുത്തുനിൽപ്പിന്റെ പരിണിത ഫലങ്ങളാകാറുണ്ട്. ഇത്തരത്തിലുള്ള അനാവശ്യ ഫലങ്ങളെ ഒഴിവാക്കാൻ അവൾക്ക് കൂടുതൽ ശക്തിയാർജ്ജിക്കേണ്ടതായി വരുന്നു.

ജീവിതത്തിന്റെ എല്ലാ തുറകളിലും ഇന്ന് സ്ത്രീ സാന്നിധ്യം ഉണ്ട്. സ്ത്രീകൾ അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിൽ ഇന്ന് ബദ്ധശ്രദ്ധരാണ്. സ്ത്രീകളുടെ കഴിവിനെ അംഗീകരിക്കുന്നതിനായി നടന്നിട്ടുള്ള പല ഐതിഹാസിക പോരാട്ടങ്ങളും അതിന്റെ വിജയവും വനിതാ മുന്നേറ്റത്തിന്റെ ശക്തിയെ സൂചിപ്പിക്കുന്നു പുരുഷനൊപ്പം സഞ്ചരിക്കാൻ സ്ത്രീയും ശക്തയാണെന്ന് തെളിയിച്ചുകഴിഞ്ഞു. എന്നിട്ടും സമൂഹത്തിൽ സ്ത്രീകൾക്ക് ചില പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നു. സ്ത്രീസ്വാതന്ത്രവദിയായി പുരുഷസമൂഹത്തെ വെല്ലുവിളിക്കുന്നതുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ല. അതുകൊണ്ടുതന്നെ ഇന്ന് സ്ത്രീ സംരംഭക വിപ്ലവത്തിന്റെ പാതയിലാണ്.



ശിശുപാലനവും ഗൃഹഭരണവും സ്ത്രീയുടെ ഉത്തരവാദിത്വമാണെന്ന വ്യവസ്ഥാപിത കാഴ്ചപ്പാട് സ്ത്രീകളെ വിദ്യാഭ്യാസരംഗത്തു നിന്നും പലപ്പോഴും പിന്തിരിപ്പിക്കാറുണ്ട്. തന്മൂലം ഉന്നതജോലികൾ അവർക്ക് അപ്രാപ്യമാകുന്നു. ഇന്ന് ഈ സാഹചര്യത്തിൽ അൽപ്പം മാറ്റം വന്നിട്ടുണ്ട് എങ്കിലും വനിതാ മുന്നേറ്റത്തിന്റെ വെല്ലുവിളികളിൽ ഒന്നായി ഇത് തുടരുന്നു. ഒരേ ജോലിക്ക് തന്നെ സ്ത്രീകൾക്ക് കുറഞ്ഞ വേതനം നൽകുന്ന സമ്പ്രദായങ്ങൾക്ക് മാറ്റം വരുന്നെങ്കിലും അതെല്ലാം സ്ത്രീകൾ നേരിടുന്ന പ്രതിസന്ധികളാണ്. പ്രകൃതി അവരിൽ ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങളും അവർക്ക് പലപ്പോഴും മുന്നോട്ടുള്ള പ്രയാണത്തിന് തടസ്സമാകാറുണ്ട്. അതുകൊണ്ട് ഒരു നല്ല ശതമാനം സ്ത്രീകൾ തൊഴിൽരഹിതരാണ്. എന്നാൽ സ്ത്രീ ശാക്തീകരണവും പ്രബോധനങ്ങളും വഴി സ്ത്രീ സുരക്ഷയും സുഭദ്രയുമായിക്കൊണ്ടരിക്കുന്നു. വനിതാ അന്താരഷ്ട്രദിനം പോലെയുള്ള ആഘോഷങ്ങളിലൂടെ സ്ത്രീകൾ അവരുടെ കഴിവും അവസരങ്ങളും തിരിച്ചറിയുകയും അതിനായി മുന്നോട്ട് വരികയും ചെയ്യുന്നു. തന്മൂലം

emalayalee.com


Helping Families Build
A BETTER FINANCIAL FUTURE!
ABRAHAM
&ASSOCIATES
Jacob Abraham
516.244.5941
Sherin Abraham
516.312.5849
Jayden Abraham
516.996.8077
Independent Financial Service Representatives Affiliated with More Than 70 Leading Companies Serving all 50 States
SERVICES INCLUDE
RETIREMENT PLANNING | TAX FREE RETIREMENT | GROW YOUR MONEY WITH DOWNWARD PROTECTION | ASSET PROTECTION STRATEGIES | 401K, 403B, IRA ROLLOVERS
DEBT MANAGEMENT | LONG TERM CARE DISABILITY INSURANCE | FIXED INDEXED ANNUITIES
COLLEGE PLANNING OTHER THAN 529 | LIFE INSURANCE WITH LIVING BENEFITS
OUR PRODUCT | PROVIDER LINE INCLUDES
A great opportunity to partner with us to start your business! We provide free financial education and analysis.
Contact us For The Best Tax free retirement strategy or for any other financial needs. eMail: sherinjake@gmail.com

ശാസ്ത്ര സാങ്കേതികരംഗത്തും കായികരംഗത്തുമൊക്കെ സ്ത്രീകളുടെ പ്രാതിനിദ്യം ഇന്ന് വർദ്ദിച്ചുകൊണ്ടേയിരിക്കുന്നു.

സമകാലീന സാഹിത്യരംഗത്തും കഴിവുറ്റ നിരവധി എഴുത്തുകാരികൾ പ്രത്യക്ഷപ്പെടുന്നുണ്ട്. അവരുടെ സാഹിത്യസംഭാവനകൾ വായനക്കാരും നിരൂപകരും അംഗീകരിക്കുന്നു. സമൂഹത്തിലെ നെറികേടുകൾക്കെതിരെയാണ് അവരുടെ അക്ഷരങ്ങൾ പടവെട്ടുന്നത്. ഒരു സാഹിത്യകാരൻ ഒരു സൃഷ്ടി നടത്തുമ്പോൾ ഒരൽപ്പം അവരുടെ ആത്മാംശം അതിലടങ്ങും. അതൊരു സ്ത്രീയാണെങ്കിൽ അവൾക്ക് അല്ലെങ്കിൽ സമൂഹത്തിൽ അവളെപ്പോലുള്ളവർ അനുഭവിച്ച ഒരു സാഹചര്യത്തെയാകാം അവളുടെ രചനകൾ വെളിച്ചത്തുകൊണ്ടുവരുന്നത്. ഇത് തീർച്ചയായും സമൂഹത്തിന് പറയാനുള്ളതുതന്നെയാണ്. ഒരു സ്ത്രീ എഴുതി എന്നതുകൊണ്ടുമാത്രം അതിനെ 'പെണ്ണെഴുത്ത്' എന്ന് വിളിച്ച് അകറ്റിനിർത്തുന്നു. ഒരു സ്ത്രീ എഴുതുമ്പോൾ അവളിലെ സർഗ്ഗാത്മികമായ കഴിവിനെ പലപ്പോഴും അംഗീകരിക്കാതെപ്പോകുന്നു. ഇത്തരത്തിലുള്ള വെല്ലുവിളികളെയാണ് സ്ത്രീശക്തി മറികടക്കേണ്ടത്. ഇതേക്കുറിച്ചാണ് സ്ത്രീ ചിന്തിക്കേണ്ടത്.

പരമ്പരാഗത സമൂഹത്തിൽ ഉത്തമ സ്ത്രീകൾ വീടിൻെറ ചുമരുകൾക്കുള്ളിൽ തളക്കപ്പെട്ടപ്പോഴും അവരിൽ പലരും സാഹിത്യരചനകൾ നടത്തി. നിരാശരും നിരാലംബരുമായ സ്ത്രീകളെ കർമ്മോന്മുഖരാക്കി സമൂഹത്തിൽ പങ്കാളികളാക്കാൻ അവരുടെ രചനകൾക്ക് കഴിഞ്ഞു. വനിതാ മുന്നേറ്റത്തിൽ സ്ത്രീകളുടെ തന്നെ രചനകൾക്ക് ശക്തമായ സ്വാധീനം ചെലുത്താൻ കഴിയും.

> **പരമ്പരാഗത സമൂഹത്തിൽ ഉത്തമ സ്ത്രീകൾ വീടിൻെറ ചുമരുകൾക്കുളിൽ തളക്കപ്പെട്ടപ്പോഴും അവരിൽ പലരും സാഹിത്യരചനകൾ നടത്തി. നിരാശരും നിരാലംബരുമായ സ്ത്രീകളെ കർമ്മോന്മുഖരാക്കി സമൂഹത്തിൽ പങ്കാളികളാക്കാൻ അവരുടെ രചനകൾക്ക് കഴിഞ്ഞു. വനിതാ മുന്നേറ്റത്തിൽ സ്ത്രീകളുടെ തന്നെ രചനകൾക്ക് ശക്തമായ സ്വാധീനം ചെലുത്താൻ കഴിയും.**

മറ്റൊന്ന് ,സ്ത്രീകളെ ദുര്ബലരാക്കാൻ പണ്ടുമുതലേ സമൂഹം ഉപയോഗിക്കുന്ന ആയുധമാണ് ലൈംഗികാപവാദങ്ങൾ. അവളുടെ കടമകൾ എല്ലാം ഭംഗിയായി നിറവേറ്റുന്നതിനോടൊപ്പം കഠിനാദ്ധ്വാനത്താൽ എന്തെങ്കിലും ഒന്ന് നേടിയെടുത്തുകഴിഞ്ഞാൽ അതിനെ അവളുടെ കുടുംബമോ സമൂഹമോ പലപ്പോഴും വേണ്ടത്ര വിലകല്പിക്കാറില്ല. അവളുടെ വിജയത്തിനുപിന്നിൽ പുരുഷനുണ്ടെന്ന് അവകാശപ്പെടാറുണ്ട്. അല്ലെങ്കിൽ അവൾ ആ വിജയം കൈവരിച്ചത് തെറ്റായ മാർഗ്ഗത്തിലൂടെയാണെന്ന് ആരോപിക്കപ്പെടാറുണ്ട്. അവയെല്ലാം ചെറുത്ത് നിൽക്കുന്നവർക്ക് ഫെമിനിസ്റ്റ് എന്ന മുദ്ര സമൂഹം ചാർത്തികൊടുക്കുന്നു.

ഇത്തരത്തിൽ ഒരുപാട് സ്ത്രീകൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ ഇനിയും സമൂഹത്തിൽ നിന്നും തുടച്ചുമാറ്റപ്പെടേണ്ടതുണ്ട്. കാലങ്ങളോളമുള്ള പരിശ്രമത്തിന്റെ ഫലമായി സ്ത്രീ ശക്തിക്ക് പല പ്രശ്നങ്ങളെയും സമൂഹത്തിൽനിന്നും പുറംതള്ളാനും, സ്ത്രീയുടെ പല കഴിവുകളെ ആരെയും ഭയക്കാതെ പ്രകടമാക്കാനും കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും സ്ത്രീയെക്കുറിച്ചുള്ള സമൂഹത്തിന്റെ ചില ഇടുങ്ങിയ കാഴ്ചപ്പാടുകളെ മുഴുവനായി മാറ്റാൻ ഇനിയും കഴിഞ്ഞിട്ടില്ല. പുറമേക്കാണുന്ന ശാരീരിക സൗന്ദര്യമല്ല യഥാർത്ഥ സ്ത്രീ. ഒരു കുടുംബം മുന്നോട്ടുകൊണ്ടുപോകുന്നതിൽ, നല്ലൊരു തലമുറയെ പാകപ്പെടുത്തുന്നതിൽ, ഒരു സമൂഹം നിലനിർത്തുന്നതിൽ അവൾക്കുള്ള വിലയേറിയ പങ്കിനെയാണ്, ഒരിക്കലും തളരാത്ത അവളിലെ ശക്തിയാണ് യഥാർത്ഥ സ്ത്രീ എന്ന പ്രപഞ്ച സത്യം മനസ്സിലാക്കി എവിടെയും ബഹുമാനം അർഹിക്കുന്നവളാണ് അവൾ. സമൂഹത്തെ ഈയൊരു വിശാലമായ കാഴ്ചപ്പാടിലേക്ക് എത്തിക്കുന്നതിനു സ്ത്രീ ഇനിയും അതിരുകളെ ഭയക്കാതെ മുന്നോട്ടു വരണം. വനിതകളുടെ മുന്നേറ്റം അഭംഗുരം തുടർന്നുകൊണ്ടേയിരി ക്കണം . അതിനായ് വനിതകൾ കൈകോർക്കുക, സഹകരിക്കുക, പരസ്പരം ശക്തി പകരുക.





GRAND OPENING
(under new management)
Monday Dec.19th
M
MAHARAJA
SUPERMARKET
Indian Groceries
Snacks
Frozen Foods
Fresh Vegetables Daily
Fresh | Frozen Fish
Meat Market
1620 Hillside Ave, New Hyde Park, NY 11040
1-516-775-3900

# തെരഞ്ഞെടുപ്പ് സ്ഥാനാർത്ഥി പട്ടിക ആദ്യം പ്രഖ്യാപിച്ച് ബി.ജെ.പി.യുടെ സമരരഥം പോർക്കളത്തിൽ എത്തുമ്പോൾ

**കേരളത്തിൽ മൊത്തം 34 കേന്ദ്രമന്ത്രിമാരാണ് ആദ്യ സ്ഥാനാർത്ഥി പട്ടികയിൽ ഉള്ളത്. ഇത് വലിയ ഒരു പരീക്ഷണം ആണ്. എന്ത് ബലികഴിച്ചും തെരഞ്ഞെടുപ്പ് 370 പ്ലസ് അംഗബലത്തിൽ ജയിക്കുവാനുള്ള പാർട്ടിയുടെ തീരുമാനത്തിന്റെ ഭാഗമായിട്ടാണ് ഇത്.**



പി.വി.തോമസ


## ദൽഹികത്ത്

ജനാധിപത്യത്തിൽ തെരഞ്ഞെടുപ്പ് ഒരു മഹായുദ്ധം ആണ്. രാജ്യത്തിന്റെ അഞ്ചു വർഷത്തേക്കുള്ള ഭരണസാരഥിയെ നിശ്ചയിക്കുന്ന സമരം. സമാഗതമായ ലോകസഭ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി നിർണ്ണയത്തിന്റെ ചൂടേറിയ തെരക്കിലാണ് രാഷ്ട്രീയ പാർട്ടികൾ. 195 സ്ഥാനാർത്ഥികളുടെ പേര് അടങ്ങിയ ബി.ജെ.പി.യുടെ സ്ഥാനാർത്ഥി പട്ടിക രാഷ്ട്രീയലക്ഷ്യം വിളംബരം ചെയ്യുന്നതാണ്. 20 ശതമാനം എം.പി.മാരെ മാത്രമാണ് വീണ്ടും മത്സരിപ്പിക്കുന്നത്. നിലവിലുള്ള എം.പി.മാരിൽ പാർട്ടിയുടെ രാഷ്ട്രീയ ലക്ഷ്യത്തോടും നിലപാടിനോടും കൂറുപുലർത്തുകയും അത് പ്രാവർത്തികമാക്കുകയും ചെയയുന്നവർക്കു മാത്രമാണ് വീണ്ടും സീറ്റു നൽകിയിരിക്കുന്നത്.

പ്രധാനമന്ത്രി നരേന്ദ്രമോദിയും ആഭ്യന്തരമന്ത്രി അമിത് ഷായും സ്വാഭാവികമായി ആദ്യപട്ടികയിൽ തന്നെ ഇടം പിടിച്ചിട്ടുണ്ട്. മോദി അദ്ദേഹത്തിന്റെ പ്രിയപ്പെട്ട കാശി എന്ന വാരാണസിയിൽ നിന്നും ആണ് വീണ്ടും തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നത്. മോദി സ്വന്തം സംസ്ഥാനം



വിട്ട് ഉത്തർപ്രദേശിൽ നിന്നും മത്സരിക്കുമ്പോൾ ്അദ്ദേഹത്തിന്റെ ചാണക്യനായ അമിത്ഷാ മാതൃസംസ്ഥാനമായ ഗുജറാത്തിലെ ഗാന്ധി നഗറിൽ നിന്നുമാണ് വീണ്ടും മത്സരിക്കുന്നത്. 57 ശതമാനം സ്ഥാനാർത്ഥികൾ മറ്റു പിന്നോക്ക വിഭാഗത്തിൽ നിന്നും 50 വയസ്സിൽ താഴെയുള്ളവരും ആണ്. ഇത് ബി.ജെ.പി.യുടെ പുതിയ സാമൂഹ്യ വൈദഗദ്ധ്യത്തിന്റെ ഭാഗമായിട്ടാണ്. രാജ്യ രക്ഷാമന്ത്രി രാജ്നാഥ് സിംങ്ങും മുൻ മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിംങ്ങ് ചൗഹാനും സിവിൽ ഏവിയേഷൻ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യയും ആദ്യപട്ടികയിൽ ഇടം പിടിച്ചിട്ടുണ്ട്. രാജ്നാഥ് സിംങ്ങ് നല്ല പ്രകടനം കാഴ്ച വച്ചവരുടെ ലിസ്റ്റിലാണ്. ചൈനയുമായിട്ടുള്ള അതിർത്തിയിൽ ഇൻഡ്യക്ക് ഭൂമി നഷ്ടപ്പെട്ട ആരോപണങ്ങളും നിലവിലുണ്ട്. ചൗഹാന് മുഖ്യമന്ത്രി സ്ഥാനം രാഷ്ട്രീയതന്ത്രത്തിന്റെ ഭാഗമായി നഷ്ടപ്പെട്ട സാഹചര്യത്തിലാണ് അദ്ദേഹത്തെ ലോകസഭയിലേക്ക് കൊണ്ടുവരുവാൻ പാർട്ടി തീരുമാനിച്ചത്. സിന്ധ്യ കോൺഗ്രസിലെ സമുന്നതനായ ഒരു നേതാവും രാഹുൽഗാന്ധിയുടെ അടുത്ത സുഹൃത്തും ആയിരിക്കവെയാണ് അദ്ദേഹം ബി.ജെ.പി.യിൽ എത്തുന്നത്. അദ്ദേഹത്തെയും കൈവെടിഞ്ഞിട്ടില്ല പാർട്ടി. അമേഠിയിൽ രാഹുൽഗാന്ധിയെ തോൽപിച്ച(2019) സ്മൃതി ഇറാനി ഇപ്രാവശ്യം പട്ടികയിൽ ഉണ്ട്. വടക്കു കിഴക്കൻ സംസ്ഥാനക്കാരനായ കിരൺ റിജിജുവും മത്സരാർത്ഥിയായി രംഗത്തുണ്ട്. മൊത്തം 34 കേന്ദ്രമന്ത്രിമാരാണ് ആദ്യസ്ഥാനാർത്ഥി പട്ടികയിൽ ഉള്ളത്. ഇത് വലിയ ഒരു പരീക്ഷണം ആണ്. എന്ത് ബലികഴിച്ചും തെരഞ്ഞെടുപ്പ് 370 പ്ലസ് അംഗബലത്തിൽ ജയിക്കുവാനുള്ള പാർട്ടിയുടെ തീരുമാനത്തിന്റെ ഭാഗമായിട്ടാണ് ഇത്. സ്പീക്കർ ഓ. ബിർള


Now baking 4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727




> **കേരളത്തിൽ ഏ.കെ. ആന്റണിയുടെ മകനെ പത്തനംതിട്ടയിൽ നിറുത്തുകവഴി പാർട്ടി കോൺഗ്രസിന്റെ മർമ്മത്തിലാണ് കുത്തിയത്. വിജയമോ പരാജയമോ അല്ല ഇവിടെ വിഷയം. കേന്ദ്രമന്ത്രിമാരായ രാജീവ് ചന്ദ്രശേഖറെയും (തിരുവനന്തപുരം), വി.മുരളീധരൻ(ആറ്റിങ്ങൽ) പരീക്ഷിക്കുക വഴി പാർട്ടി ഒരു സീറ്റിനായി കേഴുന്നതായി കാണാം.**

ഭരണകക്ഷിയുടെ കണ്ണും കാതും നാവും ആയി ലോകസഭയിൽ പ്രവർത്തിക്കുന്നതിന്റെ പ്രതിഫലമായി അദ്ദേഹത്തിനും സീറ്റു ലഭിച്ചിട്ടുണ്ട്.

ഏറ്റവും കൂടുതൽ സീറ്റുകൾ പ്രഖ്യാപിച്ചിട്ടുള്ളത് 80 സീറ്റുകൾ ഉള്ള ഉത്തർപ്രദേശിൽ ആണ്. 51 സീറ്റുകൾ ആദ്യപട്ടികയിൽ ഉണ്ട്. ഉത്തർപ്രദേശ് ബി.ജെ.പി.യുടെ വിജയത്തിൽ നിർണ്ണായകം ആണ്. മുഖ്യമന്ത്രി യോഗ ആദിത്യനാഥിന്റെ കോട്ടയാണ് ഇത്. പ്രഖ്യാപിത നിയമലംഘകരെ ക്യാമറയുടെ മുമ്പിൽ വച്ച് ലൈവായിട്ട് വെടിവെച്ചു കൊല്ലുന്ന സംസ്ഥാനം ആണ് യോഗിയുടേത്. വാരണാസിയിൽ മേദിയുടെ മത്സരം സംസ്ഥാനമാകെ ഒരുണർവ്വ് നൽകുവാൻ സാദ്ധ്യതയുണ്ട്. ആദ്യ ലിസ്റ്റിൽ വന്ന മറ്റു സംസ്ഥാനങ്ങൾ മധ്യപ്രദേശ്(24), ഗുജറാത്ത്(14), ബംഗാൾ(20), രാജസ്ഥാൻ(15), കേരളം (12), ഛത്തീസ്ഘട്ട്(11), ഝാർഖണ്ഡ്(11), ആസാം(11), തെലുങ്കാന(9),



ദൽഹി(5), ഉത്തരാഖണ്ഡ്(5), ജമ്മു-കാശ്മീർ(2), അരുണാചൽ പ്രദേശ്(2), ഗോവ(1), ത്രിപുര(1), ആന്റമാൻസ്(1), ഡാമൻ ഡ്യൂ(1). വലിയ സംസ്ഥാനങ്ങളിൽ ചിലതായ മഹാരാഷ്ട്ര, ബീഹാർ, ആന്ധ്ര, പഞ്ചാബ് എന്നിവടങ്ങൾ ആദ്യപട്ടികയിൽ ഇടം പിടിച്ചിട്ടില്ല. ഈ സംസ്ഥാനങ്ങളിൽ ബി.ജെ.പി. സഖ്യത്തിലോ സഖ്യ തെരയുകയോ ചെയ്യുകയാണ്.

ഒഡീഷ്യയിലും ബി.ജെ.പി.-ബിജു ജനതാദൾ(ബി.ജെ.ഡി.) സഖ്യം തെളിഞ്ഞു വരുകയാണ്. ആദ്യ പട്ടിക പാർട്ടിയുടെ ആത്മവിശ്വാസവും ആത്മ ധൈര്യവും വിളിച്ചോതുന്നവയാണ്. പ്രത്യേകിച്ചും മന്ത്രിസഭയുടെ അവസാനമീറ്റിംങ്ങിൽ മോദിയുടെ അദ്ധ്യക്ഷതയിൽ ബി.ജെ.പി. പുതിയ സർക്കാർ രൂപീകരിച്ചു കഴിയുമ്പോൾ ആദ്യത്തെ 100 ദിവസങ്ങളിൽ ചെയ്യേണ്ട കാര്യങ്ങളുടെ പട്ടിക തയ്യാറാക്കിയതും. ഇതെല്ലാം എതിരാളികളുടെ ആത്മവീര്യം കെടുത്തുവാനുള്ള ചില വിദ്യകൾ ആണ്. മോദിയുടെ എതിരാളികളും ഇതേ കളിക്കളം കണ്ടിട്ടുള്ളവരും ഇതേ അടവുകൾ പയറ്റി തെളിഞ്ഞവരും ആണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പാർട്ടി ടിക്കറ്റിൽ ജയിച്ച്, എം.പി.മാരായവരെ ഇപ്രാവശ്യം ഒഴിവാക്കിയത് ഒരു സന്ദേശം ആണ് നൽകുന്നത്. ആരും ഇപ്പോഴത്തെ സ്ഥാനമാനങ്ങൾ എക്കാലത്തേക്കും ഉള്ളതാണെന്ന് കരുതരുത്. എന്നാൽ പാർട്ടിയോട് നിത്യകൂറ് ഉള്ളവരെ സംരക്ഷിച്ചിട്ടും ഉണ്ട്. ഒരു ചതുരംഗപ്പലകയിലെ കരുനീക്കത്തിന് തുല്യമാണ്. ഇതെല്ലാം. സ്വാധീനമുള്ളവരെയും മറ്റു പാർട്ടികളിൽ നിന്നും കൂറുമാറിവന്നവരെയും പാർട്ടി പട്ടികയിൽ പരിരക്ഷിച്ചിട്ടുമുണ്ട്. ദൽഹി വലിയ ഒരു പരീക്ഷണത്തിന്റെ വേദിയായി മാറി. ആകെയുള്ള ഏഴു സീറ്റുകളിൽ ആദ്യപട്ടികയിൽ ഇടം പിടിച്ച അഞ്ച് സീറ്റുകളിൽ നാല് എം.പി.മാരെയും മാറ്റി. മുൻകേന്ദ്രമന്ത്രി ഹർഷവർദ്ധനും സീറ്റു ലഭിച്ചില്ല. ഒരു പുതുമയുള്ളത് കേരളത്തിലെ മലപ്പുറത്തുനിന്നും ഒരു മുസ്ലീം സ്ഥാനാർത്ഥിയെ- അബ്ദുൾ സലാം- നിറുത്തിയിട്ടുണ്ടെന്നാണ്. 2014-ൽ മോദി വന്നതിനു ശേഷം ഒരു മുസ്ലീം സ്ഥാനാർത്ഥി പോലും ബി.ജെ.പി.യുടെ സ്ഥാനാർത്ഥി പട്ടികയിൽ ഇടംപിടിച്ചിട്ടില്ല. ഇതാണ് ബി.ജെ.പി.യുടെ എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ടുള്ള പുരോഗമനവും ഭരണവും. വിജയിക്കുവാനുള്ള സാദ്ധ്യതയാണ് സ്ഥാനാർത്ഥി നിർണ്ണയത്തിനുള്ള മാനദണ്ഡം. മലപ്പുറത്ത് ഒരു മുസ്ലീം സ്ഥാനാർത്ഥിക്കാണ് എന്തെങ്കിലും സാദ്ധ്യത ഉണ്ടെങ്കിൽ ഉള്ളത്. അതും ഇല്ലെന്ന് പറയാം. ബി.ജെ.പി. ആദ്യ പട്ടികയിൽ പുതുമുഖങ്ങളെ പരീക്ഷിക്കുവാൻ ധൈര്യം കാണിച്ചിട്ടുണ്ട്. പുതുരക്തം പാർട്ടിയിൽ ആവാഹിപ്പിക്കുവാനുള്ള ശ്രമം ആണ് ഇത്. ഒപ്പം സന്ദേശവും. ഓരോ സ്ഥാനാർത്ഥിയെയും കൂലങ്കക്ഷമായ പഠനത്തിനുശേഷമാണ് തെരഞ്ഞെടുത്തതെന്ന് പാർട്ടി അവകാശപ്പെടുന്നു. മോദിയുടെയും ഷായുടെയും മുദ്ര ആദ്യപട്ടികയിൽ ഉണ്ട്.

കേരളത്തിൽ ഏ.കെ. ആന്റണിയുടെ മകനെ പത്തനംതിട്ടയിൽ നിറുത്തുകവഴി പാർട്ടി കോൺഗ്രസിന്റെ മർമ്മത്തിലാണ് കുത്തിയത്. വിജയമോ പരാജയമോ അല്ല ഇവിടെ വിഷയം. കേന്ദ്രമന്ത്രിമാരായ രാജീവ് ചന്ദ്രശേഖറെയും (തിരുവനന്തപുരം), വി.മുരളീധരൻ(ആറ്റിങ്ങൽ) പരീക്ഷിക്കുക വഴി പാർട്ടി ഒരു സീറ്റിനായി കേഴുന്നതായി കാണാം. തിരുവനന്തപുരത്തു ശശി തരൂറിന് ഒരു പക്ഷെ നല്ല ഒരു മത്സരം നൽകുവാൻ രാജീവ് ചന്ദ്രശേഖറിന് കഴിഞ്ഞേക്കും. 2019-ൽ കേരളത്തിൽ ബി.ജെ.പി. രണ്ടാമതായി നിന്ന ഒരേ ഒരു സീറ്റാണ് തിരുവനന്തപുരം. 31 ശതമാനം വോട്ട് ബി.ജെ.പി.ക്ക് ഇവിടെ ലഭിച്ചു. തൃശ്ശൂരിൽ സിനിമനടനും രാഷ്ട്രീയക്കാരനുമായ സുരേഷ്ഗോപിയെ നിറുത്തിയതും മോദി രണ്ടുപ്രാവശ്യം അവിടം സന്ദർശിച്ചതും, അതും ഒരു പ്രാവശ്യം സുരേഷ്ഗോപിയുടെ മകളുടെ വിവാഹത്തിൽ കന്യാദാനം നടത്തുന്ന കാർമ്മികനായും, ബി.ജെ.പി.യുടെ കേരളത്തിൽ ഒരു സീറ്റു തേടിയുള്ള വ്യഗ്രതയുടെ ഭാഗമാണ്. ഭോപ്പാൽ എം.പി. സാധ്വി പ്രാഗ്യ സിംങ്ങ് ഠാക്കൂറിന്റെ 2019-ലെ ഒരു പ്രസ്താവന വിവാദമായി വരുന്നു. മഹാത്മജിയുടെ ഘാതകനായ നാഥൂറാം ഗോഡ്സെയാണത്രെ വലിയ രാജ്യസ്നേഹി. ഇത് രാഷ്ട്രത്തെ ഒന്നടങ്കം നടുക്കിയതാണ്. ഒപ്പം മോദിയും ഇതിൽ അസ്വാരസ്യം പ്രകടിപ്പിച്ചിരുന്നു. ഠാക്കൂറിന് സീറ്റു നിഷേധിച്ചതുകൊണ്ട് ബി.ജെ.പി. ഇതിന്റെ നിലപാട് മാറ്റുമെന്നോ സവർക്കറെ പോലുള്ളവരെ ഒരു പുനഃപരിശോധനക്കു വിധേയമാക്കുമെന്നോ കരുതേണ്ട.

# Got into an accident?
# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!


# ഡാലസിൽ മലയാളി യുവാവിന്റെ സ്വവർഗ്ഗ വിവാഹ ചടങ്ങ് ആശീർവദിക്കപ്പെട്ടു

ഡാളസ്: പ്രണയത്തിന്റെ പ്രയാണത്തിനൊടുവിൽ ജസ്ററിനും ജർമിയും കുടുംബക്കാരുടേയും കൂട്ടുകാരുടേയും പിന്തുണയും സ്നേഹവും അനുഭവിച്ചറിഞ്ഞു അതുപോലെ അവഗണിച്ചവരേയും ചേർത്തു പിടിച്ചവരേയും  വ്യവസ്ഥകൾ ഇല്ലാതെ സ്നേഹിച്ചവരേയും ഈ വിവാഹത്തിൽ കൂടി അവർ തിരിച്ചറിഞ്ഞു. ജീവിതം ദൈവത്തിന്റെ ദാനം ആണ്,  എല്ലാ മനുഷ്യരുടേയും  ഉള്ളിൽ ദൈവാംശം ഉണ്ട്. അത് മനോഹരവും വിലപ്പെട്ടതുമാണ്. ഒതുങ്ങിയും പതുങ്ങിയും ആരും അറിയാതെയും അവനവനിലുള്ള ജനിതക വ്യത്യാസങ്ങൾ പുറത്തു കാട്ടാതെ ജീവിക്കാനുള്ളതല്ല ഈ ജീവിതം എന്ന് സമൂഹത്തെ ബോധ്യപ്പെടുത്തിയ അപൂർവ്വ നിമിഷം.

ജന്മനാ സ്വവർഗ്ഗാനുരാഗികളായ മക്കളുണ്ടാവുകയും അക്കാരണത്താൽ  സമൂഹത്തിൽ വീർപ്പു മുട്ടികഴിയുന്ന ഒരുപാട് മാതാപിതാക്കൾക്ക് ഈ വിവാഹം ഒരു പ്രചോദനം ആയിട്ടുണ്ട് എന്ന് കരുതാം.

2022 ൽ പാരിസിൽ വച്ച് അവർ മോതിരം കൈമാറൽ നടത്തികഴിഞ്ഞപ്പോൾ മുതൽ അവരുടെ വിവാഹ ചടങ്ങുകളുടെ തയ്യാറെടുപ്പുകളും ആരംഭിച്ചു. പ്രശ്നങ്ങളും എതിർപ്പുകളും വകവയ്ക്കാതെ രണ്ടു പേരുടേയും മാതാപിതാക്കളുടെ അനുഗ്രഹവും പിന്തുണയോടും കൂടി 2024 മാർച്ച് 2 ന് ഡാളസ് ഫസ്ററ് യൂണൈററഡ് മെതോഡിസ്ററ് പള്ളിയിൽ ജർമിയുടേയും ജസ്ററിന്റേയും വിവാഹ ശിശ്രുഷകൾ നടന്നു. 100 ൽ പരം വർഷം പഴക്കമുള്ള മെതോഡിസ്ററ് പള്ളിയുടെ ചരിത്ര താളുകളിൽ ആദ്യത്തെ 'ഗേ' മാര്യേജ് എഴുതി ചേർക്കപ്പെട്ടു ജസ്ററിൻ സോഷ്യൽ വർക്കറായും ജർമി അറേറാർണി ആയും ഡാളസിൽ ജോലി ചെയ്യുന്നു.

അതിഥികൾക്ക് ഡാളസ് റെണയിൻസൻസ് ഹോട്ടലിൽ വിരുന്നു സൽക്കാരം ഒരുക്കിയിരുന്നു.  കലാ സാംസ്ക്കാരിക രംഗത്തു നിന്ന് ഒരുപാടു പേരുടെ വീഡിയോ ആശംസകളും പിന്തുണയും ഈ വിവാഹത്തിന് ലഭിച്ചു







# In Loving Memory of



Mrs. Mariamma Thomas & Mr. A. K. Thomas



**Mrs. Marykutty Thomas**
(Leelamma)



**Mr. Shinu George Simon**



**Mr. P. T. Mathew**
(Mathukutty)

## Best Wishes



**P. T. Thomas**

255 NORTH MAIN ST
Spring Valley NY 10977 ( 845) 352-9680, Spring Valley NY 10977 (845) 352-9680
pt@ptthomas.net

# പ്രവാസീ പ്രശ്നങ്ങൾ ഇന്ത്യൻ കോൺസുലേറ്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം: ന്യൂയോർക്ക് കോൺസൽ ജനറൽ ബിനയ പ്രധാൻ


മാത്യുക്കുട്ടി ഈശോ


ന്യൂയോർക്ക്: ഇന്ത്യൻ കോൺസുലേറ്റുമായി ബന്ധപ്പെട്ട പ്രവാസി ഇന്ത്യക്കാരുടെ പ്രശ്നങ്ങളും കോൺസുലേറ്റ് ഇടപെടേണ്ടതായ അവരുടെ വ്യത്യസ്തങ്ങളായ ആവശ്യങ്ങളും കോൺസുലേറ്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ സംഘടനാ നേതാക്കൾ മുൻകൈ എടുത്ത് പ്രവർത്തിക്കണമെന്ന് ന്യൂയോർക്ക് ഇന്ത്യൻ കോൺസുലേറ്റിൽ പുതുതായി ചുമതലയേറ്റ കോൺസൽ ജനറൽ ബിനയ ശ്രീകാന്ത പ്രധാൻ മലയാളീ സംഘടനാ നേതാക്കളോട് നേരിട്ടുള്ള അഭിമുഖത്തിൽ പറഞ്ഞു. കഴിഞ്ഞ ദിവസം പരിചയപ്പെടുവാനായി കോൺസുൽ ജനറലിനെ സന്ദർശിച്ച മലയാളീ സംഘടനാ നേതാക്കളായ അജിത് എബ്രഹാം (അജിത് കൊച്ചൂസ്), ബിജു ചാക്കോ, മാത്യുക്കുട്ടി ഈശോ, സിബി ഡേവിഡ്, രാജു എബ്രഹാം എന്നിവരോടായി ഇന്ത്യൻ സമൂഹത്തിന്റെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് സംസാരിക്കുമ്പോഴാണ് കോൺസൽ ജനറൽ ഇക്കാര്യം പറഞ്ഞത്. ആഫ്രിക്കയിൽ ടാൻസാനിയാ എന്ന രാജ്യത്തെ ഇന്ത്യൻ ഹൈ കമ്മീഷണർ ആയി 2021 മുതൽ 2024 ജനുവരി ആദ്യവാരം വരെ പ്രവൃത്തിച്ചതിന് ശേഷം ജനുവരി മദ്ധ്യത്തോടെ അദ്ദേഹം ന്യൂയോർക്കിൽ കോൺസൽ ജനറലായി ചുമതല ഏറ്റെടുക്കുകയായിരുന്നു. ടാൻസാനിയായിലെ മലയാളീ സമൂഹവുമായി നല്ല ബന്ധം സൂക്ഷിച്ചിരുന്ന പ്രധാൻ മലയാളികളെപ്പറ്റി വളരെ നല്ല അഭിപ്രായവും നല്ല അനുഭവവുമാണ് പങ്ക് വച്ചത്.

ഫെഡറേഷൻ ഓഫ് മലയാളീ അസ്സോസ്സിയേഷൻസ് ഇൻ അമേരിക്ക (FOMAA)-യുടെ സിവിക് & പൊളിറ്റിക്കൽ ഫോറം നാഷണൽ ചെയർമാനും നാസ്സാ യൂണിവേഴ്സിറ്റി മെഡിക്കൽ സെൻറർ ഡയറക്ടർ ബോർഡ് അംഗവുമായ അജിത് കൊച്ചൂസിന്റെ നേതൃത്വത്തിൽ കോൺസുലേറ്റുമായി ഏകോപിപ്പിച്ച കൂടിക്കാഴ്ചയിൽ വേൾഡ് മലയാളീ കൗൺസിൽ (WMC) ന്യൂയോർക്ക് പ്രൊവിൻസ് പ്രസിഡന്റും ഇന്ത്യൻ അമേരിക്കൻ മലയാളീ അസ്സോസ്സിയേഷൻ ഓഫ് ലോങ് ഐലൻഡ് സെക്രട്ടറിയുമായ ബിജു ചാക്കോ, വേൾഡ് മലയാളീ കൗൺസിൽ ഓ.സി.ഐ. ഫോറം (WMC OCI Forum) ഗ്ലോബൽ ചെയർമാനും ലോങ് ഐലൻഡ് മാർത്തോമ്മാ പള്ളി സെക്രട്ടറിയും മാധ്യമ പ്രവർത്തകനുമായ മാത്യുക്കുട്ടി ഈശോ, കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് പ്രസിഡന്റും കലാവേദി ചെയർമാനുമായ സിബി ഡേവിഡ്, കേരളാ കൾച്ചറൽ അസ്സോസ്സിയേഷൻ ഓഫ് നോർത്ത് അമേരിക്ക (KACANA)-യുടെ മുൻ പ്രസിഡൻറ് രാജു എബ്രഹാം എന്നിവർ ഒരു മണിക്കൂറിലധികം വിവിധ വിഷയങ്ങൾ കോൺസുൽ ജനറലുമായി സംവാദിച്ചു.

ഇന്ത്യൻ കോൺസുലേറ്റിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്നവരുടെ സേവനങ്ങൾ ഏറ്റവും സൗഹാർദ്ദപരമായും കൃത്യതയോടെയും സമയപരിധിക്കുള്ളിൽ ചെയ്തു നൽകുന്നതിന് ഉതകുന്ന രീതിയിൽ കോൺസുലേറ്റ് ഉദ്യോഗസ്ഥരെ രൂപപ്പെടുത്തിയെടുക്കുന്നതിനാണ് താൻ മുൻതൂക്കം നൽകുന്നത് എന്ന് അദ്ദേഹം പറഞ്ഞു. ഈ കോൺസുലേറ്റിന്റെ പരിധിയിൽ ഏകദേശം 25 ലക്ഷത്തോളം ഇന്ത്യക്കാർ ഉണ്ടെങ്കിലും, അഞ്ചു ലക്ഷത്തിൽ താഴെ മാത്രമേ ഓ.സി.ഐ.കാർഡ് ഉള്ളവരായി നിലവിലുള്ളൂ. അമേരിക്കൻ പൗരത്വം സ്വീകരിച്ച കൂടുതൽ പേരെ ഓ.സി.ഐ. കാർഡുകൾ എടുക്കുന്നതിന് സംഘടനാ നേതാക്കൾ എന്ന നിലയിൽ പ്രോത്സാഹിപ്പിക്കണം എന്നും അതിനായി അമേരിക്കൻ ഇന്ത്യാക്കാരെ ബോധവൽക്കരിക്കുന്നതിന് സംഘടനാ നേതാക്കൾ വിവിധ ഇടങ്ങളിൽ ഓ.സി.ഐ. ക്യാമ്പുകൾ ക്രമീകരിച്ചാൽ അതിനായി കോൺസുലേറ്റ് ഉദ്യോഗസ്ഥരെ അയക്കാമെന്നും അദ്ദേഹം ഉറപ്പു നൽകി.

**പഠനാർദ്ധം അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ വരുന്ന വിദ്യാർഥികളുമായി സമ്പർക്കം പുലർത്തുന്ന കാര്യത്തിൽ സംഘടനാ നേതാക്കൾ അൽപ്പം കൂടി കൂടുതൽ താൽപര്യവും ജാഗ്രതയും പുലർത്തണമെന്ന് കോൺസുൽ ജനറൽ അഭിപ്രായപ്പെട്ടു. നാട്ടിൽ നിന്നും വരുന്ന പല കുട്ടികളും മയക്കു മരുന്നിന് അടിമപ്പെടുന്നതായി ശ്രദ്ധയിൽപ്പെടുന്നുണ്ട് എന്ന് അദ്ദേഹം ആശങ്ക പങ്കു വച്ചു.**




HEDGE
BROKERAGE INC.
Life Insurance with Long Term Care
Disability Income
Business Overhead Expense Disability Insurance
10 Pay Life Insurance
Estate Planning
Advantage Index Universal Life S&P 500
Life Income Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com

ഗാർഹിക പീഠനം അനുഭവിക്കുന്നവരെ സംബന്ധിച്ചും അമേരിക്കയിൽ വച്ച് മരണപ്പെടുന്ന ഇന്ത്യക്കാരുടെ മൃതശരീരം നാട്ടിൽ എത്തിക്കുന്നതിനെക്കുറിച്ചും അജിത് കൊച്ചൂസ് പറഞ്ഞപ്പോൾ അങ്ങനെയുള്ളവരുടെ വിവരങ്ങൾ സംഘടനാ നേതാക്കളായ നിങ്ങൾ കോൺസുലേറ്റിൽ അറിയിച്ചാൽ അതിനുള്ള നടപടികൾ കാലതാമസം വരാതെ ചെയ്തു കൊടുക്കുവാൻ കഴിവതും ശ്രമിക്കാം എന്ന് സി.ജി. പറഞ്ഞു. മൃതശരീരം നാട്ടിലേക്ക് കൊണ്ടുപോകുന്നതിന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സാമ്പത്തികമായി സഹായിക്കുന്നതിനും ഒരു പരിധി വരെ കോൺസുലേറ്റിന് സാധിക്കും എന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ പാസ്സ്പോർട്ട് ഉള്ളവരുടെ ഭൗതിക ശരീരം നാട്ടിലേക്ക് കൊണ്ടുപോകുന്നതിനാണ് അധികം കാല താമസം ഇല്ലാതെ പേപ്പർവർക്ക് ചെയ്യുവാൻ സാധിക്കുന്നത്. അമേരിക്കൻ പൗരത്വം സ്വീകരിച്ചവരുടെ കാര്യത്തിൽ അതിനു കുറച്ചുകൂടി കാലതാമസം നേരിടാറുണ്ട്. ഗാർഹിക പീഠനം അനുഭവിക്കുന്നവർക്ക് നിയമ സഹായം നൽകുന്നതിന് കുറെ അറ്റോർണിമാരുടെ പാനൽ കോൺസുലേറ്റ് സൂക്ഷിക്കുന്നുണ്ടെന്നും ആവശ്യമനുസരിച്ച് അവർക്ക് താരതമ്യേന വളരെ കുറഞ്ഞ നിരക്കിൽ നിയമോപദേശവും സഹായവും ലഭിക്കുന്നതിന് കോൺസുലേറ്റ് സൗകര്യങ്ങൾ ചെയ്ത് കൊടുക്കുന്നതുമാണ്. കോൺസുലേറ്റിൽ വിവിധ ആവശ്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കുമ്പോൾ മൂന്നു ഡോളർ വീതം കൺസ്യൂമർ വെൽഫെയർ ഫണ്ടിലേക്ക് സ്വരൂപിക്കുന്ന തുകയിൽ നിന്നുമാണ് ഇത്തരം ആവശ്യങ്ങൾക്ക് സാമ്പത്തികം കണ്ടെത്തുന്നത്.

പഠനാർദ്ധം അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ വരുന്ന വിദ്യാർഥികളുമായി സമ്പർക്കം പുലർത്തുന്ന കാര്യത്തിൽ സംഘടനാ നേതാക്കൾ അൽപ്പം കൂടി കൂടുതൽ താൽപ്പര്യവും ജാഗ്രതയും പുലർത്തണമെന്ന് കോൺസുൽ ജനറൽ അഭിപ്രായപ്പെട്ടു. നാട്ടിൽ നിന്നും വരുന്ന പല കുട്ടികളും മയക്കു മരുന്നിന് അടിമപ്പെടുന്നതായി ശ്രദ്ധയിൽപ്പെടുന്നുണ്ട് എന്ന് അദ്ദേഹം ആശങ്ക പങ്കു വച്ചു. വിദ്യാർഥി സമൂഹം കോൺസുലേറ്റുമായി ബന്ധപ്പെടുവാനും കോൺസുലേറ്റിൽ നടക്കുന്ന വിവിധ പരിപാടികളിൽ അവരെ പങ്കെടുപ്പിക്കുവാനും നേതാക്കൾ ശ്രദ്ധിക്കണം. അവർക്കൊക്കെ എന്തെങ്കിലും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നെങ്കിൽ അത് കോൺസുലേറ്റിന്റെ ശ്രദ്ധയിൽ ഉടൻ കൊണ്ടുവരണമെന്നും അദ്ദേഹം അഭ്യർഥിച്ചു. ഒരുമണിക്കൂറിലധികമായ കൂടിക്കാഴ്ചക്ക് ശേഷം എല്ലാവരുമൊത്ത് ഫോട്ടോയ്ക്ക് പോസ്സ് ചെയ്തതിനു ശേഷമാണ് കോൺസുൽ ജനറൽ സംഘടനാ നേതാക്കളെ കോൺസുലേറ്റിൽ നിന്നും യാത്രയാക്കിയത്.






Blue Ocean Wealth Solutions
2200 Northern Blvd. Suite 200
East Hills, NY 11548
Ph: 516-326-7033
Cell: 516-902-4300
Fax: 516-326-7055
Slukose@financialguide.com
www.sabulukose.com

NAIFA

Member MDRT®

Blue Ocean Wealth Solutions

A member of the MassMutual Financial Group

**SABU LUKOSE, MBA**

Financial Services Representative
Financial Advisor
Registered Representa5ve
Platinum Conference
Member Million Dollar Round Table (MDRT)

Retirement Planning
Investment Strategies
Life Insurance
Education Funding
Business Solutions
Estate Conservation Strategies

☎ : 516-902-4300

MassMutual Financial Group is a marketing name for Massachusetts Mutual Life Insurance Company (MassMutual) and its affiliated companies and sales representatives. Sabu Lukose is a registered representative of and offers securities and investment advisory services through MSI Financial Services, Inc. Member SIPC. Some health insurance products offered by unaffiliated insurers. L0916477867[exp0717][AZ,IL,IN,KS,MA,MD,MI,NJ,NY,PA,TX] .



# യോങ്കേഴ്സ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ ആരംഭിച്ചു

**ഉമ്മൻ കാപ്പിൽ**

യോങ്കേഴ്സ് (ന്യൂയോർക്ക്): നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസ് പ്ലാനിംഗ് കമ്മിറ്റിയിൽ നിന്നുള്ള ഒരു സംഘം മാർച്ച് 3-ന് യോങ്കേഴ്സിലെ ലഡ്‌ലോ സ്ട്രീറ്റിലുള്ള സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു. ജോൺ താമരവേലിൽ (കോൺഫറൻസ് ഫിനാൻസ് കോർഡിനേറ്റർ), മാത്യു വർഗീസ് (റാഫിൾ കോർഡിനേറ്റർ), ഷിബു തരകൻ (ജോയിന്റ് സെക്രട്ടറി), രഘു നൈനാൻ, ഫിലിപ്പ് തങ്കച്ചൻ (ഫൈനാൻസ് കമ്മിറ്റി അംഗങ്ങൾ) എന്നിവരടങ്ങുന്നതായിരുന്നു കോൺഫറൻസ് ടീം. വിശുദ്ധ കുർബാനയ്ക്കുശേഷം ഇടവകയിൽ കോൺഫറൻസ് രജിസ്ട്രേഷന്റെ ഔദ്യോഗിക കിക്ക് ഓഫിനുള്ള യോഗമുണ്ടായിരുന്നു.

വികാരി ഫാ. ഫിലിപ്പ് സി. എബ്രഹാമിൻറെ അഭാവത്തിൽ ഫാ. ഗീവർഗീസ് വറുഗീസ് (ബോബി) കോൺഫറൻസ് ടീമിനെ ഇടവകയിലേക്ക് ഹാർദ്ദവമായി സ്വാഗതം ചെയ്തു. ഷിബു തരകൻ സമ്മേളനത്തിന്റെ മുഖ്യ ചിന്താ വിഷയം അവതരിപ്പിക്കുകയും കോൺഫറൻസിന്റെ മറ്റുവിശദാംശങ്ങൾ നൽകുകയും ചെയ്തു. മാത്യു വർഗീസ് സുവനീറും റാഫിളും സംബന്ധിച്ച വിവരങ്ങൾ പങ്കുവച്ചു. ജോൺ താമരവേലിൽ രജിസ്ട്രേഷൻ നടപടികൾ വിശദീകരിച്ചു. സ്പോൺസർ എന്ന നിലയിൽ പിന്തുണയ്ക്കാനുള്ള അവസരങ്ങളെക്കുറിച്ച് രഘു നൈനാൻ വിശദാംശങ്ങൾ നൽകി. ഫിലിപ്പ് തങ്കച്ചൻ കോൺഫറൻസിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വിനോദ പരിപാടികളെക്കുറിച്ച് സംസാരിച്ചു. രജിസ്ട്രേഷൻ, റാഫിൾ, സുവനീർ പരസ്യങ്ങൾ എന്നിവയിലൂടെ നിരവധി ഇടവക അംഗങ്ങൾ പിന്തുണ വാഗ്ദാനം ചെയ്തു. ഇടവകയെ പ്രതിനിധീകരിച്ച് ഇടവക ട്രസ്റ്റി വർഗീസ് മാമ്മൻ സമ്മേളനത്തിന് പിന്തുണ വാഗ്ദാനം ചെയ്തു.



കോൺഫറൻസ് 2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് നടക്കുന്നത്. സൺഡേ സ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മുദാറും, സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നൽകും.



'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തിലൂന്നി ''ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക'' (കൊലൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സെഷനുകൾ ഉണ്ടായിരിക്കും.



Registration link: http://tinyurl.com/FYC2024

കൂടുതൽ വിവരങ്ങൾക്ക് ഫാ. അബു പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914.806.4595) / ചെറിയാൻ പെരുമാൾ, കോൺഫറൻസ് സെക്രട്ടറി (ഫോൺ. 516.439.9087) എന്നിവരുമായി ബന്ധപ്പെടുക.





ഇ – മലയാളി വാരികയ്ക്ക്
ആശംസകൾ
ഡോ. കല അശോക്
ഫൊക്കാനക്ക് പുതിയ മേൽവിലാസം
നൽകിയ ജനറൽ സെക്രട്ടറി.
പ്രശസ്ത നർത്തകിയും കലാ–
സംസ്കാരിക പ്രവർത്തകയും.
ഫൊക്കാനയുടെ നാല് പതിറ്റാണ്ടിലെ
ആദ്യ വനിതാ ജനറൽ സെക്രട്ടറി.
2024–26 ലെ പ്രസിഡന്റ് സ്ഥാനാർഥി
Faith Studio
516 418 8406

# Classifieds



Buy & Sell

REAL ESTATE

## Bridegroom Wanted

### Bridegroom wanted

Catholic parents seeking alliance for their daughter, a 29, with a Doctorate in Pharmacy from the Washington State University in Seattle. She is beautiful, dedicated and compassionate, and is been working as Pharmacist for two years. We are looking for a well-educated, understanding, and caring life partner, preferably with a medical professional background, who is around 30-32 years, from RC or other Christian suitable denominations. We believe in the importance of compatibility, respect, and shared values in a marriage.

Pl contact us with your son's details and recent photographs at **lalithundiyil@yahoo.com**

### Bride Wanted

Marthomite parents of Physician Associate (PA) 28 born and brought up in the US, seek alliance from qualified girls (ages between 25 to 28) from any Christian denominations. He is 6" tall and works in New York.
Interested parties please call 1-917-900-2123 or email info@medialogistics.us

### Bride groom Wanted

Marthomite parents of doctor, 26 born and brought up in the US, seek alliance from professionally qualified boys (ages between 26 to 29) from any Christian denominations. She is fair, 5"4" tall and family oriented and now works in New Jersey. Interested parties please call 1-917-900-2123 or email info@ media logistics .us

### Seeking Bride

B.Tech engineer, mechanical, now working in Dubai Working as a Quality Management System Administrator in Premier Composite Technologies, seeks alliance from girls, any denomination. He belongs to an Orthodox family in Wadakanchery, Thrissur. Age: 26; DOB: 26.01. 996; Weight: 61 kg; Height: 172 cm. Complexion: medium

Contact: 845 300 6781

## Real Estate

REAL ESTATE

3 BHK New Luxury Apartment In Trichur Town (Near Round)

Contact – 9846128822

### പത്തനംതിട്ടയിൽ ഭൂമി വിൽപനയ്ക്ക്

പത്തനംതിട്ട കാതോലിക്കേറ്റ് കോളജിനു സമീപം 25 സെന്റ് സ്ഥലം വിൽപനയ്ക്ക്. വില്ലകളോ ഫ്ലാറ്റുകളോ നിർമ്മിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം.
കാതോലിക്കേറ്റ് കോളേജ് റോഡിന്റെ സൈഡിലും പത്തനംതിട്ട-ഓമല്ലൂർ റോഡിൽ നിന്ന് മീറ്റർ ഉള്ളിലാണ് കോമ്പൗണ്ട് വാൾ ഉണ്ട് . ദയവായി ബന്ധപ്പെടുക (516) 5031735.

Land for sale in changanacherry

Changanacherry: 28 Cents of prime land with about 25 meter frontal access to main bypass road and within walkable distance of town/railway, bus stations, schools, colleges, hospitals & places of worship. Suitable for commercial / residential projects – available for sale.

This portion of the land is part of larger 58 cent plot with a ancestral house of 4500 Sq.ft with separate entrance. Genuine buyers only - do contact at: Contact: +971552625657 email: plotcgy@gmail.com

### വരനെ ആവശ്യമുണ്ട്

ഹിന്ദു യുവതി, Bsc Nurse, വർക്ക് പെർമിറ്റ്, 39 വയസ്സ്, അവിട്ടം '5'1'. ഇരുനിറം. പുനർവിവാഹം. ബാധ്യതകളില്ല. ജാതി സാമ്പത്തികം പ്രശ്നമില്ല. US citizens only

Contact - 215-880-3341
or vincentemmanuel @aol.com





Established in 1993
Indian School of Culture, Languages and Arts
P.O Box 521, White Plains, N. Y. 10602

## MALAYALAM THROUGH ENGLISH

*by:*




### Dr. James Kurichi

This 358-page book in 32 lessons teaches the English-speaking population to read, write, and speak Malayalam language.
It will be of enormous help to the descendants of Malayalee immigrants.
The best gift Malayalee immigrants can make to their children and grandchildren.

To purchase the book

email: malayalamthroughenglish@gmail.com

MUKKUT
MONUMENTS INC.

PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com










We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# നിര്യാതരായി



**അമ്മിണി ചാക്കോ**

ഡാളസ്:ചെങ്ങന്നൂർ കല്ലിശ്ശേരി മേലയിൽ എം. സി. ചാക്കോയുടെ (കുഞ്ഞുമോൻ) ഭാര്യ അമ്മിണി ചാക്കോ (78) ഇരവിപേരൂർ സെന്റ് ജോൺസ് ഹൈസ്കൂൾ റിട്ട. അധ്യാപിക) ഡാലസിൽ അന്തരിച്ചു. ഇരവി പേരൂർ കോയിപ്പുറത്തുപറമ്പിൽ കെ.ഒ.തോമസിന്റെയും മറിയാമ്മ തോമസിന്റെയും മകളാണ് പരേത. മക്കൾ: പരേതയായ മിനി ചാക്കോ, പരേതനായ മനോജ് ചാക്കോ, വിനോദ് ചാക്കോ (യുഎസ്), മഞ്ചേഷ് ചാക്കോ (യുഎസ്). മരുമക്കൾ: മിൽസി മനോജ്, ക്രിസ്റ്റി ചാക്കോ, സ്റ്റെഫി ചാക്കോ (എല്ലാവരും ഡാളസ്, യുഎസ്).1995 മുതൽ 2000 വരെ പഞ്ചായത്തു മെംബറായിരുന്നു.



**മാത്യു പി. മാത്യൂസ്**

ഡാളസ്: ചെങ്ങന്നൂർ ഇടയാറൻമുള പുതുപ്പള്ളിൽ വീട്ടിൽ പാസ്റ്റർ പി.എം. മാത്യു - സൂസമ്മ ദമ്പതികളുടെ മകൻ മാത്യു പി. മാത്യൂസ് (സാബു - 50) മാർച്ച് 5-ന് ഹൃദയാഘാതം മൂലം ഡാളസിൽ അന്തരിച്ചു. കോന്നി സ്വദേശി ബിന്ദുവാണ് ഭാര്യ. മക്കൾ: സാറാ, ഹന്നാ, ജോഷ്വ .സാബുവിന് രണ്ട് സഹോദരൻമാരും, ഒരു സഹോദരിയും ഉണ്ട്. പിതാവ് ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭയിലെ ചെങ്ങന്നൂർ സെന്ററിലെ ശുശ്രൂഷകൻ ആണ്. റെസ്റ്ററേഷൻ ചർച്ച് ഓഫ് നോർത്ത് സെൻട്രൽ ടെക്സാസ് അംഗവും ഫെലോഷിപ്പ് വിഭാഗം ഡീക്കനും ആയി സേവനം ചെയ്ത് വന്നിരുന്നു.ഡാളസിൽ സ്ഥിരതാമസമായിരുന്നു.



**അമ്മിണി ഇടിക്കുള**

ന്യൂവിംഗ്ടൺ, കണക്ടിക്കട്ട്: കല്ലിശേരി കൊച്ചു പുരയ്ക്കൽ പരേതനായ ഇടിക്കുള തോമസിന്റെ പത്നി അമ്മിണി ഇടിക്കുള (82) കണക്ടിക്കട്ടിൽ അന്തരിച്ചു. മക്കൾ: മിനി തോമസ്, മനോ ജേക്കബ്, തോമസ് ഇടിക്കുള. മരുമക്കൾ: റിട്ട. ബാങ്ക് മാനേജർ ടി.ജി. തോമസ്, റിട്ട. ഫെഡറൽ ഉദ്യോഗസ്ഥൻ റെജു ജേക്കബ്, ഫാർമസിസ്റ്റ് മഞ്ജു ഇടിക്കുള. ആറു കൊച്ചുമക്കളും ഒരു ഗ്രേറ്റ് ഗ്രാൻഡ് ചൈൽഡുമുണ്ട്.


**കെ.ജെ.അലക്സാണ്ടർ**

പനയമ്പാല:വെട്ടിക്കുന്നേലായ അണ്ണായിക്കണ്ണത്തിൽ കണ്ണംകുളത്ത് കെ.ജെ.അലക്സാണ്ടർ (അനിയൻ,82) അന്തരിച്ചു. മക്കൾ: ബിജു (ദുബായ്), ബിനു (യുഎസ്), ബിന്ദു ക്കുട്ടി.



**ശോശാമ്മ മാമ്മൻ**

സാൻഅന്റോണിയോ (ടെക്സാസ്): സതീഷ് മാമ്മന്റെ ഭാര്യ ശോശാമ്മ മാമ്മൻ (മണി- 72) സാൻ അന്റോണിയോയിൽ അന്തരിച്ചു.ടാറ്റ മെയിൻ ഹോസ്പിറ്റൽ സ്കൂൾ ഓഫ് നഴ്സിംഗിൽ നിന്ന് ബി.എസ്സി നഴ്സിംഗ് ബിരുദം നേടി. ജംഷഡ്പൂരിലെ ടാറ്റ മെയിൻ ഹോസ്പിറ്റലിൽ കുറച്ചു കാലം ജോലി ചെയ്തു.30 വർഷം യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ സേവനമനുഷ്ഠിച്ചു. മൂത്തമകൻ പ്രവീൺ മാമ്മനും ഭാര്യ സൈറ മാമ്മനും; ഇളയ മകൻ പ്രകാശ് മാമ്മൻ; 3 പേരക്കുട്ടികൾ, എലീഷ, നെഹെമിയ, ഷെക്കീന മാമ്മൻ. സഹോദ രർ: ജേക്കബ് (തമ്പി) വറു ഗീസ്; വൽസമ്മ വറുഗീസ്; സുജ വർഗീസ്, തോമസ് വറുഗീസ



**വന്ദ്യ. ലാസറസ് റമ്പാൻ കോർ എപ്പിസ്കോപ്പ**

അയിരൂർ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ യുകെ യൂറോപ്പ് - കാനഡ ഭദ്രാസനങ്ങളുടെ അധിപനായിരുന്ന അഭി. ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തയുടെ സഹോദരൻ വന്ദ്യ. ലാസറസ് റമ്പാൻ കോർ എപ്പിസ്കോപ്പ (91) കാനഡയിൽ അന്തരിച്ചു. അയിരൂർ കുറ്റിക്കണ്ടത്തിൽ കുടുംബാംഗമാണ്.

**അഡ്വ.സി.ജെ.ജോസ്**

തെള്ളകം:ചെറുവള്ളിൽ അഡ്വ.സി.ജെ.ജോസ് (66) അന്തരിച്ചു. ഭാര്യ: പൈക തുങ്കുഴി റോസമ്മ തോമസ് മക്കൾ: ജീനോ ജോസ് (എൻജിനീയർ മൈക്രോൺ ഹൈദരാബാദ്), ഡോ. മെറിൻ ജോസ്.



**സീമ കുര്യൻ**

ഓഷവ: ഒന്റാരിയോയിലെ ഓഷവയിൽ, കോഴിക്കോട് കല്ലാനോട് സ്വദേശി ജോമോൻ വടക്കേലിന്റെ ഭാര്യ സീമ കുര്യൻ (45) അന്തരിച്ചു. ജൊവാനാ വടക്കേൽ, റിയോൻ വടക്കേൽ എന്നിവർ മക്കളാണ്.ദുർ ഹം റീജിയണിൽ നഴ്സ് ആയിരുന്നു.



**ഡോ. ഫ്രാൻസീസ് ഏബ്രഹാം**

മിനിയാപൊളിസ്: ഡോ. ഫ്രാൻസീസ് ഏബ്രഹാം (79) മിനിയാപോളിസിൽ അന്തരിച്ചു.



**ചിന്നമ്മ തോമസ്**

ന്യു ജേഴ്സി: ചെങ്ങന്നൂർ പുത്തൻകാവ് തട്ടയിൽ തോമസ് വർഗീസിന്റെ (തോമസ് കുട്ടി) ഭാര്യ ചിന്നമ്മ തോമസ് (80) ന്യൂജേഴ്സിയിൽ അന്തരിച്ചു. പരേത കുടശനാട് തെറ്റിവിള കിഴക്കേതിൽ കുടുംബാംഗമാണ്. മക്കൾ: ബിന്ദു, ബിന.സഹോദരർ: മേരിക്കുട്ടി ജോർജ്, അമ്മിണി വർഗീസ്, പരേതയായ ഓമന വർഗീസ് (ഇന്ത്യ) ജോർജ് വർഗീസ്, ഡോളി തോമസ് (യു.എസ്).

**മേരിക്കുട്ടി സഖറിയാസ്**

ഏറ്റുമാനൂർ:കേരള ട്രഷറി വകുപ്പ് റിട്ട. സൂപ്രണ്ട് ആനാത്തിൽ മേരിക്കുട്ടി സഖറിയാസ് (85) അന്തരിച്ചു. ഭർത്താവ്: പരേതനായ പി.ഡി.സഖറിയാസ്. മക്കൾ: ഡോ. ബേബി നെബു സഖറിയാസ്, അനിൽ നെൽസ് സഖറിയാസ് (റിട്ട. സീനിയർ സൂപ്രണ്ട് കേരള വനംവകുപ്പ്), ഡോ. ആനി നെറിൻ സഖറിയാസ് (കേരള ഹോമിയോ വകുപ്പ് റിട്ട.), അനീറ്റ നീബ സഖറിയാസ്.




**ഡോ. പാർവതി കൃഷ്ണവാര്യർ**

അരിസോണ: പ്രമുഖ മലയാള ഭാഷാ പണ്ഡിതനും എഴുത്തുകാരനുമായിരുന്ന എൻ. വി. കൃഷ്ണവാര്യരുടെ മകൾ ഡോ. പാർവതി കൃഷ്ണവാര്യർ (73) അരിസോണയിലുണ്ടായ കാർ അപകടത്തിൽ മരിച്ചു.ഭർത്താവ് പരേതനായ ഡോ. എൻ.വി. ഉണ്ണികൃഷ്ണ വാരിയർ (റിട്ട. മേധാവി, ശ്വാസകോശരോഗ വിഭാഗം, കോഴിക്കോട് മെഡിക്കൽ കോളേജ്). കോഴിക്കോട് മെഡിക്കൽ കോളജ് റിട്ട. വൈസ് പ്രിൻസിപ്പലായിരുന്നു.

**സി.ജി.കമലമ്മ**

മണർകാട്:സി. ജി.കമലമ്മ (90) അന്തരിച്ചു. ഭർത്താവ്: പരേതനായ പി.ശിവശങ്കരൻ നായർ. മക്കൾ: ജയശ്രീ എസ്.നായർ (മല്ലപ്പള്ളി സർവീസ് സഹ കരണ ബാങ്ക് കീഴ്വായ്പൂർ ബ്രാഞ്ച് മാനേജർ), എസ്.ജയചന്ദ്രൻ (കോട്ടയം താലൂക്ക് എൻഎസ്എസ് യൂണിയൻ കമ്മിറ്റിയംഗം), എസ്.ജയപ്രകാശ്.



**തോമസ് മാത്യു**

കാൽഗറി: ചണ്ണപ്പേട്ട നെല്ലിമൂട്ടിൽ തോമസ് മാത്യു (കുട്ടപ്പൻ സാർ -76) അന്തരിച്ചു. ഭാര്യ ആച്ചിയമ്മ തോമസ് മക്കൾ: മനോജ് (ബിന്ദു) കുവൈറ്റ്, മഞ്ജു (റോയ് അലക്സ്) കാൽഗറി,മഹേഷ് (ലിജോ) ന്യൂജേഴ്സി. കൊച്ചുമക്കൾ - ജോനാഥൻ,ജെസ്സീക്ക,ജോയെന്ന ,ജയ്ക്ക്,ജെയ്, ജോയലി എന്നിവരാണ്.

**സുജ**

ചാഞ്ഞോടി: കോട്ടമുറിക്കൽ സുജ (48) അന്തരിച്ചു. മുട്ടാർ മുണ്ടക്കൽ കുടുംബാംഗമാണ്. ഭർത്താവ്: ചാക്കോച്ചൻ. മക്കൾ: ബെൻ (കാനഡ), അലൻ, ആൽബിൻ.

**സി.ജെ.ജോൺ**

നട്ടാശേരി: മാരായിക്കുളത്തായ കുന്നത്തൈയ്യാട്ട് ചെപ്പന്നൂർ സി.ജെ.ജോൺ (തങ്കച്ചൻ, 87) അന്തരിച്ചു. ഭാര്യ: തൃക്കോതമംഗലം കോതകേരിയിൽ ഏലിയാമ്മ ജോൺ. മക്കൾ: റീനാ ബാബു, ജോൺ സി. ജോൺ, മിനോ ലിസ്ബത്ത്.



**റെയ്ച്ചൽ ജോർജ്**

കാൽഗറി : ആറന്മുള കരുവേലിൽ റെയ്ച്ചൽ ജോർജ് (പെണ്ണമ്മ - 95) കാൽഗറിയിൽ അന്തരിച്ചു. ചെങ്ങന്നൂർ മംഗലം മണ്ണൂർ കുടുംബാംഗമായ പരേതയുടെ ഭർത്താവ് അന്തരിച്ച ജോർജ് മാത്യു .മക്കൾ മേഴ്സി (ജോയ്ക്കുട്ടി),റോയ് (ശാലു), രെൻജി (സോഫി), ജോജി (ആനി) എന്നിവർ കാൽഗറിയിലും, ആനി(ജോൺ ) ഫോർട്ട് മാക് മറിയിലുമാണ്. കൊച്ചുമക്കൾ അരുൺ , അനൂപ് , പ്രിയങ്ക, അവിനാഷ്, അഞ്ജലി , അരുഷി , റഫേൽ ,റെയ്ച്ചൽ , ജോയൽ ,ലിയാ ,സേറ,ഐസയ്യ, ഹന്നാ എന്നിവരുമാണ്.

**കെ.എ.കുഞ്ഞമ്മ**

അതിരമ്പുഴ: അതിരമ്പുഴ സെന്റ് അലോഷ്യസ് റിട്ട. അധ്യാപിക കണ്ണാമ്പടത്തിൽ കെ.എ.കുഞ്ഞമ്മ (84) അന്തരിച്ചു. ഭർത്താവ്: എം. എം.കുട്ടപ്പൻ. മക്കൾ: ജോസിമ, ജോജു. മരുമക്കൾ: ഷാജി ജേക്കബ് കുന്നുങ്കൽ, റെജി കാനാത്ത്.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News